

കേരളപ്പിറവി
ദിനാശംസകൾ
ആദിശങ്കരൻ പിറന്ന
കേരളം
ബ്രഹ്മശ്രീ
ദ്വൈമാസിക
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2024 സെപ്തംബർ-ഒക്ടോബർ വാല്യം : 21 – ലക്കം : 5

# സപ്തതി



കോത്തല ശാഖാ മാലം താമരശേരി ഇല്ലത്ത് ബ്രഹ്മശ്രീ ടി വി നാരായണശർമ്മയുടെ (എംബിഎസ് കേന്ദ്ര പ്രസിഡന്റ്) സഹധർമ്മിണി ശ്രീമതി ഗീതാ എൻ. ശർമ്മയുടെ സപ്തതിയോട് അനുബന്ധിച്ച് കുടുംബാംഗങ്ങൾ 2024 സെപ്റ്റംബർ 29 നു ഇല്ലത്ത് ഒത്തു ചേർന്നപ്പോൾ.

2024 സെപ്തംബർ – ഒക്ടോബർ : വാല്യം 21 – ലക്കം 5

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
ദ്വൈമാസിക

ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്

## പത്രാധിപസമിതി

ഹരിമോഹൻ (ചീഫ് എഡിറ്റർ)
പുതുമന ഇല്ലം, കുറിച്ചി പി ഒ
ചങ്ങനാശേരി 686532 Ph : 9497465517

ടി വി നാരായണശർമ്മ (കേന്ദ്ര പ്രസിഡന്റ്)
താമരശേരി ഇല്ലം, മാലം പി ഒ
കോട്ടയം 686019, Ph : 9562356959

മോഹൻ കുമാർ പി എൻ (കേന്ദ്ര ജനറൽ സെക്രട്ടറി ഇൻ ചാർജ്)
പുതുമന ഇല്ലം, കുറിച്ചി പി ഒ
കോട്ടയം , Ph : 9447401027

ടി എൻ ബാബുകുമാർ (മാനേജിങ് എഡിറ്റർ )
ശ്രീമന, പുലിയന്നൂർ പി ഒ പാലാ 686573
Ph : 9446054154

ചന്ദ്രഗുപ്തൻ ഇളയത് (സബ് എഡിറ്റർ)
ചുള്ളിമംഗലത്ത് ഇല്ലം ചെമ്പ് പി ഒ
വൈക്കം 686608, Ph :9447869162

ഡോ. കെ എൻ ഹരികൃഷ്ണശർമ്മ
(സബ് എഡിറ്റർ)
കൈനിക്കര ഇല്ലം, മണലുങ്കൽ പി ഒ
കോട്ടയം 686503, Ph : 9847598896

അമ്പിളി പി താമരശേരി
(സബ് എഡിറ്റർ)
താമരശേരി ഇല്ലം മാലം പി ഒ
കോട്ടയം 686019, Ph : 9847989402

അരുൺ കീച്ചേരിൽ (അഡ്വർടൈസ്മെന്റ് )
കീച്ചേരിൽ ഇല്ലം മുരിക്കുംപുഴ പാലാ പി ഒ
കോട്ടയം 686575, Ph : 9446846461

വി എൻ ടി നമ്പൂതിരി (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി ഒ
തൃപ്പൂണിത്തുറ, എറണാകുളം 682306
Ph : 9447566168

Bank Account : **Indian Bank,** M.G. Road,
Ernakulam | A/c. No. **: 867897300,**
Account Name: **Brahmasree**
IFSC Code : **IDIB000M036**
email : **brahmasreembs@gmail.com**

സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

'വെള്ളപ്പളുങ്കു നിറമൊത്ത വിദഗ്ദ്ധ രൂപേ
കള്ളം കളഞ്ഞു കമാത്തിലെഴുന്നശക്തേ
വെള്ളത്തിലെ തിരകൾ തള്ളുംകണക്കെൻ
ഉള്ളത്തിൽ വന്നു വിളയാടുക സർവ്വ കാലം'.

പ്രിയ സമാജ സ്നേഹികളേ,

നവരാത്രി ആഘോഷങ്ങൾ കഴിഞ്ഞ് മണ്ഡലവ്രത കാലത്തെ വരവേൽക്കാനായി ഭക്തജന ഹൃദയം തയ്യാറായി കഴിഞ്ഞിരിക്കുന്നു. കലിയുഗ വരദന്റെ ശരണമന്ത്രങ്ങൾ മുഴങ്ങുന്ന ദിനരാത്രങ്ങൾക്കൊപ്പം നാഗമംഗലം ക്ഷേത്രമണ്ഡലച്ചിറപ്പുമായി എം ബി എസ് പുതുമകളിലേക്ക് കുതിക്കുന്നു.

തുലാവർഷ മഴയുടെയും ഇടിമിന്നലുകളുടെയും ഒഴുക്കിൽ കോലാഹലങ്ങൾ പലതും നാം മറക്കുന്നു. കേന്ദ്ര കാര്യാലയത്തിന്റെ അറ്റകുറ്റ പണികൾക്ക് ശേഷം പുതുതലമുറക്ക് ഉതകുന്ന സമാജ സംരംഭത്തിന്റെ പുതുമുഖവുമായി പ്രവർത്തനത്തിന് ഒരുങ്ങിയിരി ക്കുകയാണ് 'എം.ബി.എസ് സമൃദ്ധി'. ഇൻഷുറൻസ് മേഖലയിലൂടെ പ്രവർത്തിപഥത്തിലെ ത്തുന്ന കമ്പനിക്ക് സമാജബന്ധുക്കൾ നൽകുന്ന സഹകരണമാണ് വളർച്ചക്ക് കാരണമാകുക. ഏറെ പ്രതീക്ഷകളോടെയാണ് സമാജം പ്രവർത്തിക്കുന്നത്.

കുട്ടികൾക്ക് മേളകളുടെയും കലോത്സവങ്ങളുടെയും കാലമാണല്ലോ ഇത്. എല്ലാ കാലത്തും കുട്ടികളുടെ വാസനകളെ പരിപോഷിപ്പിക്കാൻ തുടങ്ങിയ മേളകൾ ഇന്ന് വാശിയുടെയും സ്ഥാന മോഹത്തിന്റെയും വേദികളാകുന്നു. പണം മുടക്കി വാസനകൾ ഉണ്ടാക്കുന്നതിനേക്കാൾ എത്രയോ മനോഹരമാണ് സ്വതസിദ്ധമായ കഴിവുകൾ. അവക്ക് അൽപ്പം തേച്ചു മിനുക്കലും കൂടി ആയാൽ കേമം. (എന്നാൽ ഇന്ന് കുട്ടികളിൽ കണ്ടുവരുന്ന ഒരു രീതി എന്തെന്നാൽ ഈ തരത്തിലുള്ള കലാ, കായിക, ശാസ്ത്രമേളകൾ എന്തോ വലിയ പുച്ഛമായ വയാണെന്നാണ്.) പക്ഷേ ഇവയെല്ലാം മാറി സ്വന്തം കഴിവിലുള്ള ആത്മവിശ്വാസത്തോടെ കുട്ടികൾ ഇനിയും മുൻപോട്ട് വരട്ടെ എന്ന് പ്രാർത്ഥനയോടെ

നാരായണൻ (ഹരി മോഹൻ)
പത്രാധിപർ

ഉപദേശകസമിതി
നാരായണ ശർമ്മ, അഡ്വ. വിജി വി. നമ്പൂതിരി
വലിയകുന്നം ഹരികുമാരൻ നമ്പൂതിരി

Layout & Printing
S.N.Nampoothiri, Essence Creations, Kottayam

ലേഖനം

# ചോഴികളി

ജയദേവൻ പി.

ശിവ ഭഗവാന്റെ ഭൂതഗണങ്ങളായ ചോഴിയും കാലനും ചിത്രഗുപ്തനും അടക്കമുള്ളവർ ധനു മാസത്തിലെ മഞ്ഞുപെയ്യുന്ന രാത്രികളിൽ നാട്ടിട വഴികളിലെ ചീവിടുകളെ പോലും പ്രകമ്പനം കൊള്ളിച്ച് കൂകിയും ആർപ്പുവിളിച്ചും അസുര വാദ്യങ്ങൾ ഉണർത്തിയും ശിവഭഗവാന്റെ പിറന്നാളായ ധനുമാസത്തിലെ തിരുവാതിരയ്ക്ക് തലേന്ന് മകയിരം നാളിൽ ഇറങ്ങുന്ന പതിവുണ്ട് വള്ളുവനാട്ടിൽ. 'ഇതിനെയാണ് മുത്തിയും ചോഴിയും ഇറങ്ങുക' എന്ന് വിശേഷിപ്പിക്കുന്നത്.

വീടുകളിൽ ചോഴിയെ വരവേൽക്കാൻ പ്രത്യേകം ഒരുക്കങ്ങൾ തന്നെയുണ്ട്. മുറ്റം അടിച്ചുവാരി ചാണകം മെഴുകിയിട്ട് നിലവിളക്കും, ദശപുഷ്പവും, അഷ്ടമംഗല്യത്തോടു കൂടി വരവേൽക്കുവാനും അവർക്കു നൽകുവാനായി ഇളനീരും, മുറുക്കാനും, നാണയങ്ങളും ഒരുക്കിവെയ്ക്കും.

ചോഴിയും മുത്തിയും വരുന്നത് രാത്രി വളരെ ഇരുട്ടി ആയതിനാൽ മാലോകരെല്ലാം ഉറങ്ങിയിരിക്കും. അവരെ ഉണർത്തുവാൻ കൂകിവിളിച്ചും അട്ടഹസിച്ചും ആണ് ചോഴി വരുന്നത്. പടിപ്പുര മുതൽ കൂകിവിളിച്ച് വരവറിഞ്ഞു കഴിഞ്ഞാൽ വീട്ടിലെ കാർന്നവ സ്ത്രീയും മറ്റ് കുടുംബാംഗങ്ങളും നിലവിളക്കും അഷ്ടമംഗല്യവുമായി ചോഴിയെ വരവേൽക്കും.

മുഷിഞ്ഞ നേരിയതും അലക്കി തേഞ്ഞ കുപ്പായവും ശരീരത്തിന്റെ തന്നെ ഭാഗമായി തീർന്ന ഊന്നുവടിയും കുത്തി പൂർണ്ണ ഗർഭിണിയായാണ് മുത്തിയുടെ വരവ്. മുത്തിയുടെ തന്നെ മക്കളായ ചോഴികൾ വാഴച്ചപ്പുലകൊണ്ട് ശരീരമാകെ മൂടികെട്ടിയും മുഖം മറച്ചും ആണ് വരുന്നത്. മുത്തി തന്റെ മക്കളോട് പാട്ടുപാടി കളിക്കാൻ പറയുകയും അതിനോടൊപ്പം ചെറിയ നൃത്തച്ചുവടുകളോടുകൂടി കളി തുടങ്ങുന്നു.

ആ തത്തെ ഈ തത്തെ കുട്ടി തത്തെ
എങ്ങോട്ടു പോയതാണെന്റെ തത്തെ
അമ്മൂമ്മെ കാണുവാൻ പോയതാണെ.
അമ്മൂമ്മ എന്തെല്ലാം തന്നു തത്തെ
മുന്നാഴി നെല്ലിന്റെ മുത്തവിലും
അഞ്ജന കൂരുവും വറുത്തുതന്നു.
ആനന്ദത്തോടെ വസിച്ചു തത്ത
തിക്കിതിരക്കി മതിലകം പൂണ്ടപ്പോൾ
രാജകുമാരിടെ താലിപോയി.
കരയണ്ട പെണ്ണെ പിണങ്ങണ്ട പെണ്ണെ
താലിക്കു താലി ഞാൻ പണിയാം.
മാനം തെളിയട്ടെ മകരം പിറക്കട്ടെ
പാടത്തെ ചേറെല്ലാം പൊടിയാകട്ടെ
തട്ടാനെ വിളിക്കണം പൊൻതൂക്കി പണിയണം
താലിപണിയണം തത്തമയ്ക്ക്.

പാട്ടിന്റെ പകുതിയിൽ കളിയുടെ ചുവടു നിർത്തി മുത്തി പൂമുഖ കോലായിലേക്ക് ഇരിക്കുന്നു. വീട്ടിലെ കാർന്നവ സ്ത്രീയുമായി നർമ്മ സല്ലാപത്തിലേർപ്പെടുന്നതിനോടൊപ്പം കോലായിലിരിക്കുന്ന കുട്ടികളിലൊന്നിനെ മടിയിലിരുത്തി താലോലിക്കുന്നു.

കാർന്നവസ്ത്രീ : ഇപ്രാവശ്യം മുത്ത്യേമ എന്തെ ഇത്ര വൈകിയേ?

മുത്തി : കുറച്ചു വൈകി. വയസ്സായില്ലേ.

കാർന്നവസ്ത്രീ : ഇത്ര വയസ്സായിട്ടും ആരാ ഈ പണിപറ്റിച്ചെ (ഗർഭിണി)

മുത്തി : അതൊക്കെ പറ്റി

കാർന്നവസ്ത്രീ : മുത്തിയ്ക്ക് എത്ര മക്കളാ?

മുത്തി : ഇതൊക്കെ എന്റെ മക്കളാ.

മുത്തിയമ്മയ്ക്ക് ദാഹിക്കുന്നു. ദാഹം തീർക്കാൻ ഒന്നും ഇല്ലെ. കാർന്നവസ്ത്രീ കൊടുക്കുന്ന ഇളനീർ കുടിക്കുന്ന മുത്തിയുടെ കൈ ആരോ കടന്നു പിടിക്കുന്നു. തിരിഞ്ഞു നോക്കുന്ന മുത്തി കയ്യിൽ കയറും വലിയ ഉലക്കയുമായി കറുത്ത വസ്ത്രവും ഭീകരമായ മുഖംമൂടിയും ധരിച്ച 'കാലൻ' വാ നമുക്ക് പോകാൻ സമയമായി എന്ന് ആജ്ഞാപിക്കുന്നു.

കൈയ്യിൽ കടന്നുപിടിക്കുന്ന കാലന്റെ കൈ തട്ടിമാറ്റി ദാഹം തീർത്തുകൊണ്ടിരിക്കുന്ന മുത്തിയുടെ കഴുത്തിൽ കയറിടാൻ കറുത്ത വസ്ത്രം അണിഞ്ഞ് തിളങ്ങുന്ന മാലയും കിരീടവും ധരിച്ച ചിത്രഗുപ്തൻ, കാലനെ ഓർമ്മിപ്പിക്കുന്നു. കാലൻ വീണ്ടും കയറിടാൻ ശ്രമിക്കുന്നു. കാലനെ ഊന്നുവടികൊണ്ടു തട്ടിമാറ്റി മുത്തി പറയുന്നു. 'എനിയ്ക്ക് എന്റെ കുട്ട്യോളുടെ കൂടെ പാട്ടുപാടി കളിക്കണം' എന്ന് പറഞ്ഞുകൊണ്ട് ചോഴികളുടെ ഇടയിലേയ്ക്ക് ഇറങ്ങിചെന്ന് കളി തുടങ്ങുന്നു. ഈ സമയം കാലൻ പൂമുഖത്തിരിക്കുന്ന കുട്ടികളെ ഉലക്കകൊണ്ട് കുത്താൻ ശ്രമിച്ചും ഭീകരമായ ശബ്ദത്താൽ അട്ടഹസിച്ചും മുഖംമൂടി കാണിച്ചും പേടിപ്പിക്കുകയും ചെയ്യുന്നു.

കളിക്കിടയിൽ മുത്തി വീണ്ടും അവശയായി പൂമുഖത്തേയ്ക്ക് കയറുന്നു. ചിത്രഗുപ്തൻ എഴുത്താണികൊണ്ട് എഴുത്തോലയിൽ എന്തൊക്കെയോ കുത്തിക്കുറിച്ച് കാലനെ വീണ്ടും ഓർമ്മിപ്പിക്കുന്നു. കാലൻ മുത്തിയുടെ കഴുത്തിൽ കയറിടാൻ നോക്കുന്നു. മുത്തി വീണ്ടും തട്ടി മാറ്റിക്കൊണ്ട് എനിക്കൊന്നു മുറുക്കണം എന്ന് പറഞ്ഞുകൊണ്ട് കാർന്നവസ്ത്രീയിൽ നിന്ന് മുറുക്കാൻ ചെല്ലം വാങ്ങി നാലുംകൂട്ടി മുറുക്കുന്നു.

ചിത്രഗുപ്തൻ വീണ്ടും കാലനെ എഴുത്തോല കാണിച്ച് ഓർമ്മിപ്പിക്കുന്നു. 'സമയമായി' കാലൻ കയറ് മുത്തിയുടെ കഴുത്തിൽ ഇടുന്നു. മുത്തിയെയും കൊണ്ട് പോകുന്നു. ഒപ്പം കൂകി വിളിച്ച് ചോഴികളും പോകുന്നു.

**അനുബന്ധം**

വള്ളുവനാടിൽ മുഴുവൻ കൊണ്ടാടിയിരുന്ന ഒരു അനുഷ്ഠാനകല ആയിരുന്നു ചോഴികളി. അതു ചുരുങ്ങി ചുരുങ്ങി ചില പ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങി കൂടികൊണ്ടിരിക്കുന്നു. കാലന്റെ കയറിടൽ മുത്തിയെ മാത്രം അല്ല ചോഴികളിയെയും ബാധിച്ചു തുടങ്ങിയിരിക്കുന്നു.

* ചോഴികളി തിരുവാതിരയ്ക്ക് മാത്രമല്ല പാമ്പിൻ തുള്ളലിൽ ഭൂതക്കളം ദിവസം ചോഴി കെട്ടുന്ന പതിവുണ്ട്. അതും ശിവഭഗവാന്റെ ഭൂതഗണങ്ങൾ എന്ന സങ്കൽപ്പത്തിൽ തന്നെയാണ്.

അതു പോലെ വയനാടിന്റെ വടക്കുഭാഗത്തെ ആദിവാസി സമൂഹങ്ങളിൽ ചോഴി കളിക്കുന്ന പതിവുണ്ട്.

* കാലൻ പിടിക്കാൻ വരുമ്പോൾ കൈ തട്ടിമാറ്റുന്ന മുത്തി ജീവനത്തോടുള്ള അകമഴിഞ്ഞ ആഗ്രഹത്തെയാണ് സൂചിപ്പിക്കുന്നത്.

* മുത്തിയ്ക്ക് എത്ര മക്കളുണ്ടെന്ന് ചോദിക്കുമ്പോൾ ഇതെല്ലാം എന്റെ മക്കളാണെന്ന് പറയുന്ന മുത്തി (മാലോകർ) അമ്മയുടെ മനസ്സിന്റെ വാത്സല്യത്തെയാണ് സൂചിപ്പിക്കുന്നത്.



കൂത്താട്ടുകുളം ശാഖാ കീഴേട്ട് ഇല്ലത്ത് രുക്മിണി അന്തർജനത്തിന്റെ അടിയന്തരാദി ക്രിയകളോട് അനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന പുത്രൻ ദാമോദരൻ ഇളയത് കേന്ദ്ര സമിതി അംഗം ശ്രീകുമാറിന് കൈമാറുന്നു



ബ്രാഹ്മണസഭ സംസ്ഥാന അദ്ധ്യക്ഷൻ എച്ച്. ഗണേഷിനെ കേന്ദ്ര ജനറൽ സെക്രട്ടറി മോഹൻ കുമാർ ആദരിയ്ക്കുന്നു

## കേന്ദ്ര കൗൺസിൽ യോഗം

**മലയാള ബ്രാഹ്മണ സമാജം കേന്ദ്ര കൗൺസിൽ യോഗം 2025 ജനുവരി 26 ഞായറാഴ്ച രാവിലെ 11 മുതൽ കോട്ടയത്ത് വച്ച് നടത്തുന്നു. യോഗസ്ഥലം അംഗങ്ങളെ നേരിട്ട് അറിയിക്കുന്നതാണ്. പൂർണമായും ചർച്ചകൾക്ക് വേണ്ടിയാണ് ഇത്തവണ കേന്ദ്ര കൗൺസിൽ വിളിച്ചു ചേർത്തിരിക്കുന്നത്. മുഴുവൻ കേന്ദ്ര കൗൺസിൽ അംഗങ്ങളും ഉപേക്ഷ വിചാരിക്കാതെ കൃത്യമായി പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നോട്ടീസും മറ്റു വിവരങ്ങളും അംഗങ്ങളെ നേരിട്ട് അറിയിക്കുന്നതാണ്.**

**ജനറൽ സെക്രട്ടറി**



മണിമല ആലപ്ര അറവികുളത്ത് ഇല്ലത്ത് മേഘയുടെ വേളിയോട് അനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന ശാഖാ ഹവിസ്സ് കോ ഓർഡിനേറ്റർ വിശാൽ വിജയനു കൈമാറുന്നു



മണിമല തമ്പലക്കാട് കല്ലാർവേലി ഇല്ലത്ത് ഹരിപ്രിയയുടെ വേളിയോട് അനുബന്ധിച്ചു ഹവിസിലേയ്ക്കുള്ള സംഭാവന ശാഖ ഹവിസ് കോ ഓർഡിനേറ്റർ വിശാൽ വിജയമഠം ഏറ്റുവാങ്ങുന്നു.



മലയാള ബ്രാഹ്മണ സമാജം ചങ്ങനാശേരി ശാഖയുടെ കീഴിൽ തിരുവല്ല ഭാഗത്ത് ഗൃഹസന്ദർശനം നടത്തുകയും പുതുതായി 10 ഇല്ലങ്ങളും നാൽപ്പതോളം അംഗങ്ങളും സമാജത്തിന്റെ ഭാഗമായി. കേന്ദ്ര ജനറൽ സെക്രട്ടറി മോഹൻ കുമാർ, കേന്ദ്ര സമിതി അംഗം ചന്ദ്രഗുപ്തൻ ഇളയത്, ശാഖാ പ്രസിഡണ്ട് രാധ ബാലകൃഷ്ണൻ, ശാഖാ സെക്രട്ടറി ബാലകൃഷ്ണൻ നമ്പൂതിരി എന്നിവർ നേതൃത്വം നൽകി

ഓർമ്മക്കുറിപ്പ്

# എന്റെ കുട്ടിക്കാലം

(അവസാന ഭാഗം)

പ്രൊഫ. കെ. ബാലചന്ദ്ര ശർമ്മ,
മുൻ കേന്ദ്ര പ്രസിഡന്റ്

പത്താം ക്ലാസ്സ് വരെ ഉള്ള കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞല്ലോ. അന്നു 10 കഴിഞ്ഞാൽ പ്രീ യൂണിവേഴ്സിറ്റി കോഴ്സ് ആണ്. ഒരു വർഷത്തെ കോഴ്സ്. കോളേജിൽ ആണു അതു. എന്റെ ചേച്ചിയും ചേട്ടനും താമസം എറണാകുളത്ത് ആയതിനാൽ അവിടെ കോളേജിൽ ചേരാം എന്ന് അച്ഛൻ പറഞ്ഞു. അതിന് പ്രകാരം സെന്റ് ആൽബെർട്സ് കോളേജ് ഫോർ മെനിൽ അപേക്ഷ കൊടുത്തു.15 വയസ്സ് തികഞ്ഞില്ല എന്നതിനാൽ അവർ അപേക്ഷ സ്വീകരിക്കാൻ തയ്യാറായില്ല. അച്ഛൻ, അച്ഛന്റെ അനന്തിരവൻ കൂടി ആയ റെയിൽവേ എൻജിനിയർ അമ്പലപ്പുഴ നാഗമംഗലം നീലകണ്ഠ ശർമയെയും കൂട്ടി കേരള യൂണിവേഴ്സിറ്റിയിൽ പോയി, VC യെ കണ്ടു. അദ്ദേഹം സെക്ഷനിൽ ഒക്കെ ബന്ധപ്പെട്ട് ചർച്ച ചെയ്ത ശേഷം അഡ്മിഷൻ തരാൻ നിർവാഹമില്ല എന്ന് അറിയിച്ചു. നിരാശരായി ഞങ്ങൾ മടങ്ങി. വെറുതെ വീട്ടിൽ ഇരുന്നാൽ മടി പിടിക്കും എന്നതിനാൽ വീണ്ടും അച്ഛൻ St. Albert's College നേ സമീപിച്ചു. റെഗുലർ സ്റ്റുഡന്റ് അല്ലാതെ ഒരു കാഷ്വൽ സ്റ്റുഡന്റ് ആയി ക്ലാസിൽ ഇരുത്താൻ അച്ഛൻ അന്നത്തെ പ്രിൻസിപ്പാൾ Rev. Fr. Kaniyamburam അവർകളെ കണ്ട് അപേക്ഷിച്ചു. ഏതായാലും അദ്ദേഹം അത് സമ്മതിച്ചു, ഫീസ് ഒക്കെ കൊടുത്തു ചേർന്നു. ഒരേ ഒരു വ്യവസ്ഥ, നല്ലപോലെ പഠിച്ചു കൊള്ളണം, അടുത്ത വർഷം റഗുലർ സ്റ്റുഡന്റ് ആയി അഡ്മിഷൻ തരാം.

അങ്ങിനെ സെന്റ് ആൽബെർട്സ് കോളേജിൽ ഒരു casual വിദ്യാർഥി ആയി പഠനം തുടങ്ങി. ആരും കൂട്ടുകാർ ആയി ഇല്ല. താമസം ചേച്ചിയുടെയും അളിയന്റെയും കൂടെ അറ്റ്ലാന്റാ ഹോട്ടലിനു സമീപം ഒരു വാടക വീട്ടിൽ ആയിരുന്നു. ഇപ്പോൾ കൊച്ചി കപ്പൽ നിർമാണ ശാല നിൽക്കുന്ന സ്ഥലം. അവിടത്തെ താമസത്തെ കുറിച്ച് രണ്ടു വാക്ക് പ്രത്യേകം പറയണം. കക്കൂസ് പുറത്താണ്. കക്കുസിന്റെ താഴെ ഒരു പാട്ട വെച്ചിട്ടുണ്ട്. നമ്മൾ കളയുന്നതെല്ലാം ആ പാട്ടയിലേക്കാണ് വീഴുന്നത്. ദിവസവും ഒരു പ്രാവശ്യം അത് എടുത്തു കൊണ്ട് പോകുവാൻ മുനിസിപ്പാലിറ്റിയുടെ ജീവനക്കാർ വരും. അവരെ 'തോട്ടികൾ' എന്നാണ് വിളിക്കുന്നത്. വർഷങ്ങളായി അവർ ആ ജോലി ചെയ്യുന്നു. ഏതായാലും കുറച്ചു വർഷങ്ങൾക്കു ശേഷം പൂർണ്ണമായും ആ ജോലി നിർത്തലാക്കുകയും സെപ്റ്റിക് ടാങ്ക് കക്കൂസുകൾ ഉപയോഗത്തിൽ വരുകയും ചെയ്തു.

കുറച്ചുനാൾ മാത്രമേ അവിടെ താമസിച്ചുള്ളൂ. തൃപ്പൂണിത്തുറക്കു സമീപം പേട്ട എന്ന സ്ഥലത്ത് ഒരു പോറ്റിയുടെ വാടക വീട് കിട്ടി. അങ്ങോട്ട് മാറി. നല്ല അന്തരിക്ഷം. നമ്മുടെ കൂട്ട് പൂണൂൽ ഉള്ളവർ അയൽവക്കം, അതിനാൽ ജീവിതത്തിന് കുറച്ചുകൂടി സന്തോഷം വന്നു. ചേച്ചിക്കും ഒരു കൂട്ട് കിട്ടി. ഏകദേശം ഒരു കൊല്ലത്തോളം അവിടെ താമസിച്ചു. അവിടെ സെപ്റ്റിക് ടാങ്കുള്ള കക്കൂസ് ആയിരുന്നു. പേട്ട ജംഗ്ഷനിൽ നിന്നും ട്രാൻസ്പോർട്ട് ബസ്സിൽ കയറി കോളേജിന് മുൻപിൽ ഇറങ്ങും.

അന്ന് മിക്കതും മുക്കുള്ള, മുൻവശത്തേക്ക് നീണ്ട, ബസ്സുകൾ ആണ്. മുൻവശത്ത് ഡ്രൈവറുടെ സമീപത്ത് ഒരു സീറ്റ് ഉണ്ട്. ആർക്കും അതിനോട് താല്പര്യം ഇല്ല. എനിക്ക് ആ സീറ്റ് വലിയ ഇഷ്ടമാണ്. ആ സീറ്റ് ഒഴിവുണ്ടെങ്കിൽ ഞാൻ അവിടെ ഇരുന്ന് റോഡിലെ കാഴ്ചകൾ ഒക്കെ കണ്ട് കോളേജിൽ പോകും. അന്നും നിക്കറും ഷർട്ടും ആണ് വേഷം.

കോളേജിലെ കാര്യം. ആത്മാർഥമായി പഠിച്ചു കൊണ്ടിരുന്നു. എല്ലാ റെഗുലർ വിദ്യാർത്ഥികളെക്കാളും എല്ലാ വിഷയങ്ങൾക്കും ഏറ്റവും കൂടുതൽ മാർക്ക് എനിക്ക് ആയിരുന്നു. അച്ചന്മാർക്കൊക്കെ എന്നെ വളരെ ഇഷ്ടമായി. പ്രീ യൂണിവേഴ്സിറ്റിക്ക് എല്ലാ വിഷയങ്ങളും പഠിക്കണം. ആ വർഷത്തെ മോഡൽ പരീക്ഷക്ക് സയൻസ് വിഷയങ്ങൾക്കും 'എത്തിക്സ്'നും എനിക്ക് ഒന്നാം സമ്മാനം കിട്ടി. അന്നത്തെ കേരളാ ഗവർണ്ണർ ബഹുമാനപ്പെട്ട ശ്രീ വി വി ഗിരി ആണ് എനിക്ക് സമ്മാനം തന്നത്. തികച്ചും അഭിമാനം കൊണ്ട നിമിഷം !

ആയിടക്ക് നമ്മുടെ പർത്താനത്ത് ഇല്ലത്തെ ഇളയത് സർ അവിടെ ഗണിത ശാസ്ത്ര വിഭാഗത്തിൽ അധ്യാപകൻ ആയി വന്നു. അതും എനിക്കു അല്പം ആത്മ വിശ്വാസം കൂട്ടി.

അങ്ങിനെ ആ ഒരു വർഷം കടന്നു പോയി. ഇതിനിടെ അളിയൻ മറ്റൊരു വീട്ടിലേക്ക് താമസം മാറി. പേട്ടക്ക് സമീപം തന്നെ. അതുകൊണ്ട് കോളേജ് യാത്രക്ക് പ്രയാസം ഉണ്ടായില്ല അവിടെയും ഇരുന്ന് പഠിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നു.

വെക്കേഷനിൽ ഇരുന്ന് ഹിന്ദി പ്രചാര സഭയുടെ രാഷ്ട്ര ഭാഷ പരീക്ഷ പാസ്സായി. 1964 ജൂണിൽ വീണ്ടും റഗുലർ വിദ്യാർത്ഥി ആയി അവിടെ തന്നെ ചേർന്നു. പുതിയ ക്ലാസ്സ്, പുതിയ കൂട്ടുകാർ, അദ്ധ്യാപകർ മിക്കവരും പഴയതു തന്നെ. മിക്കവർക്കും എന്നെ അറിയാം. ക്ലാസ്സ് പരീക്ഷകൾക്കൊക്കെ നല്ല മാർക്കോടെ പാസ്സായി. ആ വർഷവും മോഡൽ പരീക്ഷക്കു കോളേജിൽ ഒന്നാമതായി സയൻസ് വിഷയങ്ങളിൽ പാസ്സായി. കോളേജ് ഡേക്കു മുഖ്യാതിഥിയിൽ നിന്നും സമ്മാനം നേടി. മാർച്ചിൽ യൂണിവേഴ്സിറ്റി പരീക്ഷ വന്നു. എന്തുകൊണ്ടോ വിചാരിച്ച രീതിയിൽ പരീക്ഷകൾ എഴുതുവാൻ പറ്റിയില്ല. ഫലം വന്നപ്പോൾ ഫസ്റ്റ് ക്ലാസ്സിന് 5 മാർക്ക് കുറവ്. എന്നാൽ കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് നല്ല മാർക്കുണ്ട്. ചരിത്രം ഭൂമിശാസ്ത്രം എന്നിവയിൽ വളരെ കുറവ് മാർക്ക്. അന്ന് പ്രീ യൂണിവേഴ്സിറ്റിക്ക് എല്ലാ വിഷയങ്ങളും പഠിക്കണം. ഗ്രൂപ്പ് സമ്പ്രദായം ഇല്ല .

എന്തോ ദൈവകൃപ എന്ന് പറയട്ടെ, എഞ്ചിനീയറിങ്ങിനും മെഡിസിനും അപേക്ഷ അയക്കുവാനുള്ള മാർക്കിന് മുകളിൽ സയൻസ് വിഷയങ്ങൾക്ക് ഉള്ളതിനാൽ വലിയ വിഷമം തോന്നിയില്ല. അങ്ങിനെ വിദ്യാഭ്യാസജീവിതത്തിലെ ഒരു ഘട്ടം കൂടി അവസാനിച്ചു. ■

# വേളിയാലോചന

| | | | |
|---|---|---|---|
| ഭൃ | ര ബു | ശി | |
| മ | പുരുഷ | | ല കു |
| | ജാതകം | | ച |
| | സ | | ഗു മാ |

## പുരുഷജാതകം

ജനനം : 02 – 05 – 1993 (11.12 am.)
നക്ഷത്രം : പൂരം
Height : **169 cm**
Qualification : MBA (Pursuing)
BBA, Post diploma in Tool design
Job : Deputy Manager
(Tital Company Ltd., Tamil Nadu)
Ph. : **9495226450**

| | | | |
|---|---|---|---|
| ച മ ശി ശു | | | |
| ര കു | പുരുഷ | | |
| ബു | ജാതകം | | മാ |
| ഗു | ല | | സ |

## പുരുഷ ജാതകം

ജനനം : 21 – 02 – 1996 (12.49 am.)
നക്ഷത്രം : പൂരൂരുട്ടാതി
Height : 168 cm
Qualification : MBA
Job: Business Analyst at Giglabz, Bangalore (WFH)
Ph. : **9496262699**

| | | | |
|---|---|---|---|
| | | ച | കു ശി |
| | പുരുഷ | | |
| മ | ജാതകം | | |
| ലഗ്നം സ | | മാ | ര ബു ഗു ശു |

## പുരുഷജാതകം

ജനനം : 18 – 09 – 1992 (12.30 pm.)
നക്ഷത്രം : രോഹിണി
Height : 170 cm
Qualification : B.Sc.
Job : Manager, Ayurvedic Firm
Ph. : **7306557658, 9400906209**

| | | | |
|---|---|---|---|
| | | ല മാ | ഗു |
| | പുരുഷ | | ശി |
| ശു സ | ജാതകം | | |
| ര ബു മ | കു | ച | |

## പുരുഷജാതകം

ജനനം : 24 – 12 – 1989 (5.20 am.)
നക്ഷത്രം : വിശാഖം
ശിഷ്ടദശ : 6 വ 6 മാ 24 ദി ഗുരു
Height : 174 cm
Qualification : MBA
Job : Accountant (Abroad)
Ph. : **89436 58983, 90616 58899**

| | | | |
|---|---|---|---|
| മ | | | |
| ശി ല | പുരുഷ | | |
| ഗു | ജാതകം | | സ |
| മാ | ശു കു | ര ബു | ച |

## പുരുഷജാതകം

ജനനം : 29 – 10 – 1997 (2.40 pm.)
നക്ഷത്രം : അത്തം
Height : 169 cm
ശിഷ്ടദശ : ചന്ദ്രൻ 2 വ 9 മാ 24 ദി
Qualification : B.Tech. Computer Science and Engineering
Job : Software Engineer, Kochi
Ph. : **8606559938, 9846360800**

| | | | |
|---|---|---|---|
| ഗു | ച മ | | |
| ശി | പുരുഷ | | ര കു ബു ശു |
| | ജാതകം | | സ |
| ല | | | മാ |

## പുരുഷജാതകം

ജനനം : 14 – 08 – 1998 (3.22 pm.)
നക്ഷത്രം : ഭരണി
Qualification : B.Tech (Mech.)
Job : Sr. Executive
(Gateway Distriparks Kerala Ltd. Vallarpadom, Kochi)
Ph. : **9446512722**

| | | | |
|---|---|---|---|
| ശി മ | കു ബു | ര | ശു ച |
| | പുരുഷ | | |
| | ജാതകം | | |
| ഗു | | | ല സ മാ |

## പുരുഷജാതകം

ജനനം : 20 – 05 – 1996 (3.23 pm.)
നക്ഷത്രം : തിരുവാതിര
Height : 178 cm
Qualification : B.Com. Pursuing M Com
Job : HD Solutions, Ahmedabad
Ph. : **9400728532**

| | | | |
|---|---|---|---|
| ല ര | ബു ശു | മാ | കു |
| | പുരുഷ | | ഗു ശി |
| മ സ | ജാതകം | | ച |
| | | | |

## പുരുഷജാതകം

ജനനം : 28 – 03 – 1991 (6.44 am.)
നക്ഷത്രം : പൂരം
Height : 178 cm
ശിഷ്ടദശ : 17 വ 3 മാ 12 ദി ശുക്രൻ
Qualification : MBA
Job : Pvt Company Job
Ph. : **9946755172, 9048920970**

കഥ

# ഒരു മലയാറ്റൂർ യാത്ര

തിരുമേനി കൈതാരം

മൊബൈലും ഇന്റർനെറ്റും ടീവിയും ഇല്ലാത്ത കാലം: മനുഷ്യർ അങ്ങോട്ടുമിങ്ങോട്ടും സംസാരിച്ചും വിരുന്നു പോയും ഉത്സവവും പെരുന്നാളും കൂടി ജീവിതം ആസ്വദിച്ചിരുന്ന ആ പഴയ കാലം! കോട്ടയത്തുള്ള വർഗീസിന്റെ വീട്ടിൽ അന്ന് ആഘോഷത്തിന്റെ പൊടിപൂരമായിരുന്നു. ഡൽഹിയിൽ നിന്നും പെങ്ങൾ ഷേർളിയും കൽക്കട്ടയിൽ നിന്ന് ബെറ്റിയും കുടുംബസമേതം എത്തിയിട്ടുണ്ട്. ഇറച്ചിയും മീനും പച്ചക്കറിയും വറുക്കലും പൊരിക്കലും വയ്ക്കലും ആകെ ബഹളം! വർഗീസിന്റെ ഭാര്യ എല്ലാത്തിനും നേതൃത്വം കൊടുത്തുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടുമോടുന്നു. കുട്ടികൾ പറമ്പിലെ മാവിൽ ഊഞ്ഞാൽ കെട്ടലും കൊച്ചുപുര വച്ച് കഞ്ഞീം കറീം വച്ച് കളിക്കലും ആയിട്ട് ആകെ ബഹളം കുട്ടികൾക്ക് സന്തോഷത്തിന്റെ ദിവസങ്ങൾ അന്യനാട്ടിൽ ഫ്ളാറ്റുകളിൽ, സെറ്റു ചെയ്തു വച്ച മെഷീൻ പോലുള്ള ജീവിതത്തിൽ നിന്ന് കുറച്ചു ദിവസത്തേക്കെങ്കിലുമൊരു മാറ്റം; അതവർ ആഘോഷിക്കുകയാണ്. വർഗീസ് ഒന്നിലും പെടാതെ പൂമുഖത്ത് പത്രം വായിച്ചിരിക്കുന്നു. അവരുടെ അമ്മ ത്രേസ്യാമ്മ സ്വന്തം മുറിയിൽ പുറത്തെ ആഘോഷങ്ങളും ബഹളങ്ങളും കേട്ട് ഒറ്റയ്ക്കിരിക്കുന്നു. ദൂരദിക്കിൽ നിന്നു വന്ന പെണ്മക്കൾക്കോ കൊച്ചു മക്കൾക്കൊ തന്നെ വേണ്ട: വന്ന അന്ന് ഒരാചാരം പോലെ മക്കളും കൊച്ചു മക്കളും തന്റെ മുറിയിൽ വന്നു. ‘എന്നാ അമ്മച്ചീ, സുഖമല്ല്യോ? ഞങ്ങൾ കുറച്ചു ദിവസമിവിടെ ഉണ്ടാകും ‘എന്നിട്ട് തിരിഞ്ഞ് മക്കളോടായി പറഞ്ഞു ‘വല്യമ്മച്ചിയോട് വല്ലതും പറമക്കളെ ‘ ‘വല്യമ്മച്ചി ‘ എന്നത് തികച്ചും അപരിചിതരായ അവർക്ക് എന്തു പറയണമെന്നറിയാത്ത വെപ്രാളം. അവസാനം എല്ലാവരും കൂടി ‘ഹായ്! വല്യമ്മച്ചീ‘ എന്നൊരു വാക്കും പറഞ്ഞ് പുറത്തേക്കിറങ്ങി പുറകെ അമ്മമാരും.

നിലമേൽ തറവാടിന്റെ രണ്ടു കിലോമീറ്റർ മാറിയാണ് ത്രേസ്യാമ്മയുടെ മൂത്ത മകൻ മത്തായി താമസിക്കുന്നത്. പോസ്റ്റുമാനായ അപ്പച്ചൻ കുടുംബത്തിലെ ഒരു കാര്യവും നോക്കില്ല: ചീട്ടുകളിയും മദ്യപാനവുമാണ്. ജോലി കഴിഞ്ഞാലുള്ള വിനോദം അതുകൊണ്ടു ചെറുപ്പത്തിലേ തന്നെ കുടുംബഭാരം മത്തായിയുടെ തലയിലായി. വിവാഹം കഴിഞ്ഞെങ്കിലും പലപ്പോഴും ഭാര്യയുടെ പല ആവശ്യങ്ങളും സാധിച്ചു കൊടുക്കാൻ മത്തായിക്ക് കഴിയാറില്ല. രണ്ടു സഹോദരിമാരും സഹോദരനും അമ്മയും ചേർന്ന് ആകാവുന്ന പോലെ മത്തായിയുടെ ഭാര്യയെ ദ്രോഹിച്ചു. ചിന്നമ്മ അൽപ്പം തന്റേടമുള്ളവളായതു കൊണ്ട് പിടിച്ചു നിന്നു. രണ്ടു സഹോദരിമാരേയും വിവാഹം ചെയ്തയച്ചു. സഹോദരന് നല്ലൊരു കുടുംബത്തിൽ നിന്ന് ഒരു പെണ്ണിനെയും കണ്ടു പിടിച്ചു കൊടുത്തു. എല്ലാം സ്വന്തം അദ്ധ്വാനത്തിൽ നിന്ന്. കാരണം അപ്പോഴേക്കും അപ്പച്ചൻ കുടുംബസ്വത്തെല്ലാം വിറ്റുതുലച്ചിരുന്നു. ഇന്ന് തറവാടിരിക്കുന്ന 20 സെന്റാണ് ബാക്കിയുള്ളത്. അവിടെ രണ്ടാമത്തവൻ വർഗീസ് താമസിക്കുന്നു. മത്തായി ഇന്ന് വാടക വീട്ടിലാണ് താമസം. അമ്മച്ചിക്ക് തന്നോട് വിരോധമൊന്നുമില്ലെങ്കിലും വർഗീസിന്റെ കൂടെ താമസിക്കാനാണിഷ്ടം. സഹോദരിമാർ വന്നിട്ട് രണ്ടു ദിവസമായെങ്കിലും മൂത്ത ആങ്ങളയുടെയടുത്തേക്ക് ഇതുവരെ ഒന്നു പോയില്ല. അമ്മച്ചിയോ വർഗീസോ അതൊട്ടു പറഞ്ഞുമില്ല, എന്നാൽ സഹോദരിമാർ വന്ന വിവരം മത്തായി അറിഞ്ഞിരുന്നു.

രാത്രിയിലെ വിഭവ സമൃദ്ധമായ അത്താഴം! ഡൽഹിയിൽ നിന്നും കൽക്കട്ടയിൽ നിന്നും വന്ന അളിയൻമാർ കൊണ്ടുവന്ന ‘ത്രിഗുണൻ‘ ഒരെണ്ണം പൊട്ടിച്ച് വർഗീസും അളിയന്മാരുടെ കൂടെക്കൂടി: ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ ഷേർളിക്കൊരാഗ്രഹം. അവൾ അത് ഭർത്താവിനോട് പറഞ്ഞു ‘ഇച്ചായാ, എനിക്കൊരാഗ്രഹം, നാളെ നമുക്കെല്ലാവർക്കും കൂടി ഒന്ന് മലയാറ്റൂർ പോയാലോ? മുത്തപ്പന്റെ മല കയറണമെന്ന് കുറെ നാളായി വിചാരിക്കുന്നു‘. ഷേർളിയുടെ ഭർത്താവ് പ്രിൻസ് പറഞ്ഞു ‘ശരിയാണ്: ഇപ്പോൾ മലയാറ്റൂർ പെരുന്നാളാണ് എന്നാൽ നാളെത്തന്നെ പോകാം‘. കുട്ടികൾക്ക് വീടും തൊടിയും വിട്ടു പോകാൻ ഒട്ടും തൃപ്തിയില്ല. അവർ ഒറ്റക്കെട്ടായി പറഞ്ഞു ‘ഞങ്ങളില്ല ‘. വർഗീസിന്റെ ഭാര്യ പറഞ്ഞു ’’

ഏതായാലും ഞാനില്ല എനിക്കിവിടെ പിടിപ്പതു പണിയുണ്ട്, എന്നാ പിന്നെ പിള്ളേര് ഇവിടെ നിന്നോട്ടെ നിങ്ങൾ പോയിട്ടു വാ 'വർഗീസ് നേരത്തെ തന്നെ പിന്മാറിയിരുന്നു. എല്ലാം കേട്ടുകൊണ്ടിരുന്ന ത്രേസ്യാമ്മ പുറത്തേക്ക് വന്നു 'എടി പിള്ളേരേ, മലയാറ്റൂർക്ക് ഞാനും വരുന്നുണ്ട്, മുത്തപ്പനെ കാണാൻ എനിക്കുമുണ്ട് ആഗ്രഹം 'ആരോഗ്യപരമായ പ്രശ്നങ്ങളൊന്നുമില്ലാത്തതുകൊണ്ട് മനസ്സില്ലാ മനസ്സോടെ അവർ അമ്മയെയും കൊണ്ടു പോകാമെന്ന് സമ്മതിച്ചു.

നേരം പുലർന്നു, ഷേർളിയും ഭർത്താവ് പ്രിൻസും ബെറ്റിയും ഭർത്താവ് ജയ്സണും പുറപ്പെടാൻ തയ്യാറായി. ത്രേസ്യാമ്മയും നല്ലൊന്നാന്തരം ചട്ടയും മുണ്ടും ധരിച്ച് ഒരുങ്ങി വന്നു. കോട്ടയം സ്റ്റാൻഡിൽ തൃശൂർക്കുള്ള ബസ് പുറപ്പെടാൻ തയ്യാറായി കിടക്കുന്നു. അവർ ബസിൽ കയറി. ഒരുമിച്ച് സീറ്റില്ല: മുൻ വശത്ത് ഒരു സ്ത്രീയുടെ സമീപം അമ്മച്ചിയെ ഇരുത്തി. പിന്നിൽ രണ്ടു വശത്തുമായുള്ള സീറ്റുകളിൽ ഒന്നിൽ പ്രിൻസും ജെയ്സണും ഇരുന്നു: അടുത്തതിൽ ബെറ്റിയും ഷേർളിയും ഇരുന്നു. ബസ് പുറപ്പെട്ടതോടെ ചേച്ചിയും അനുജത്തിയും സംസാരം തുടങ്ങി, നാത്തൂൻ കേൾക്കെ വീട്ടിൽ വച്ച് പറയാൻ പറ്റാത്ത വിശേഷങ്ങൾ പങ്കുവച്ചു കൊണ്ടവർ മതിമറന്നിരുന്നു; ആണുങ്ങൾ പതുക്കെ മയക്കത്തിലേക്ക് വഴുതി വീണു.

ബസ് പെരുമ്പാവൂരിലെത്തിയപ്പോഴേക്കും ബെറ്റിയും ഷേർളിയും ഉറക്കമായി. വണ്ടി പെരുമ്പാവൂർ സ്റ്റാൻഡ് വിട്ടു. ഫാസ്റ്റ് പാസഞ്ചറായതു കൊണ്ട് അധികം താമസിയാതെ തന്നെ ബസ് കാലടിയിലെത്തി. എല്ലാവരും ബസിൽ നിന്നിറങ്ങി: അമ്മച്ചിയെ നോക്കി അവിടം ശൂന്യം! ആ സീറ്റിലിരുന്ന സ്ത്രീയോട് ഷേർളി ചോദിച്ചു ' ഞങ്ങളുടെ അമ്മച്ചിയെന്തിയേ?' ആ സ്ത്രീ അൽപ്പം മുഷിച്ചിലോടെ തന്നെ ചോദിച്ചു 'ഓ! നിങ്ങടെ അമ്മച്ചിയായിരുന്നോ?. ഞാൻ കരുതി അവർ ഒറ്റയ്ക്കാണെന്ന്, ആ അമ്മച്ചി പെരുമ്പാവൂരിൽ ഇറങ്ങിയല്ലോ?'

ബെറ്റിയുടെയും ഷേർളിയുടെയും അടിവയറ്റിൽ നിന്ന് ഒരു തീഗോളം ഉരുണ്ടുപൊങ്ങി; ആണുങ്ങൾ രണ്ടു പേരും അമ്പരപ്പോടെ തമ്മിൽ നോക്കി .

ഈ സമയം പെരുമ്പാവൂർ സ്റ്റാൻഡിൽ: സാരിയുടുത്ത രണ്ടു പെണ്ണുങ്ങൾ പെരുമ്പാവൂർ സ്റ്റാൻഡിൽ ഇറങ്ങിയപ്പോൾ തന്റെ മക്കളാണെന്ന ധാരണയിൽ ത്രേസ്യാമ്മയും അവിടെ ഇറങ്ങി. സ്ത്രീകൾ മുന്നോട്ടു നടന്നപ്പോൾ ത്രേസ്യാമ്മ പുറകിൽ നിന്നും വിളിച്ചു. 'എടീ പിള്ളേരേ, എങ്ങോട്ടാ വാണം വിട്ട പോലെ പോകുന്നത്? ഒന്നവിടെ നിൽക്ക് ഞാനും കൂടെ വരട്ടെ 'സ്ത്രീകൾ തിരിഞ്ഞു നിന്നു ' വല്യമ്മ ഞങ്ങളെയാണോ വിളിച്ചത്? 'അവരുടെ അടുത്തു ചെന്നപ്പോഴാണ് ത്രേസ്യാമ്മയ്ക്ക് മനസ്സിലായത് അത് തന്റെ മക്കളല്ല എന്ന്. 'ആളുമാറിയതാ മക്കളെ, മക്കള് പൊയ്ക്കോ' അവർ നടന്നകന്നു. അപ്പോഴാണ് ആ നടുക്കുന്ന സത്യം ത്രേസ്യാമ്മയുടെ മനസിലേക്ക് വന്നത് 'അപ്പോൾ തന്റെ മക്കളെവിടെ?'

അതോടെ അവർ തളർന്നു ഏതു സ്ഥലമാണെന്നോ എവിടെയാണെന്നോ അറിയില്ല. മക്കളുടെ കൂടെ വന്നതുകൊണ്ട് കൈയ്യിൽ ഒരു പൈസയുമില്ല. അവർ തളർച്ചയോടെ സ്റ്റാൻഡിലെ സിമന്റു ബഞ്ചിലിരുന്നു. എന്തു ചെയ്യണമെന്ന് ഒരു പിടിയും കിട്ടുന്നില്ല. ഏകദേശം അര മണിക്കൂർ അവിടെ ഇരുന്നു. ഇതിനിടക്ക് അമ്മച്ചിയുടെ അവശഭാവം കണ്ട് ഒരാൾ അവരോട് വിവരങ്ങൾ ചോദിച്ചു. അവർ സംഭവം മുഴുവൻ പറഞ്ഞു, വീട്ടിലെ വിവരങ്ങൾ പറഞ്ഞപ്പോൾ കർത്താവിന്റെ കൃപയാൽ ത്രേസ്യാമ്മയുടെ മൂത്ത മകൻ മത്തായിയുടെ അടുത്ത സുഹൃത്തായിരുന്നു അയാൾ, അപ്പോൾ തന്നെ അദ്ദേഹം ത്രേസ്യാമ്മയ്ക്ക് ഒരു സർബത്തും വാങ്ങിക്കൊടുത്ത് ഒരു ടാക്സി വിളിച്ച് നേരേ കോട്ടയത്തിനു പോയി. മത്തായി യുടെ വീട്ടിലെത്തി അദ്ദേഹം ഉണ്ടായ വിവരങ്ങൾ പറഞ്ഞ്, അമ്മച്ചിയെ വഴക്ക് പറയരുത് എന്നൊരു മുന്നറിയിപ്പും കൊടുത്ത് അവരെ മത്തായിയേ ഏൽപ്പിച്ച് മടങ്ങി, മത്തായി ഭാര്യയെ വിളിച്ച് അമ്മച്ചിയെ അകത്തേക്ക് കൊണ്ടു പോകാൻ പറഞ്ഞു, ചിന്നമ്മ അമ്മച്ചിയേയും കൂട്ടി അകത്തേക്ക് പോയി: ത്രേസ്യാമ്മ സർവവും തകർന്നവളേ പോലെ നടന്നു: ഇനി എന്തൊക്കെയാണോ സംഭവിക്കുന്നത്?

* * *

കാലടിയിൽ നിന്നും ഉടൻ തന്നെ ഒരു ടാക്സി വിളിച്ച് നാലുപേരും പെരുമ്പാവൂർക്ക് പുറപ്പെട്ടു. പെരുമ്പാവൂർ സ്റ്റാൻഡിൽ ചെന്ന് അവിടെ മുഴുവൻ തിരഞ്ഞെങ്കിലും അമ്മച്ചിയെപ്പറ്റി ഒരു സൂചനയും ലഭിച്ചില്ല. അവിടെയുള്ള ഒന്നു രണ്ടു പേരോട്

അമ്മച്ചിയുടെ രൂപം പറഞ്ഞു കൊടുത്ത് ആളെ കണ്ടോ എന്ന് തിരക്കിയെങ്കിലും നിരാശയായിരുന്നു ഫലം. സമയം വൈകുന്തോറും ആശങ്കയും കൂടി വന്നു. ഒടുവിൽ ജയ്സൺ പറഞ്ഞു' എനിക്ക് തോന്നുന്നത് അമ്മച്ചി വീട്ടിലേക്ക് മടങ്ങിക്കാണും നമുക്ക് വീട്ടിലേക്ക് തിരിച്ചു പോകാം. മലയാറ്റൂർ യാത്ര പിന്നൊരിക്കലാകാം' താത്കാലികമായെങ്കിലും ഒരാശ്വാസത്തോടെ അവർ വീട്ടിലേക്ക് തിരിച്ചു. വീട്ടിലെത്തിയ ഷേർളി ആങ്ങളയോടു ചോദിച്ചു; 'വറീച്ചാ അമ്മച്ചിയെന്ത്യേ?'വർഗീസ് ഒന്നും മനസിലാകാത്തതുപോലെ അവരെ നോക്കി, 'അതു കൊള്ളാം, നിങ്ങടെ കൂടെ മലയാറ്റൂർക്ക് വന്ന അമ്മച്ചിയെന്ത്യേയെന്ന് എന്നോടാ ചോദിക്കണെ' അതോടെ അവർക്ക് ഒരു കാര്യം മനസിലായി 'അമ്മച്ചി ഇവിടെ എത്തിയിട്ടില്ല' അൽപ്പനേരത്തേക്കുണ്ടായിരുന്ന ആശ്വാസം അതോടെ ആവിയായിപ്പോയി. പിന്നൊന്നും പറയാനില്ല: പ്രിൻസ് നടന്ന സംഭവം മുഴുവൻ വർഗീസിനോട് പറഞ്ഞു. അതോടെ അയാൾക്കും ആധിയായി 'ഇനിയെന്തു ചെയ്യും? 'നിവർത്തിയില്ലാതെ അവസാനം അവർ വിവരം മത്തായിയെ അറിയിക്കാൻ തീരുമാനിച്ചു.

എല്ലാവരും കൂടി രാത്രി 8 മണി ആയപ്പോൾ മത്തായി താമസിക്കുന്ന സ്ഥലത്തെത്തി. ഉമ്മറത്തു തന്നെ മത്തായി ഉണ്ടായിരുന്നു. അവരെ കണ്ട് മത്തായി അത്ഭുതതോടെ ചോദിച്ചു 'ഷേർളി നീയെന്നു വന്നെടി 'കുഞ്ഞുനാൾ മുതൽ അയാൾക്ക് ഷേർളിയോട് പ്രത്യേക വാത്സല്യമാണ്' ഞാൻ രണ്ടു മൂന്നു ദിവസമായി ചേട്ടായീ വന്നിട്ട്; നാളെ ഇങ്ങോട്ട് ഇറങ്ങാനിരിക്കുവായിരുന്നു .

'എന്നിട്ട് പിന്നെ പെട്ടന്നീ രാത്രി തന്നെ എല്ലാവരും കൂടി വന്നത്?'

എല്ലാവരും പരസ്പരം മുഖത്തോടു മുഖം നോക്കി പിന്നീട് ധൈര്യം സംഭരിച്ച് ഷേർളി തന്നെ വിവരങ്ങൾ മത്തായിയെ ധരിപ്പിച്ചു. വിവരം മുഴുവൻ കേട്ടു കഴിഞ്ഞപ്പോൾ മത്തായി കൈവീശി അവളുടെ കരണത്തൊന്നു പൊട്ടിച്ചു, അടി കൊണ്ടത് ഷേർളിക്കാണെങ്കിലും അറിയാതെ എല്ലാവരും കവിളു പൊത്തിപ്പോയി. 'അമ്മച്ചിയേയും കൊണ്ട് എവിടെയെങ്കിലും പോകുമ്പോൾ ശ്രദ്ധിക്കണ്ടെ? പ്രായമായതല്ലേ? എന്നിട്ട് അമ്മച്ചിയെ കണ്ടില്ലാന്നും പറഞ്ഞ് വന്നിരിക്കുന്നു'

'അമ്മച്ചി അങ്ങിനെ ഇറങ്ങിപ്പോകുമെന്ന് ആരെങ്കിലും കരുതിയോ?'' വിശദീകരിക്കാനൊരുങ്ങിയ ബെറ്റിയെ ചൂണ്ടുവിരൽ ചുണ്ടിലമർത്തി 'മിണ്ടരുത് ' എന്ന് മത്തായി അടക്കി നിർത്തി. വർഗീസ് പ്രശ്നത്തിലിടപെട്ടു.' സംഭവിച്ചത് സംഭവിച്ചു, കഴിഞ്ഞതിനെപ്പറ്റി ചിന്തിച്ചു സമയം കളയാതെ അമ്മച്ചിയെ കണ്ടെത്താനുള്ള ശ്രമം നടത്താം' ഇത്രയായിട്ടും അവരാരും ആ വീടിന്റെ വരാന്തയിലേക്കു പോലും കയറാൻ തയ്യാറാകാതിരുന്നത് മത്തായിയെ തെല്ലൊന്നു വേദനിപ്പിച്ചെങ്കിലും അത് പുറത്തു കാട്ടാതെ പറഞ്ഞു 'നിങ്ങൾ ഇരിക്ക്, ഞാൻ ഒരു ഷർട്ട് ഇട്ടിട്ടു വരാം ' എന്നു പറഞ്ഞ് അകത്തേക്ക് നടന്നു. അൽപ്പസമയം കഴിഞ്ഞപ്പോൾ മത്തായി മുന്നിലും ചിന്നമ്മയുടെ കൈ പിടിച്ച് പിന്നാലെ ത്രേസ്യാമ്മയും പുറത്തേക്ക് വന്നു. അതു കണ്ട് മറ്റുള്ളവർക്ക് ഒരേ സമയം ആശ്വാസവും ആശ്ചര്യവുമായി

'അമ്മച്ചിയെങ്ങിനെ ഇവിടെ ....' പറഞ്ഞു മുഴുമിപ്പിക്കാതെ ഷേർളി ഓടി ത്രേസ്യാമ്മയുടെ അടുത്തെത്തി.

'കൈപ്പടം മലർത്തിത്തടുത്തുക്കൊണ്ട് ത്രേസ്യാമ്മ ഉച്ചത്തിൽ പറഞ്ഞു 'തൊട്ടു പോകരുതെന്നേ .... '

പിടിച്ചു നിർത്തിയതുപോലെ ഷേർളി നിന്നു. ചിന്നമ്മ പുറത്തേക്ക് വന്ന് എല്ലാവരേയും അകത്തേക്ക് ക്ഷണിച്ചു. പ്രശ്നങ്ങൾ തീർന്നതിന്റെ ആശ്വാസത്തിൽ എല്ലാവരും അകത്തേക്ക് കയറി. നടന്ന സംഭവങ്ങൾ ചിന്നമ്മ അവരെ വിശദമായി ധരിപ്പിച്ചു.കുറ്റബോധം കൊണ്ട് എല്ലാവരും തല താഴ്ത്തി എല്ലാം കേട്ടിരുന്നു. ഇടയ്ക്ക് ചിന്നമ്മ പോയി കട്ടൻ ചായ തിളപ്പിച്ച് എല്ലാവർക്കും കൊടുത്തു. ചായ കുടി കഴിഞ്ഞ് എല്ലാവരും പോകാനെഴുന്നേറ്റു ' എന്നാൽ നമുക്കിറങ്ങാം അമ്മച്ചി'. ബെറ്റി അമ്മച്ചിയുടെ അടുത്തെത്തി.

എങ്ങോട്ട്? ഇനി ഇവിടം വിട്ട് ഞാനെങ്ങോട്ടുമില്ല', എന്നിട്ട് 'നീ വാടി കൊച്ചേ' എന്നു പറഞ്ഞ് ചിന്നമ്മയുടെ കൈ പിടിച്ച് അകത്തേക്ക് നടന്നു.' എന്നാപ്പിന്നെ നിങ്ങൾ ചെല്ല് 'എന്നു പറഞ്ഞ് മത്തായിയും അകത്തേക്ക് നടന്നു. ഇതികർത്തവ്യാമൂഢരായി തിരിഞ്ഞു നടക്കുമ്പോൾ പ്രിൻസ് പിറുപിറുത്തു 'തള്ളയെ കണ്ടു പിടിക്കാൻ ടാക്സി പിടിച്ച് ഒള്ള കാശും പോയി ആറേഴു മണിക്കൂർ ഒടുക്കത്തെ ടെൻഷനും, എന്നിട്ട് മുത്തപ്പനെ കണ്ടോ? അതൊട്ടില്ല താനും '

■

ലേഖനം

# വിഷ്ണുഭുജംഗപ്രയാതസ്തോത്രം

സി വി ശങ്കരൻ ചേലമറ്റത്തില്ലം

**വിഷ്ണുഭൂജംഗം 12 ശ്ലോകങ്ങൾ ഇതിനു മുൻപ് ബ്രഹ്മശ്രീയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ബാക്കി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. ആയത് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നു. മാന്യ വായനക്കാർ സദയം ക്ഷമിക്കുമല്ലോ.**

പത്രാധിപർ

**വിഷ്ണുഭുജംഗം 13**

അവസാനസമയത്തു ഭഗവത് സ്മരണയുണ്ടാകണമെന്ന് പ്രാർത്ഥിയ്ക്കുന്നു

ലപന്നച്യുതാനന്ദ ഗോവിന്ദ വിഷ്ണോ
മുരാരേ ഹരേ  നാഥ നാരായണേതി
യഥാനുസ്മരിഷ്യാമി ഭക്ത്യാ ഭവന്തം
തഥാ മേ ദയാശീല ! ദേവ ! പ്രസീദ

ലപൻ ജപിച്ചുകൊണ്ടിരിക്കുന്നു എന്ത്? ഭഗവാന്റെ നാമങ്ങളായ അച്യുതായ, അനന്തായ(ആനന്ദായ), ഗോവിന്ദായ, വിഷ്ണോ, മുരാരേ, ഹരേ, നാഥ, നാരായണ എന്നിങ്ങനെ യഥാഎപ്രകാരം ഭവന്തം ഭവിക്കുന്നു, (ഇടയാകുന്നു) അനുസ്മരിഷ്യാമി വീണ്ടും വീണ്ടും സ്മരിക്കുവാൻ, തഥാ അപ്രകാരം, ദയാശീല ദേവ ദയാശീലനായ ദേവാ, മേ പ്രസീദ എന്നോട് പ്രസാദിക്കേണമേ

ഇത്രയും സങ്കടകരമായ അവസ്ഥയിലും ദയാശീലനായ ദേവാ അങ്ങയുടെ നാമങ്ങൾ സ്മരിക്കുവാൻ ഇടയാകണേ. അതിനായി എന്നോട് പ്രസാദിക്കണേ.മരണസമയത്തും ഭഗവന്നാമം ഉരുവിടാൻ ഇടയാകണേ എന്നാണ് പ്രാർത്ഥിയ്ക്കുന്നത്. അജാമിളൻ അറിയാതെയാണെങ്കിലും നാരായണനാമം ഉരുവിട്ടതുകൊണ്ട് യമദൂതന്മാരിൽനിന്നും രക്ഷപെട്ട് വിഷ്ണുപാർഷദന്മാരാൽ വൈകുണ്ഠത്തിലെത്തപ്പെട്ടു കഥ ഓർത്തുനോക്കൂ.

**വിഷ്ണുഭുജംഗം 14**

ഇനിവരുന്ന നാലു ശ്ലോകങ്ങൾ കേരളീയ പാഠങ്ങളിൽ മാത്രമേ കണ്ടിട്ടുള്ളു

കൃപാലോ ഹരേ കേശവാശേഷഹേതോ
ജഗന്നാഥ നാരായണാനന്ത വിഷ്ണോ
നമസ്തുഭ്യമിത്യാലപന്തം മുദാ മാം
കുരു ശ്രീപതേ ത്വത്പദാംഭോജഭക്തം

കൃപാലോ ഹരേ കേശവാ കൃപാശീല, ഹരേ, കേശവാ  അശേഷ ഹേതോ അശേഷ

*( ആദിശങ്കരൻ ഭുജംഗപ്രയാത വൃത്ത ത്തിൽ രചിച്ച ഒരു സ്തോത്രമാണ് ഇത്. ഭുജംഗപ്രയാതം എന്നാൽ പാമ്പ് ഇഴയു ന്നതു പോലെ എന്നർത്ഥം. ഒരു പക്ഷെ ഇതിന്റെ ഈണം അത്തരത്തിലായതിനാ ലാവാം.*

*ചിദംശം വിഭും നിർമ്മലം നിർവികല്പം*
*നിരീഹം നിരാകാരമോങ്കാര ഗമ്യം..... എന്നു തുടങ്ങിയ 17 ശ്ലോകങ്ങൾ ഒരിക്കലെങ്കിലും ചൊല്ലാത്തവർ ഉണ്ടാവില്ല. ഈ സ്തോത്രം രചിക്കാനിടയായതിനെക്കുറിച്ച് രസകര മായ ഒരു കഥയുണ്ട്. ശങ്കരാചാര്യർ തന്റെ മാതാവിന്റെ മരണ സമയത്ത് അവർക്ക് മോക്ഷത്തിനായി ശിവ ഭുജംഗപ്രയാത സ്തോത്രം രചിച്ചു ചൊല്ലിക്കേൾപ്പിച്ചു. ഉടൻ തന്നെ ശിവഭൂതഗണ ങ്ങൾ അവരെ കൊണ്ടുപോകാനായി എത്തി. ശിവഭൂതഗണങ്ങളുടെ രൂപം കണ്ട് മാതാവ് ഭയപ്പെട്ടു. അപ്പോൾ ശങ്കരാചാര്യർ അവരോട് തിരിച്ചു പോകാൻ അഭ്യർത്ഥിക്കുകയും അവർ പോവുകയും ചെയ്തു. പിന്നീട് അദ്ദേഹം വിഷ്ണു ഭുജംഗപ്രയാതമെന്ന ഈ സ്തോ ത്രം രചിച്ചു ചൊല്ലിക്കേൾപ്പിച്ചു. അപ്പോൾ വിഷ്ണുവിനെപ്പോലെ സുന്ദരന്മാരായ വിഷ്ണു ദൂതന്മാർ എത്തുകയും മാതാവ് അവരെക്കണ്ട് ഭയം മാറി സന്തോഷ ത്തോടും സമാധാനത്തോടും ഇഹലോക വാസം വെടിയുകയും ചെയ്തു.*

*'ഭുജംഗപ്രയാതം പഠേദ്യസ്തുഭക്ത്യാ*
*സമാധായ ചിത്തേ ഭവന്തം മുരാരേ....... എന്നു തുടങ്ങുന്ന ഇതിന്റെ അവസാന ശ്ലോകം ഫലശ്രുതിയാണ്. ഇത് പതിവായി ജപിച്ചാൽ സമാധാനം, സമൃദ്ധി, സംരക്ഷണം (Peace, prosperity and Protection) എന്നിവ ലഭിക്കും എന്നാണ് ഫലം.*

*പ്രശസ്ത സാഹിത്യകാരി അന്തരിച്ച ശ്രീമതി മാധവിക്കുട്ടി മതം മാറി കമലാ സുരയ്യയായെങ്കിലും ഗുരുവായൂരപ്പനെ ഉപേക്ഷിച്ചിരുന്നില്ല. ഗുരുവായൂരപ്പൻ അവരെയും. മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കു മുൻപ് അവർ തന്റെ ഉറ്റസുഹൃത്തുക്കളായ ലീലാ മേനോനോടും വിജയലക്ഷ്മിയോടും (ബാലചന്ദ്രൻ ചുള്ളിക്കാ ടിന്റെ ഭാര്യ) ഈ സ്തോത്രം ചൊല്ലിക്കൊ ടുക്കാൻ ആവശ്യപ്പെടുകയും അന്ന് പൂനയിലായിരുന്ന മാധവിക്കുട്ടിക്ക് ഫോണി ലൂടെ അവർ ഈ സ്തോത്രം ചൊല്ലിക്കൊടു ക്കുകയും അതു കേട്ട് മനസ്സിന്റെ ആകുല തകൾ അകന്ന് അവർ സമാധാനത്തോടെ മരിക്കുകയും ചെയ്തു എന്ന് പറയപ്പെടുന്നു.*

***ഡോ.ഹരിശർമ്മ, പറഞ്ചിക്കാട്ടില്ലം, ആണ്ടൂർ***

ത്തിനും ഹേതുവായിട്ടുള്ളവനേ. അതായത് പ്രപഞ്ചമുൾപ്പെടെ അഖിലത്തിനും കാരണ മായിട്ടുള്ളവനേ

ജഗന്നാഥ ലോകത്തിന്റെ നാഥാ, നാരായ ണ അനന്ത വിഷ്ണോ, നമസ്തുഭ്യം തുഭ്യം നമ: അങ്ങയ്ക്ക് നമസ്ക്കാരം, ഇത്യാലപ ന്തം മുദാ ഇതി മുദാ ആലപന്തം ഇങ്ങനെ സ ന്തോഷത്തോടെ ആലപിക്കുന്ന എന്നെ

കുരു ചെയ്യുക,ആക്കിത്തീർക്കുക എന്ത്? ശ്രീപതേ ത്വത് പദാംഭോജഭക്തം കുരു അ ല്ലയോ ലക്ഷ്മീകാന്താ, അങ്ങയുടെ പാദാര വിന്ദങ്ങളിൽ ഭക്തിയുള്ളവനാക്കി തീ ർക്കേണമേ.

കൃപാലോ, ഹരേ, കേശവാ, ജഗത്കാര ണാ, ജഗന്നാഥാ, നാരായണാ, അനന്തോ, വി ഷ്ണോ അങ്ങേയ്ക്കു നമസ്ക്കാരം. ഹേ ശ്രീ പതേ അങ്ങയുടെ നാമങ്ങൾ സന്തോഷ ത്തോടെ ഉരുവിട്ടുകൊണ്ടിരിക്കുന്ന എന്നെ അവിടുത്തെ പാദഭക്തനാക്കിയാലും കൃ പാലോ എന്നതിനു പകരം മുരാരേ എന്നും അനന്ത എന്നതിനു പകരം ആനന്ദ എന്നും പാഠഭേദം കണ്ടിട്ടുണ്ട്.

**വിഷ്ണുഭുജംഗം 15**

നമസ്ക്കാരവും പ്രാർത്ഥനയും തുടരുന്നു
നമോ വിഷ്ണവേ വാസുദേവായ തുഭ്യം
നമോ നാരസിംഹായ ശേഷായ തുഭ്യം
നമ: കാലരൂപായ സംഹാരകർത്രേ
നമസ്തേ വരാഹായ ഭൂയോ നമസ്തേ

വിഷ്ണവേ വിശ്വവ്യാപിയായവിഷ്ണുവും, വാസുദേവായ വാസുദേവനുമായ, തുഭ്യം ന മ അങ്ങയ്ക്ക് നമസ്ക്കാരം,

നാരസിംഹായ നരസിംഹമൂർത്തിയും, ശേഷായ അനന്തനുമായ, തുഭ്യം നമഃ അങ്ങയ്ക്ക് നമസ്ക്കാരം,

കാലരൂപായ കാലരൂപനും, സംഹാരകർത്രേ സംഹാരകർത്താവുമായ, തുഭ്യം നമഃ അങ്ങ യ്ക്ക് നമസ്ക്കാരം വരാഹായവരാഹരൂപി യായ, നമസ്തേ അങ്ങയ്ക്ക് നമസ്ക്കാരം, ഭൂയോ വീണ്ടും വീണ്ടും, ഭൂയോ നമസ്തേ വീണ്ടും വീണ്ടും അങ്ങയ്ക്ക് നമസ്ക്കാരം

**വിഷ്ണുഭുജംഗം 16**

നമസ്ക്കാരം തുടരുന്നു
നമസ്തേ നമസ്തേ ജഗന്നാഥ വിഷ്ണോ
നമസ്തേ നമസ്തേ ഗദാചക്രപാണേ
നമസ്തേ നമസ്തേ പ്രപന്നാർത്തിഹാരിൻ
സമസ്താപരാധം ക്ഷമസ്വാഖിലേശ

ജഗന്നാഥ വിഷ്ണോ ജഗത്തിന്റെ നാഥ നായ വിഷ്ണോ, നമസ്തേ നമസ്തേ അങ്ങേയ്ക്കു നമസ്ക്കാരം

ഗദാചക്രപാണേ ഗദയും ചക്രവും കൈക ളിൽ ധരിച്ചിരിക്കുന്നവനേ, നമസ്തേ നമസ് തേ അങ്ങയ്ക്കു നമസ്ക്കാരം, പ്രപന്ന അഭ യം പ്രാപിച്ചവൻ(ശരണാഗതൻ), ആർത്തി, ദു:ഖം, ഹാരി ഹരിക്കുന്നവൻ (ഇല്ലാതാക്കു ന്നവൻ), പ്രപന്നാർത്തിഹാരിൻ ശരണാഗത ന്മാരുടെ സങ്കടങ്ങളെ ദൂരീകരിയ്ക്കുന്നവനേ,

നമസ്തേ നമസ്തേ അങ്ങയ്ക്കു നമസ് ക്കാരം, അഖിലേശാഅല്ലയോ സർവ്വേശ്വരാ, സമസ്താപരാധം എല്ലാ അപരാധങ്ങളും, ക്ഷമസ്വ ക്ഷമിച്ചാലും.

ലോകനാഥനായ വിഷ്ണുഭഗവാനേ അ ങ്ങയ്ക്കു നമസ്ക്കാരം ഗദാചക്രപാണിയായ അങ്ങയ്ക്ക്നമസ്ക്കാരം ശരണാഗതന്മാരുടെ ദു:ഖങ്ങൾക്ക് അറുതിവരുത്തുന്ന അങ്ങയ്ക്ക് നമസ്ക്കാരം.സർവ്വേശ്വരാ എന്റെ എല്ലാ അ പരാധങ്ങളും പൊറുക്കേണമേ. നാമങ്ങൾ വീ ണ്ടും വീണ്ടും ആവർത്തിയ്ക്കുകയും നമസ് തേ എന്നു പലപ്രാവശ്യം പറയുകയും ചെയ്യുന്നതും ഭക്തി പാരവശ്യത്തെയാണ് കാണിക്കുന്നത്.

**വിഷ്ണുഭുജംഗം 17**

സ്വരൂപവർണ്ണനയോടുകൂടി ഭഗവാനെ വീ ണ്ടും വീണ്ടും വാഴ്ത്തുന്നു.

മുഖേ മന്ദഹാസം നഖേ ചന്ദ്രഭാസം
കരേ ചാരു ചക്രം സുരേശാഭിവന്ദ്യം
ഭുജംഗേ ശയാനം ഭജേ പദ്മനാഭം
ഹരേരന്യദേവം നമന്യേ നമന്യേ.

മുഖേ മന്ദഹാസം മുഖത്ത് മന്ദഹാസ ത്തോടുകൂടിയവനും, നഖേ ചന്ദ്രഭാസം നഖ ങ്ങളിൽ ചാന്ദ്ര ശോഭയുള്ളവൻ. (വെളുത്ത ഭംഗിയുള്ള നഖങ്ങൾ ഉള്ളവൻ), കരേ ചാരു ചക്രം കൈയ്യിൽ സുദർശനചക്രം ധരിച്ചിട്ടു ള്ളവൻ, സുരേശാഭിവന്ദ്യം ദേവേന്ദ്രാദികൾ പോലും വന്ദിയ്ക്കുന്നവനും, ഭുജംഗേ ശയാ നം അനന്തനാഗമാകുന്ന മെത്തയിൽ ശയി ക്കുന്നവനും ആയ, ഭജേ പദ്മനാഭം പദ്മനാ ഭനെ, മഹാവിഷ്ണുവിനെ ഞാൻ ഭജിക്കുന്നു . ഹരേരന്യദേവം ഹരിയല്ലതെ മറ്റൊരു ദേവനെ, ന മന്യേ ന മന്യേ ഞാൻ അറിയു ന്നില്ല.

മുഖത്തു മന്ദഹാസവും നഖത്തിൽ ചന്ദ്രകാ ന്തിയും തൃക്കൈയ്യിൽ സുദർശനചക്രം ധരി

ച്ചിരിക്കുന്നവനും ഇന്ദ്രാദികളാൽ വന്ദിതനും അനന്തതല്പത്തിൽ പള്ളികൊള്ളുന്നവനുമായ പദ്മനാഭനെ ഞാൻ ഭജിയ്ക്കുന്നു.ഹരിയെ ഒഴിച്ച്,വിഷ്ണുവിനെ ഒഴിച്ച് മറ്റൊരു ദൈവത്തെ ഞാൻ അറിയുന്നില്ല,അറിയുന്നില്ല.

**വിഷ്ണുഭുജംഗം 18**

അവസാനം ഫലശ്രുതി പ്രതിപാദിയ്ക്കുന്ന ശ്ലോകമാണിത്.

ഭുജംഗപ്രയാതം പഠേദ്യസ്തു ഭക്ത്യാ
സമാധായ ചിത്തേ ഭവന്തം മുരാരേ
സ മോഹം വിഹായാശു യുഷ്മത്പ്രസാദാത്
സമാശ്രിത്യ യോഗം വ്രജത്യച്യുതം ത്വാം

ഹേ മുരാരേ ഹേ മുരാന്തകനായ വിഷ്ണോ, പഠേദ്യസ്തുപഠേത് യഃ തു യഃ തു പഠേത് ഏതൊരാൾ ചൊല്ലുന്നുവോ, എങ്ങനെയാണ് ചൊല്ലുന്നത്? ഭക്ത്യാ ഭക്തിയോടെ, ഭവന്തം അങ്ങയെ, സമാധായ ചിത്തെ ചിത്തേ സമാധായ ചിത്തത്തിൽ,മനസ്സിൽ ഉറപ്പിച്ചുകൊണ്ട്, ഭുജംഗപ്രയാതം വിഷ്ണുഭുജംഗപ്രയാതം എന്ന ഈ സ്തോത്രം, പഠേത് ചൊല്ലുന്നുവോ, സഃ ആ വ്യക്തി, യുഷ്മത് അങ്ങയുടെ, പ്രസാദാത് പ്രസാദം കൊണ്ട്, മോഹം വിഹായാശു ആശു മോഹം വിഹായ, ആശു താമസിയാതെ തന്നെ, മോഹം മോഹങ്ങൾ, വിഹായ വെടിഞ്ഞ്, സമാശ്രിത്യ യോഗം യോഗം സമാശ്രിത്യ യോഗമാർഗ്ഗത്തെ ആശ്രയിച്ച്, വ്രജത്യച്യുതം ത്വാം അച്യുതം ത്വാം വ്രജതി, അച്യുതം നാശരഹിതനായ, ത്വാം അങ്ങയെ, വ്രജതി പ്രാപിക്കുന്നു

ഭുജംഗപ്രയാതം എന്ന ഈ സ്തോത്രം യാതൊരാൾഭഗവാൻ വിഷ്ണുവിനെ മനസ്സിൽ ഉറപ്പിച്ച് ഭക്തിയോടെ ജപിക്കുന്നുവോ അയാൾ അങ്ങയുടെ അനുഗ്രഹത്താൽ മോഹങ്ങൾ,സംസാരദു:ഖം വെടിഞ്ഞ് യോഗമാർഗ്ഗത്തെ ആശ്രയിച്ച് അനശ്വരമായ അങ്ങയുടെ പദത്തെ പ്രാപിയ്ക്കുന്നു. ഭഗവത് പ്രസാദവും പരമപദപ്രാപ്തിയുമാണ് ഈ സ്തോത്രാലാപനത്തിന്റെ ഫലം

## സമസ്യാ പൂരണം

**തോടില്ലാതായ് സലിലമഖിലം പാടവും വന്നു മൂടി
പാടില്ലാതായ് കൃഷി പലവിധം കേരളം നാശമായീ
നാടില്ലാതായ് മനസി ദുരയാൽ കാടുവെട്ടിത്തെളിച്ചു
കാടില്ലാതായ് കരികളുമിതാ നാടു കാണാനിറങ്ങീ**

**ഹരികുമാർ ,**
**പാണാട്ടില്ലം, കുറിച്ചിത്താനം.**

**വീടില്ലാതായ്, വികൃതിവിലസും ഭൂമിയും വാർന്നുപോയീ
നാടില്ലാതായ്, നദികളൊഴുകും നാദവും നിന്നുപോയീ
മാടില്ലാതായ്, മണികൾ വിളയും മണ്ണിതും വിണ്ടുണങ്ങീ
കാടില്ലാതായ്, കരികളുമിതാ നാടുകാണാനിറങ്ങീ**

**റ്റി എൻ ബി**

**സമസ്യകാരന്റെ പൂരണം**

**കൂടും മോഹം പെരുകി വനവും ചെന്നു കയ്യേറിടുന്നൂ
നേടാമെന്തും കരുതി വിരുതും കാട്ടി നേടുന്നു സർവ്വം
പാടില്ലെന്നങ്ങവരൊടു രിയാടീടുവാൻ വയ്യ കഷ്ടം
കാടില്ലാതായ് കരികളുമിതാ നാടുകാണാനിറങ്ങീ**

**ഗിരിജാ എൻ നമ്പൂതിരി,**
**വടുതലായിൽ ഇല്ലം, കുടക്കച്ചിറ**



**അഭിനന്ദനങ്ങൾ**
പ്ലസ് ടു ഉന്നതവിജയം നേടിയ ആണ്ടൂർ പൊതിയിൽ ഇല്ലത്ത് രാജീവിന്റെയും രശ്മിയുടെയും പുത്രൻ
**ആനന്ദ് പി ആർ**

കവിത

# തിരുവോണസ്സദ്യ കുടജാദ്രിയിൽ

**വാസുദേവൻ നമ്പൂതിരി വി. എൻ.**
മേവട വരകപ്പള്ളിൽ ഇല്ലം

(ഓണാവധിക്കു കുടജാദ്രിയിൽ പോയി, ബദ്ധപ്പെട്ടാണെങ്കിലും ശങ്കരപീഠത്തിലെത്തി. മൂന്നു വ്യാഴവട്ടങ്ങൾക്കുശേഷം അവിടം മാറ്റങ്ങൾക്കു വിധേയമായതായിക്കണ്ടു. ആൾക്കാർ പ്രകൃതിയെ പരിഗണിക്കാതെ അവിടേക്കെത്തുന്നു. വനമദ്ധ്യത്തിൽ കൊടുമുടിയിൽ അത്ഭുതക്കാഴ്ചയായി ആ കോവിൽ നിലകൊള്ളുന്നു. പഴയ ആൾക്കാർ പോയ്മറഞ്ഞു. സമയത്തിന്റെയും (24 മിനിട്ട് ) ദൂരത്തിന്റെയും (മൈൽ) ഏകകമായി നാഴിക എന്ന പദം ഈ കവിതയിൽ കൊടുത്തിട്ടുണ്ട്. കുടജാദ്രി എന്നെന്നും ഒരു പ്രഹേളികയായി നിലകൊള്ളുന്നു.)

ഞാനുമെൻ ഭാര്യയും മക്കളു രണ്ടുപേ-
രായൊത്തുപോയി കൊല്ലൂരിലേക്കായ്.
ഉത്രാടനാളിൽ തിരക്കൊഴിഞ്ഞീടുമെ-
ന്നത്രെ ഞങ്ങൾ മനസ്സിൽക്കരുതി.
അന്നു മൂകാംബികാദേവിയെക്കാണുവാൻ
എന്തായിരുന്നൂ തിരക്കവിടെ.
ക്യൂ നിന്നു നാഴികയൊന്നുരേണ്ടവരും
ദേവിതൻ ബിംബമടുത്തു കണ്ടു.
പൂജ തീരുമ്പോൾ ലഭിച്ചിടുമൗഷധം
സ്വാദോടെ സേവിച്ചു സംതൃപ്തരായ്.

രാവിലെ വീണ്ടും തൊഴുതു മൂകാംബികാ
ദേവിയെ,യോണത്തിനും തിരക്കായ്.
ശ്രീശങ്കരൻ തപം ചെയ്ത കുടജാദ്രി
കാണുവാനായിയടുത്ത യാത്ര.
ചായകുടി കഴിഞ്ഞേഴെട്ടു നാഴിക
കാറിലൂടേ ഞങ്ങളോടിടുമ്പോൾ,
ആ വഴിയിൽക്കാത്തുനിന്നിടും ജീപ്പിന്റെ
സാരഥി മുന്നിലായ് വന്നുനിന്നു.
'ഞാനെന്റെ ജീപ്പിലെത്തിച്ചിടാം നിങ്ങളേ
രൂപ നൽകീടണം മൂവായിരം.
ആകെയീ ജീപ്പിന്റെ ചാർജ്ജാണു, മറ്റുള്ള
കാണാച്ചിലവുകൾ നൽകിടേണം.'

ജീപ്പിലേറീ ഞങ്ങൾ യാത്രചെയ്തീടവേ,
ഒപ്പമായ് വന്നൊരു ജോഡിയപ്പോൾ.
വന്നവർ ദമ്പതിമാരാം ഭിഷഗ്വരർ,
കന്നഡ മാത്രമറിയുന്നവർ.
ഒന്നൊന്നര മണിക്കൂർ കല്ലുപാതയിൽ
തെന്നിത്തിരിഞ്ഞു മേലെത്തുവോളം,
ഓരോ വളവിലും കമ്പിമേൽക്കൈക്കെ
പിടിച്ചാവേശമോടേയിരുന്നു ഞങ്ങൾ.

നേരം മണിയൊരു രണ്ടരക്കെത്തിയാ
ഘോരമാം കാനനപാത മേലെ.
മേരു പോലുന്നതമായൊരു കുന്നിലേ
ക്കേറുകയാണു വരും ജനങ്ങൾ.
ക്ഷീണമുണ്ടാകയില്ലെന്ന വിചാരത്തി
ലാണവിടേക്കു തിരിച്ചു മെല്ലെ.
ധാരാളമാളുക,ളേറെയും കേരള
നാടിൽനിന്നെത്തിയോരായിരുന്നു.
രണ്ടരനാഴികനേരമെടുത്തു നാ-
മല്ലലറിയാതെ മോളിലെത്തി.
ശ്രീശങ്കരൻ തപം ചെയ്ത ശിലയുടെ
ശ്രീകോവിൽ മാത്രമേ കാണ്മതുള്ളു.
പച്ചനിറം പൂണ്ട കാനനഛായകൾ
മെച്ചമായുണ്ടടിഭാഗമെങ്ങും.
ഉച്ചിയിലീയൊരു കൊച്ചമ്പലമതിൽ
സ്വച്ഛമായ്പ്പാർത്തിടാമൊട്ടു നേരം.
ശങ്കരാചാര്യർക്കൊരാസനമേകുവാൻ
ശങ്കയുണ്ടായില്ലയീ ശിലയിൽ.

നാഴികയൊന്നവിടായിച്ചിലവഴി

ച്ചൂഴിയിലേക്കു മടങ്ങ- ഞങ്ങൾ.
മേലേക്കു കേറുന്ന പോലെയെളുപ്പമ-
ല്ലാഴത്തിലേക്കു തിരിച്ചിറങ്ങാൻ.
വേഗമിറങ്ങിയാലാമണ്ണിലൂടുര-
ഞ്ഞാൽക്കാലു തെന്നി മറിഞ്ഞുവീഴും.
ഏറെ സൂക്ഷിച്ചു ചെടികളിൽക്കൈക്കെ പിടി
ച്ചോരോ ചുവടുകൾ വച്ചു ഞങ്ങൾ.
നേരമധികമെടുത്തു താഴേക്കെത്തി
ഭാരമപ്പോൾ കുറവെന്നു തോന്നി.
താഴെയൊരു ചെറുകച്ചോടമുണ്ടതിൽ
മോരിന്റെ വെള്ളം തരുന്നു ചേച്ചി.
ഊണിന്നഭാവത്തിലാ മോരിനുള്ളൊരു
സ്വാദു ഞാനെങ്ങനെയോതിടേണം?
അങ്ങനെയോണത്തിനൂണിന്റെ സ്ഥാനത്തു

മജ്ജികയാലേ പശിയടക്ക-

വ്യാഴവട്ടം മൂന്നു മുമ്പിലും ഞങ്ങളീ
ശൈലശൃംഗം വന്നു കണ്ടിരുന്നു.
അന്നു പരമേശ്വരഭട്ടുമമ്മയും
ഞങ്ങൾക്കൊരാശ്വാസമായിരുന്നു.
ഇന്നുള്ള പൂജാരിയാ പുണ്യവാളന്റെ
സന്താനമെന്നും പറഞ്ഞറിഞ്ഞു.
അന്നു തങ്കപ്പന്റെ പുട്ടും കടലയു
മുണ്ടായിരുന്നൂ വിശപ്പടക്കാൻ.
ഇന്നീ വഴിക്കാരുമേറില്ലയദ്രിയിൽ
വന്നു ചേരാൻ ജീപ്പുയാത്രമാത്രം.

ആയിരമാണ്ടുകൾ മുമ്പിലാ ശൈലത്തി
ലേറിയാ ശങ്കരാചാര്യരന്ന്.
എങ്ങിനെയാ ശിലാമണ്ഡപമദ്രിതൻ
തുഗമാം സ്ഥാനത്തു വന്നുചേർന്നു ?
നാമിങ്ങറിയണം 'മാനവനെത്രയോ
പാവ'മാണെന്ന മഹദ്വചനം .!

@ മജ്ജിക =മോരിന്റെ കന്നഡരൂപം.

കഥ

# അസ്തമയവും കാത്ത്

**ഉണ്ണികൃഷ്ണ ശർമ്മ റ്റി.എൻ.**
തുരുത്തിയിൽ ഇല്ലം, കുറവിലങ്ങാട് ശാഖ

കടപ്പുറത്തേക്ക് ഇറങ്ങുന്ന പടിക്കെട്ടിന്റെ അരികിലായി ഉണ്ടായിരുന്ന സിമന്റ് ബെഞ്ചിൽ ആ വൃദ്ധ ദമ്പതികൾ കടലിലേക്ക് നോക്കി ഇരുന്നു. കോവിഡ് കാലമായിരുന്നതുകൊണ്ട് തിരക്ക് കുറവായിരുന്നു. കുട്ടികൾ കലപില ശബ്ദം ഉണ്ടാക്കുന്നത് ശ്രദ്ധിച്ചുകൊണ്ട് അവർ കുറേ നേരം അവിടെത്തന്നെ ഇരുന്നു .

കാഴ്ച മിക്കവാറും നഷ്ടപ്പെട്ട കണ്ണുകൾ അടച്ചു തുറന്ന് അയാൾ ചോദിച്ചു. 'അസ്തമിക്കാറായി അല്ലേ ?

'അതെ'

' പോകണ്ടേ ?'

'പോയേക്കാം'

അയാളെ കൈകളിൽ പിടിച്ച് എഴുന്നേൽപ്പിച്ച് അവർ പതുക്കെ നടന്നു റോഡിനപ്പുറം കിടന്ന ഒരു ഓട്ടോയിൽ കയറി. വൃദ്ധസദനത്തിന്റെ മുൻപിലെത്തിയ അവർ ഓട്ടോയിൽ നിന്നും ഇറങ്ങി മെല്ലെ അയാളെയും കൂട്ടി ഉള്ളിലേക്ക് നടന്നു. കുളിയും പ്രാർത്ഥനയും കഴിഞ്ഞ് രാത്രി ഭക്ഷണമായ കഞ്ഞിയും ചമ്മന്തിയും സ്പൂണിൽ അയാളുടെ വായിൽ കൊടുത്ത് വായും മുഖവും കഴുകി തിരികെ കിടത്തിയിട്ട് അവർ ഭക്ഷണം കഴിക്കുവാൻ ആരംഭിച്ചു.

' നിനക്ക് കിടക്കാറായോ?'

' ഇല്ല എന്താ വേണ്ടത് പറഞ്ഞോളു'

'ഒരുമിച്ച് ജീവിക്കാൻ തുടങ്ങിയിട്ട് എത്ര വർഷമായി ഓർക്കുന്നുണ്ടോ'

'അറുപത് '

' ഇവിടെ വന്നിട്ട് എത്ര നാളായി ?'

' മൂന്നുവർഷമായി

അവർ അയാളുടെ അടുത്തുചെന്നി രുന്ന് നെഞ്ച് തടവി കൊടുത്തു.

അന്ന് അവരുടെ വിവാഹ വാർഷികം ആയിരുന്നു. അവിടെ ഉണ്ടായിരുന്ന എല്ലാവർക്കും അന്ന് മധുരം കൊടുക്കാൻ സാധിച്ചു.

'താൻ ഒറ്റയ്ക്കായി കഴിഞ്ഞാൽ വീട്ടിലേക്ക് തിരിച്ചു പോകുമോ ?'

'എന്തിനാണിപ്പോൾ ഇങ്ങനെയൊ ക്കെ പറയുന്നത്? നാമം ജപിച്ച് കിടന്നു ഉറങ്ങിക്കോളൂ'.

മൂന്നുവർഷം മുൻപേ വീട് ഉപേക്ഷിച്ചു പോന്നതാണ്. ഇനിയങ്ങോട്ട് തിരിച്ചു പോകേണ്ട കാര്യമില്ലല്ലോ .

അയാളിൽനിന്ന് ഒരു ദീർഘനിശ്വാസം ഉയർന്നു. 60 നീണ്ട സംവത്സരങ്ങൾ. പരസ്പരം പറയാനുള്ളതെല്ലാം ഇക്കാലം കൊണ്ട് പറഞ്ഞു തീർത്തിരിക്കുന്നു. ഉള്ളിൽ ശൂന്യത മാത്രമാണ് ഇപ്പോൾ. എങ്കിലും ചിലപ്പോൾ നിശബ്ദമായ ഒരു നിലവിളി മനസ്സിൽ നിന്ന് ഉയരുന്നതായി തോന്നാറുണ്ട്.

മറ്റ് അന്തേവാസികൾ ഒക്കെ ഇപ്പോൾ അവർക്ക് സുപരിചിതരാണ് ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും എല്ലാവർക്കും പറയാനുള്ളത് ഒറ്റപ്പെടലിന്റെ കഥകൾ മാത്രം

അന്നവർ വൈകിയാണ് ഉറങ്ങിയത്. അപ്പുറത്ത് കിടക്കുന്ന ഭർത്താവിന്റെ കൂർക്കംവലി അവരെ അലോസരപ്പെടുത്തിയില്ല. രാവിലെ നോക്കിയപ്പോൾ അയാൾ ഉറക്കം ഉണർന്നിട്ടില്ല .

വിളിച്ചാലോ എന്ന് ആലോചിച്ചു. ബാത്ത് റൂമിൽ പോയി തിരിച്ചുവന്ന് അയാളുടെ നെറ്റിയിൽ കൈകൾ ചേർത്ത് മെല്ലെ വിളിച്ചു.

'ഏഴു മണി കഴിഞ്ഞു എഴുന്നേൽക്കാറായില്ലേ?' പ്രതികരണം ഒന്നും കേൾക്കാതെ ആയപ്പോൾ അവർ സംശയത്തോടെ അയാളെ കുലുക്കി വിളിച്ചു. അനക്കമില്ല. താൻ ഒറ്റയ്ക്കായിരിക്കുന്നു എന്ന യാഥാർത്ഥ്യം അവർക്ക് ഒരു ആഘാതമായി മനസ്സിൽ പതിഞ്ഞു. കുറേനേരം കണ്ണടച്ച് കസേരയിൽ ഇരുന്നിട്ട് ഭിത്തിയിൽ ഉണ്ടായിരുന്ന കോളിംഗ് ബെല്ലിൽ, വിരൽ. അമർത്തി

മുറിയിലേക്ക് വന്നയാൾ ഒരു നിമിഷം സംശയിച്ചു നിന്നു അവിടെ ഇരുന്നുകൊണ്ട് അവർ കട്ടിലിലേക്ക് കൈ ചൂണ്ടി പറഞ്ഞു, 'അദ്ദേഹം.... വിവരമറിഞ്ഞ് മുറിയിലേക്ക് ആളുകൾ വന്നു തുടങ്ങി സ്ഥാപനത്തിന്റെ നടത്തിപ്പുകാരോട് കാര്യങ്ങൾ സംസാരിച്ച് ശേഷം അവർ മെല്ലെ പുറത്തേക്ക് ഇറങ്ങി

ഫോൺ കയ്യിൽ എടുത്തു വിദേശത്തുള്ള മകനെ വിളിച്ചു

'എന്താണ് അമ്മേ ഈ സമയത്ത്'. അവിടെ ഇപ്പോൾ രാത്രിയായിരിക്കും എന്ന കാര്യം പെട്ടെന്നാണ് ഓർമ്മ വന്നത്.

'അച്ഛൻ...... അച്ഛൻ പോയി'.

ഫോണിന്റെ അങ്ങേ തലയ്ക്കൽ നിന്ന് ഒരു തേങ്ങലിന്റെ ശബ്ദം അവരുടെ കാതിൽ പതിച്ചു.

'നീ വിഷമിക്കേണ്ട. നിനക്ക് ഇപ്പോൾ പെട്ടെന്ന് വരാൻ ആവുന്ന സാഹചര്യം അല്ലെന്ന് എനിക്കറിയാം, സംസ്കാര കർമ്മങ്ങൾ നടത്താൻ ഇവിടെ ഉള്ളവർ വേണ്ടത് ചെയ്തുകൊള്ളും. ചിതാഭസ്മം ഞാൻ ഇവിടെ സൂക്ഷിച്ചുകൊള്ളാം നീ വരുമ്പോൾ നമുക്കത് തിരുനാവായയിൽ സമർപ്പിച്ച് കർമ്മങ്ങൾ ചെയ്യാം. '

അപ്പുറത്തുനിന്നുള്ള ഗദ്ഗദങ്ങൾ അവസാനിക്കുവാൻ കാത്തുനിൽക്കാതെ അവർ സംസാരം നിർത്തി മുറിയിലേക്ക് പോന്നു. ഇനിയെന്നാണാവോ തന്റെ അസ്തമയത്തിന്റെ ഊഴം.


കവിത

# സുപ്രഭാതം

**എൻ കെ നമ്പൂതിരി, ആനിക്കാട്**
ചിറമംഗലത്തില്ലം, ഫോൺ 8113070629

നേരം പുലരുന്നതേയുള്ളു പൂങ്കോഴി
കൂകിയുണർത്തുന്നു ജീവജാലങ്ങളെ
സഹ്യന്റെയുത്തുംഗ ശൃംഗത്തിനപ്പുറം
വിണ്ണിലുയരുന്നു ചെങ്കനൽ ശോഭയും
വാനിൽ വർണ്ണങ്ങൾ വാരി വിതറുന്നു
ഭൂമിക്കു പട്ടു മേലാപ്പു തീർക്കുന്നു.
പുൽക്കൊടിത്തുമ്പിലും സൂര്യ കിരണങ്ങൾ
സപ്തവർണ്ണങ്ങൾ വിടർത്തുന്നു വിസ്മയം
പക്ഷികൾ മെല്ലെപ്പറക്കുന്നു വാനിലും
പാറിപ്പറന്നു രസിക്കുന്നു ശലഭങ്ങൾ
പുലർകാല വെട്ടം പടർന്നിതെല്ലാടവും
ചേലുള്ളൊരാരുമ്പിളി മാനത്തുമാഞ്ഞു
മഞ്ഞുപാളിയിൽക്കൂടി ചിതറുന്നു
സൂര്യന്റെ പൊൻ കതിർ നാളങ്ങളെങ്ങും
പുലരിതൻ പുഞ്ചിരിപ്പാലൊളി വീശുന്നു
കുറുമൊഴിമുല്ലയും വെള്ളമന്ദാരവും
ഭൂമിതൻ പുഞ്ചിരി പൂക്കളായ് മാറുമ്പോൾ
കിളിക്കൊഞ്ചൽ മാറുന്നു ഭൂമിതൻ ഗാനമായ്
കോടമഞ്ഞിൻ കുളിരിൽ പ്രകൃതിയും
കോരിത്തരിക്കുന്നു പുലർകാല വേളയിൽ
എങ്ങും നിറഞ്ഞോരു സൗരഭ്യമുൾക്കൊണ്ട്
മന്ദാനിലൻ മെല്ലെ വീശിത്തുടങ്ങുന്നു

## ആദരാഞ്ജലികൾ



മണിമല ശാഖ ചിറക്കടവ് പുന്നശേരി ഇല്ലത്ത് കേശവൻ നമ്പൂതിരി 2024 സെപ്റ്റംബർ 20 നു വിഷ്ണുപാദം പൂകി.



മലയാള ബ്രാഹ്മണ സമാജം കൂത്താട്ടുകുളം ശാഖ പാലക്കുഴ കീഴേട്ടില്ലത്ത് പരേതനായ കെ ഡി വാസുദേവൻ ഇളയതിന്റെ ഭാര്യ രുഗ്മിണി അന്തർജ്ജനം 2024 സെപ്റ്റംബർ 26 നു വാർദ്ധക്യസഹജമായ അസുഖത്തെ തുടർന്ന് വിഷ്ണു പാദം പൂകി.



മലയാള ബ്രാഹ്മണ സമാജം കൂത്താട്ടു കുളം ശാഖ ആരക്കുഴ നാരായണ മംഗലത്ത് ഇല്ലത്ത് യശഃശരീരനായ നീലകണ്ഠശർമ്മയുടെ പത്നി വസുമതി അന്തർജ്ജനം (79 ) 2024 ഒക്ടോബർ 3 ന് വിഷ്ണുപാദം പൂകി.



മായന്നൂർ കോശാപ്പിള്ളി ഇല്ലത്ത് പരേതനായ മാധവശർമ്മയുടെ സഹധർമ്മിണി ചന്ദ്രവല്ലി അന്തർജ്ജനം (86) 2024 ഒക്ടോബർ 08 നു വിഷ്ണുപാദം പൂകി.



കൊരട്ടി ചെറുവാളൂർ ചെമ്പുക്കാട്ടില്ലത്ത് പരേതനായ ബ്രഹ്മശ്രീ ഉണ്ണികൃഷ്ണൻ ഇളയതിന്റെ സഹധർമ്മിണി രാജം അന്തർജ്ജനം (80) 2024 നവംബർ 1 ന് വിഷ്ണു പാദം പൂകി



കൂത്താട്ടുകുളം മേക്കടമ്പ് എളംബ്ലാശേരി ഇല്ലത്ത് ബ്രഹ്മശ്രീ കേശവൻ ഇളയത് 2024 നവംബർ 4 നു വിഷ്ണുപാദം പൂകി



നോർത്ത് പറവൂർ എഴിക്കര പറപ്പിള്ളി ഇല്ലത്ത് സരസ്വതി അന്തർജനം (77) 2024 നവംബർ 5 ന് വിഷ്ണു പാദം പൂകി

**ന ജായതേ മ്രിയതേ വാ കദാചിദ്**
**നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ**
**അജോ നിത്യഃ ശാശ്വതോऽയം പുരാണോ**
**ന ഹന്യതേ ഹന്യമാനേ ശരീരേ**

**ഈ ആത്മാവ് ഒരിക്കലും ജനിക്കുന്നില്ല. മരിക്കുന്നുമില്ല. ജനിച്ചിട്ട് വീണ്ടും ജനിക്കാതിരിക്കുന്നുമില്ല. ജന്മമില്ലാത്തവനും നിത്യനും സ്ഥിരനും പണ്ടേ ഉള്ളവനുമായ ഇവൻ ശരീരം ഹതമാകുമ്പോൾ ഹനിക്കപ്പെടുന്നുമില്ല.**

**അദ്ധ്യായം 2 – സാംഖ്യയോഗഃ – ശ്ലോകം 20**

യാത്രാക്കുറിപ്പ്

# കേദാർ ബദരി യാത്ര ഒരു പുണ്യമഹായനം

**സുമംഗലാ ജാതേവദൻ**, മഴുവഞ്ചേരി ഇല്ലം, അങ്കമാലി

**പാദസ്പർശം ക്ഷമസ്വ മേ..**

ഈ ഭൂപ്രകൃതിയിലൂടെ വേണം കേദാർനാഥിലേയ്ക്കു സഞ്ചരിയ്ക്കാൻ. വെറും സഞ്ചാരമല്ല, 14.5 കിലോ മീറ്റർ ദൂരം കയറണം. ഏതാണ്ട് കുത്തനേയുള്ള കയറ്റം. പർവതത്തിലെ പാറക്കെട്ടുകൾ ഉടച്ചൊതുക്കിയും കല്ലുകൾ നീക്കിയും മണ്ണിടിയാതെ കമ്പിവല കെട്ടിയുമാണ് കയറാനുള്ള മലമ്പാത നിർമ്മിച്ചിരിയ്ക്കുന്നത്. പലയിടങ്ങളിലും പർവതത്തിലെ കല്ലടുക്കുകൾ കൊത്തിക്കളഞ്ഞു വഴിയുണ്ടാക്കിയിരിക്കുന്നു. അടിവശത്തുനിന്നേ വളഞ്ഞ് ആർച്ചുപോലെയാണ് ചെത്തിയൊതുക്കിയ ഭാഗം നില്ക്കുന്നത്. ഈ നിർമിതി തന്നെ ഒരു കാഴ്ചയാണ്. ഈ പരുക്കൻ പർവതച്ചുമരുകളോടു ചേർന്നു നടക്കുക ഭയവും കൗതുകവും കലർന്ന അനുഭവമാണ്. പർവതത്തിൽനിന്നു കല്ലിളകിവീഴുമെന്ന ആശങ്കയുണ്ട്, സഞ്ചാരികൾ ശ്രദ്ധിച്ചുപോകണം എന്നു പലയിടത്തും ഉത്തരാഖണ്ഡ് സർക്കാർ തന്നെ ബോർഡു വച്ചിട്ടുണ്ട്. എത്ര ദുർഘടവും സാഹസികവുമാണ് ഇതിലേയുള്ള യാത്രയെന്ന് ഊഹിയ്ക്കാം. ഇങ്ങനെ എത്ര പറഞ്ഞാലും തീരാത്ത വിശേഷങ്ങളാണ് ഹിവാമാന്റേത്.

ഹേ ദേവതാത്മൻ! നിന്റെ ഹൃദയസിരകളിലൂടെയാണ് ഞങ്ങൾ നീങ്ങുന്നത്. നിന്നെ അനുഭവിച്ചുകൊണ്ട്, നിന്റെ ഔന്നത്യത്തെ നമിച്ചുകൊണ്ട്.

പാദസ്പർശം ക്ഷമസ്വ മേ..

**ദുഷ്കരയാത്ര**

ഗൗരീകുണ്ഡിൽ വെളുപ്പിന് അഞ്ചുമണിയ്ക്കെത്തി. കഠിനമായ തണുപ്പു നേരിടാനുള്ള സന്നാഹങ്ങൾ എല്ലാവരും കരുതിട്ടുണ്ട്. ഏതാണ്ട് അന്യഗ്രഹയാത്രികരെപ്പോലെ തോന്നും വേഷം കണ്ടാൽ. കയറ്റത്തിൽ കുത്തിനടക്കാൻ ഓരോ മുളവടിയും എല്ലാവരും വാങ്ങി. പത്തുപതിനഞ്ചടി വീതിയുള്ള പരുക്കൻ മലമ്പാതയിലൂടെ ഞങ്ങൾ നടക്കാനാരംഭിച്ചു. നിരപ്പുള്ള കല്ലുകളോ പാറകളോ പാകിയാണ് റോഡ് ഉണ്ടാക്കിയിരിയ്ക്കുന്നത്. 'ദ' എന്ന ഇംഗ്ലീഷ് അക്ഷരത്തിനു സമമായാണ് വഴിയുടെ പോക്ക്. ഓരോ തിരിവും കയറ്റംതന്നെ. അമ്പതോ നൂറോ മീറ്ററാവും ഓരോ തിരിവിന്റെയും നീളം.

മുമ്പു പറഞ്ഞപോലെ, ഈ മലമ്പാതയുടെ ഒരു വശത്തു പർവതക്കെട്ടാണ്; മറുവശത്ത് അഗാധമായ ഗർത്തം; ചിലയിടങ്ങളിൽ താഴെ പാറകളിലൂടെ കുതിച്ചുപായുന്ന നദിയുമാവാം. ഭയാനകമെങ്കിലും അതിസുന്ദരമായ കാഴ്ചകളാണത്. കാലുതെറ്റാതെ വളരെ ശ്രദ്ധിച്ചുതന്നെ നീങ്ങണം. സുരക്ഷിതത്വത്തിനു വേണ്ടി ഓരോ അടിയോ മറ്റോ വീതിയുള്ള മൂന്നു നിര ലോഹപ്പാളികളോ പൈപ്പുകളോ ഇരുമ്പു തൂണുകളിൽ പിടിപ്പിച്ചു വഴിവക്കിലുടനീളം കൈവരിയായി ഉറപ്പിച്ചിട്ടുണ്ട്. ഈ പാത അന്യാദൃശമായ നിർമിതിതന്നെ.



മഞ്ഞുപുതച്ച ഹിമവാൻ-കേദാറിലെ ദൃശ്യം

കേദാർയാത്രയുടെ നാളുകളിൽ ലക്ഷക്കണക്കിനാളുകളാണ് ദർശനത്തിനോ സന്ദർശനത്തിനോ ആയി എത്തുന്നത്. എല്ലാവർക്കും ഈ വഴിയിലൂടെ മാത്രമേ പോകാനാകൂ. മുൻകൂട്ടി ബുക്കുചെയ്താൽ ഹെലിക്കോപ്റ്ററിലും പോകാം. ആരോഗ്യപരവും സാമ്പത്തികവുമായ സൗകര്യമനുസരിച്ച് ഏതു മാർഗവും തെരഞ്ഞെടുക്കാം. കാര്യമായ ജനവാസമുളള ലക്ഷണമൊന്നും എവിടെയും കണ്ടില്ല. യാത്രയ്ക്ക് ഒരു മാർഗമല്ല ഉളളത്. 14.5 കിലോ മീറ്റർ കാൽനടയായി കയറാൻ സാധിയ്ക്കുന്നവർക്ക് അങ്ങനെയാകാം. കുതിരപ്പുറത്തുപോകാനുള്ള സൗകര്യവുമുണ്ട്. അതല്ലെങ്കിൽ നാലുപേർചേർന്നു ചുമക്കുന്ന ഡോളികൾ ലഭ്യമാണ്. അതുമല്ലെങ്കിൽ ഒരാൾ ചുമട്ടുകുട്ടയിലിരുത്തി മുതുകിൽവച്ച് എടുത്തുകൊണ്ടു പോകുന്ന 'പിട്ഠു' സംവിധാനവുമുണ്ട്. ഇവയിലെ ചുമട്ടുകാർ ഒതുങ്ങിയ ഉറച്ച ശരീരമുള്ള താരതമ്യേന കുറിയ ആളുകളാണ്. അത്ഭുതകരമായ ശരീരശേഷിയാണവർക്ക്. ഞങ്ങൾ നടന്നുകയറാമെന്നുതന്നെ കരുതി. നിരവധി കാലടികൾക്കൊപ്പം ഞങ്ങളുടേതും മുന്നോട്ടുനീങ്ങി.

സദാ ശബ്ദമുഖരിതമാണ് അന്തീക്ഷം. പാഞ്ഞുപോകുന്ന നൂറുകണക്കിനു കുതിരകളുടെയും കോവർകഴുതകളുടെയും കഴുത്തിലെ ചെമ്പുമണികളുടെ ചിലമ്പിച്ച നാദമാണ് എവിടേയും. അവയെ തെളിയ്ക്കുന്നരുടെ ഹേ ഹേ ഹൊയ് ഹൊയ് വിളികളും കേൾക്കാം.

മനുഷ്യഭാരവുമായി അതിവേഗം ഓടിക്കയറുന്ന 'ഡോളിക്കാരുടെയും പിട്ഠു' വാഹകരുടെയും സൈഡ്..സൈഡ്'അഭ്യർത്ഥനകൾ വേറെ. കുതിരകളുടെ നിരന്തരസഞ്ചാരമുള്ളതിനാൽ അവയുടെ ചാണകം വീണ് വഴിയിൽ

പലേടവും നടന്നുനീങ്ങാൻ പറ്റാത്തത്രവിധം വഴുക്കലും വൃത്തികേടും ദുർഗന്ധവുമുണ്ട്. വഴിയിൽ പാകീട്ടുള്ള കല്ലുകൾ ഉടഞ്ഞും തെന്നിനീങ്ങിയും ഉണ്ടായിട്ടുള്ള വിടവുകളിൽ ഈ വിസർജ്യം തളംകെട്ടിയതിനാൽ കാൽ ചവിട്ടാൻ പലപ്പോഴും വിഷമിച്ചു. പലേടത്തും എങ്ങനെ നീങ്ങണമെന്നറിയാതെ സംശയിച്ചു നിന്നു പോകും.

ആലോചിച്ചുകൊണ്ടു നിന്നേടത്തുനിന്നാൽ കാര്യം പന്തിയാവില്ല. വളരെ ശ്രദ്ധിച്ചില്ലെങ്കിൽ ഓടിവരുന്ന കുതിരകൾ നമ്മെ കൂസാതെ തട്ടിയിട്ടു പാഞ്ഞുപൊയ്ക്കളയും. അതും ഒരു വിശേഷാനുഭവം തന്നെ. യജമാനന്റെ ഉപജീവനത്തിനു വേണ്ടി ഈ മിണ്ടാപ്രാണികൾ എത്ര കഷ്ടപ്പെടുന്നു! ഭാരവും വഹിച്ച് ഓടിക്കയറുകയാണ് അവറ്റകൾ. അതും ദിവസം ഒന്നിലധികം പ്രാവശ്യം! മനുഷ്യരെ മാത്രമല്ല, മുതുകിൽ ഇരുവശത്തും തൂക്കിയിട്ട ഗ്യാസ് സിലിണ്ടറുകൾ അടക്കമുള്ള വിവിധ സാധനങ്ങളും അവ ചുമക്കുന്നു.

ഭൂപ്രകൃതിയുടെ വിശേഷത്താൽ ഇതിനൊന്നും അവിടെ വാഹനമാർഗങ്ങളില്ലതാനും. സങ്കടകരമാംവണ്ണം നിർദയരാണ് പല കുതിരക്കാരും. എന്നാൽ ചിലർ അവയെ ഭംഗിയായി പാലിച്ചു നയിയ്ക്കുന്നതും കണ്ടു.

**നടപ്പ് തപസ്സായപ്പോൾ**

സമയം നീങ്ങിയതോടെ നടത്തത്തിന്റെ താളവും വേഗവും മാറി. അവരവരുടെ വേഗമനുസരിച്ചു പലരും വെവ്വേറെ ടീമുകളായി. എങ്കിലും ആര് എവിടെയാണ് എന്നു പരസ്പരം ശ്രദ്ധിച്ചാണ് ഞങ്ങൾ നീങ്ങിയത്. പകൽ മുഴുവനും നടപ്പു തുടരേണ്ടിവരുമെന്നു ഞങ്ങൾക്ക് അറിയാമായിരുന്നു.

കൂടുതൽ ഘനമുള്ള ഭക്ഷണം കഴിച്ചാൽ കയറ്റം ബുദ്ധിമുട്ടാവും. എന്നാൽ കയറാനുള്ള ഊർജം ശരീരത്തിനു വേണംതാനും. അതിനാൽ കൈയിൽ കരുതിയിരുന്ന ഈന്തപ്പഴം, കശുവണ്ടി, ബദാം, പിസ്ത തുടങ്ങിയ ഉണക്കപ്പഴങ്ങളും നാരങ്ങമിഠായിയുംമറ്റും കഴിച്ചാണ് വേണ്ട ദേഹബലം നിലനിറുത്തിയത്. വഴിയോരമെല്ലാം കുത്തനെ താഴേയ്ക്കുള്ള മലഞ്ചെരിവാണ്. ആ ചെരിവുകളിൽ ചിലയിടത്ത് മൂന്നോ നാലോ അടി വീതിയിൽ താരതമ്യേന നിരപ്പായ സ്ഥലം ഉണ്ടാവും. അവിടെ ചായയും വെള്ളവും മറ്റും കിട്ടുന്ന ലഘുഭക്ഷണശാലകളുണ്ട്. ഇവയ്ക്കെല്ലാം ടാർപ്പാളിൻ വലിച്ചുകെട്ടിയ മേലാപ്പാണ് എവിടെയും.

എല്ലാം താത്കാലിക സംവിധാനങ്ങൾ. ഉള്ളിൽ ക്കടന്നാൽക്കാണാം, നിന്നുകൊണ്ടു പാചകം ചെയ്യാനുള്ള ഇടമേയുള്ളു. മിക്കതിലും ഒന്നോ രണ്ടോ ചെറിയ മേശയും അതിനു ചുറ്റും ഇരിപ്പിടങ്ങളുമുണ്ടാവും.

കസേര ചെരിയാതെ സൂക്ഷിച്ചുവേണം ഇരിയ്ക്കാനെന്ന് ഒരു കടയുടമതന്നെ പ്രത്യേകം ഓർമിപ്പിച്ചു. കാരണം, മറിഞ്ഞാൽ വീഴ്ച വളരെ താഴേയ്ക്കാവും. ഇടയ്ക്ക് ദാഹവും വിശപ്പും ശമിപ്പിച്ചു ഞങ്ങൾ നടന്നു. കയറിച്ചെല്ലുന്തോറും കുടിവെള്ളത്തിനു വില കൂടും. കേദാറിലെത്തിയപ്പോൾ നൂറു രൂപയായി ഒരുകുപ്പി വെള്ളത്തിനു വില! സമയത്തോടൊപ്പം ഹിമവത്സിരകളിലൂടെ ഞങ്ങളും മുന്നോട്ടു നീങ്ങി. ഇടയ്ക്കിടെ പിന്നാക്കം തിരിഞ്ഞു നോക്കും. കടന്നുപോന്ന ദൂരം ഒന്നുകൂടി കാണാൻ. പിന്നെ കണ്ണ് ഒന്നു മുകളിലേയ്ക്കു പായും. ഒരു നീക്കുപോക്കുമില്ലാത്ത കയറ്റമാണ് മുന്നിൽ. ഇടയ്ക്ക് റംബാല എന്നൊരു സ്ഥലമുണ്ട്. അതിലെ അളകനന്ദാനദി ഒഴുകുന്നതുകാണാം. നിറയെ വെളുപ്പും കറുപ്പും മങ്ങിയ ചുവപ്പും നിറമുള്ള പാറകളിൽ അലച്ച് നുരഞ്ഞുപതഞ്ഞുള്ള പ്രവാഹം അതിസുന്ദരദൃശ്യമാണ്. അടികാണാവുന്ന തെളിഞ്ഞവെള്ളം. പലരും അതിലിറങ്ങി കൈകാൽ നനയ്ക്കുകയും കുളിയ്ക്കുകയും മറ്റും ചെയ്യുന്നുണ്ട്. അതിനു കുറുകെ നിർമ്മിച്ചിരിയ്ക്കുന്ന പാലത്തിലൂടെ വലത്തേയ്ക്കു തിരിഞ്ഞ് ഹിമവാന്റെ മറ്റൊരു പാർശ്വത്തിലുള്ള വഴിയിലൂടെയാണ് ഇനി സഞ്ചരിയ്ക്കേണ്ടത്. വീണ്ടും നടന്നു. ഉച്ചയായപ്പോഴേയ്ക്കും പകുതി ദൂരം പിന്നിട്ടു. എല്ലാവരുടേയും ഊർജം കുറച്ചൊന്നു കുറഞ്ഞിട്ടുണ്ട്. എങ്കിലും നൂറുകണക്കിനാളുകൾക്കൊ പ്പം ഞങ്ങളും നടന്നുകയറുകയാണ്. ഏതാണ്ട് രണ്ടുമണിയായി. ക്ഷീണമുണ്ട്. മുന്നോട്ടുനീങ്ങാൻ വേറെ മാർഗങ്ങൾ തേടാമെന്നുള്ള നിലയായി പലർക്കും. ഞങ്ങൾ ആറു പേരൊഴികെ പലരും കുതിരപ്പുറത്തും ചിലർ പിട്ഠുവിലും കയറി. യാത്രതുടർന്നു.

**കയറ്റത്തിനിടെ അല്പം വിശ്രമം**

നടന്നു കയറാൻ തീരെ എളുപ്പമല്ല. പക്ഷേ ദൃഢനിശ്ചയംകൊണ്ടും ദേഹസ്ഥിതി സഹായിച്ചതിനാലും നടന്നുതന്നെ നീങ്ങി. ക്ഷീണം തോന്നിയാലും ലക്ഷ്യം മനസ്സിനെ എപ്പോഴും ബലപ്പെടുത്തണെന്ന് ഞങ്ങൾ പരസ്പരം ഓർമിപ്പിച്ചുകൊണ്ടിരുന്നു. മണിക്കൂറുകൾനീങ്ങി. സമയം അഞ്ചരയാകുന്നു. വെയിൽ മാഞ്ഞുകഴിഞ്ഞു. ദൂരെ മുകളിൽക്കാണാം, ബഹുനില മാളികയാണെന്നു തോന്നുമാറ് സുന്ദരമായ പർവതശിഖരങ്ങൾ. എന്തൊരു ശില്പഭംഗിയാണതിന് !

തെളിഞ്ഞ ആകാശം. അതാ ദൂരെ ചുവന്ന സൂര്യബിംബം കാണുന്നുണ്ട്. കുന്നിനു പിന്നിലേയ്ക്കു മറയാനുള്ള പുറപ്പാടാണ്. സൂര്യനോടു തൊട്ടുനില്ക്കുന്നുവെന്നുതോന്നും വിധം വെള്ളിപൂശിയ ഹിമശൈലം. അതിനെ അകമ്പടി സേവിയ്ക്കുന്ന പച്ചപുതച്ച കുന്നിൻമടക്കുകൾ.. എത്ര ഹൃദ്യമായ കാഴ്ച... അതുകണ്ട് എത്രയോ ജനങ്ങൾ അത്ഭുതാഹ്ലാദങ്ങളോടെ അതു ക്യാമറയിൽ പകർത്തി നിർവൃതിക്കൊള്ളുന്നു..!

നോക്കിനില്ക്കാൻ അധികം സമയമില്ല. ലക്ഷ്യത്തിലേയ്ക്ക് ഇനിയുമുണ്ട് ദൂരം. ആഞ്ഞുപിടിയ്ക്കണം. ലക്ഷ്യമടുക്കുന്തോറും മനസ്സിലൂറുന്ന ഉത്സാഹവും കൃതാർത്ഥതയും എത്രയായിരുന്നുവെന്നോ... മഹത്തായ ലക്ഷ്യത്തിലേയ്ക്കുള്ള എന്തു യത്നവും തപസ്സാണ്. ശ്രദ്ധയും അർപ്പണവും ഉണ്ടാകണമെന്നുമാത്രം. ഇതും അത്തരമൊരു തപസ്സുതന്നെ. ഹരഹര മഹാദേവ!

കുറേക്കൂടി ചെന്നപ്പോൾ ദൂരെയായി കെട്ടിട സമുച്ചയം കാണുന്നു. കുറച്ചു തെളിഞ്ഞ ഇടമാണ്. എന്നാൽ വഴി അത്ര മെച്ചമല്ല. മാളികപോലെ സുന്ദരമായ പർവതക്കെട്ട്. പക്ഷേ അടുക്കുന്തോറും ആൾപ്പെരുമാറ്റമുള്ള പ്രദേശമാണെന്നുതോന്നി. ഇതുവരെ എവിടെയും കണ്ടില്ല. കാര്യമായി മനുഷ്യവാസമുള്ള സ്ഥലങ്ങൾ. ക്ഷേത്രത്തിന്റെ ചിഹ്നങ്ങളും കൂടിയായപ്പോൾ ആശ്വാസവും ഉത്സാഹവുമായി.

പേജ് 29 ൽ തുടരുന്നു.......



## വിവാഹവാർഷികം

2024 സെപ്റ്റംബർ 4 ന്
25-ാം വിവാഹവാർഷികം
ആഘോഷിച്ച
കുറവിലങ്ങാട്
വെമ്പള്ളി
തെക്കിനാട്ട് ഇല്ലത്ത്
മനോജും (വേണു)
സഹധർമ്മിണി ശ്രീജയും



## വേളി 31-8-2024

### ഗോകുൽ & മേഘ

ആണ്ടൂർ ശാഖ,
കുടക്കച്ചിറ വടുതലയിൽ ഇല്ലത്തു
ബ്രഹ്മശ്രീ ശിവശങ്കരൻ
നമ്പൂതിരിയുടെയും
ശ്രീകലയുടെയും മകൻ
ഗോകുലും മണിമല ശാഖ
അറവിക്കുളത്തു ഇല്ലത്തു
ബ്രഹ്മശ്രീ കെ.എൻ. മണിയുടെയും
ഉഷാകുമാരിയുടെയും മകൾ മേഘയും
തമ്മിലുള്ള വേളി 31.8.24 നു
ആലപ്ര അന്നപൂർണ്ണശ്വരി
ക്ഷേത്രത്തിൽ വച്ച് നടന്നു.



## വേളി 8-9-2024

### അഭിലാഷ് & അഭിരാമി

പെരുവല്ലൂർ ചേറ്റുവട്ടി ഇല്ലത്ത്
സുബ്രഹ്മണ്യന്റെയും
ഗീതയുടെയും പുത്രൻ
അഭിലാഷും
പാലാ ആണ്ടൂർ പീശമ്പിള്ളി ഇല്ലത്ത്
ജയചന്ദ്രന്റെയും ശ്രീവിദ്യയുടെയും
പുത്രി അഭിരാമിയും
തമ്മിലുള്ള വേളി
2024 സെപ്റ്റംബർ 8 നു
പെരുവല്ലൂർ മൈത്രി പ്ലാസ
ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.




2024 തിരുവോണ ദിനത്തിൽ പെരുമ്പാവൂർ ശാഖയിൽപ്പെട്ട വെങ്ങോല കടമ്പനാട്ടില്ലത്ത് കുടുംബാംഗങ്ങൾ ശ്രീജിത്തിന്റെ വസതിയിൽ പൂക്കളം ഒരുക്കൽ, ഭദ്രദീപം തെളിയിക്കൽ,പറ നിറയ്ക്കൽ, ഓണസന്ദേശം, ഓർമ്മകൾ പങ്കുവയ്ക്കൽ, സദ്യയും, പാട്ടും ഡാൻസും, ഓണക്കളികളും ആയി ആർത്ത് ഉല്ലസിച്ച് പ്രായഭേതമന്യേ ഒത്തൊരുമിച്ച് പൂർണദിന കുടുംബസംഗമം നടന്നു.

## 60-ാം പിറന്നാൾ (2024 ജൂലൈ 7)



തൈകാട്ടൂശേരി ശാഖ മംഗലശ്ശേരി ഇല്ലത്ത് (മുകുന്ദനിലയം) മുകുന്ദന്റെ അറുപതാം പിറന്നാൾ 2024 ജൂലൈ 7 ന് ആഘോഷിച്ചു.



# ശ്രീനിധിയുടെ ചോറൂണ്

പത്തനാപുരം,
പിടവൂർ ചെമ്പകശ്ശേരി
മഠത്തിൽ, ശ്രീഹരിയുടെയും
സൗമ്യയുടേയും പുത്രി
ശ്രീനിധിയുടെ
ചോറൂണ് 2024 ഒക്ടോബർ 20,
ഞായറാഴ്ച
സ്വവസതിയിൽ വെച്ചു
നടത്തി



# വേളി 28-8-2024

## ജയകൃഷ്ണൻ & കാവ്യ

വൈക്കം മണകുന്നംതുറവല്ലൂർ ഇല്ലത്ത്
ശ്രീ ചന്ദ്രശേഖരൻ ഇളയതിന്റെയും
ശ്രീമതി ബിന്ദുവിന്റെയും പുത്രൻ
**ജയകൃഷ്ണനും**,
കോഴിക്കോട് കോൽ പുറത്തില്ലത്ത്
(പുഷ്പാഞ്ജലി)
ശ്രീ മധു നമ്പൂതിരിയുടെയും
ശ്രീമതി ബിനാ മോളുടെയും പുത്രി
**കാവ്യയും**
തമ്മിലുള്ള വേളി 2024 ആഗസ്റ്റ് 28 ന്
ഉദയനാപുരം ചിറമേൽ
ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

## പിറന്നാൾ



### ദേവനന്ദ

കോട്ടയം മറിയപ്പള്ളി വാളാർപള്ളി ഇല്ലത്ത് മോഹനൻ നമ്പൂതിരിയുടെയും ഗീതയുടെയും പുത്രി ദേവനന്ദയുടെ പതിനഞ്ചാം പിറന്നാൾ 2024 ഒക്ടോബർ 10 ന് ആഘോഷിച്ചു.

## ഒന്നാം പിറന്നാൾ



### തന്മയ് ശർമ

ആലുവ ശാഖ വാപ്പാലശ്ശേരി മഴുവഞ്ചേരി ഇല്ലത്ത് അനന്ത്കൃഷ്ണന്റെയും അതുല്യയുടെയും പുത്രനും ജാതവേദന്റെയും സുമംഗലാദേവിയുടെയും പൗത്രനുമായ തന്മയ് ശർമ്മയുടെ ഒന്നാം പിറന്നാൾ 2024 ജൂലൈ 12 ന് ആഘോഷിച്ചു.

## 29-ാം ശ്രാദ്ധ ദിനം

02-10-2024



### നീലകണ്ഠൻ ഇളയത്

വീപ്പാട്ട് ഇല്ലം

പെരുമ്പാവൂർ ശാഖ, മണ്ണൂർ

## 9-ാം ശ്രാദ്ധ ദിനം

25-10-2024



### എൻ. ഹരികൃഷ്ണൻ നമ്പൂതിരി

നെടുവേലി ഇല്ലം (ഹരിശ്രീ )

പുഴവാത്, ചങ്ങനാശ്ശേരി.

*ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി*
*സന്തപ്ത കുടുംബാംഗങ്ങൾ*

# നേത്രദാനം

മനോജ് പൊൻകുന്നം

സമാജനന്മക്കൊപ്പം സമൂഹത്തിന് നന്മ ചെയ്യുവാനൊരു അവസരം മരണശേഷവും നമ്മിൽ അവശേഷിക്കുന്നുണ്ട്. നമ്മുടെ കണ്ണുകൾ ദാനം ചെയ്യുക എന്നതാണത്. ശരീരത്തിനൊപ്പം ആർക്കും പ്രയോജനമില്ലാതെ ചിതയിലെരിഞ്ഞമരുന്ന നമ്മുടെ കണ്ണുകൾ സുന്ദരമായ ഈ ലോകത്തിലെ വിസ്മയക്കാഴ്ചകൾ കാണുവാൻ ഭാഗ്യമില്ലാത്ത രണ്ടു മനുഷ്യർക്ക് കാഴ്ച നൽകുവാൻ ഉതകുന്നു എന്നത് ഏറ്റവും വലിയ ഒരു നന്മയാണ്.

സ്വന്തം അമ്മയെയോ അച്ഛനെയോ സഹോദരരെയോ കുഞ്ഞുങ്ങളെയോ കാണുവാൻ ഭാഗ്യമില്ലാതിരുന്ന രണ്ടുപേർ, അവരെ കാഴ്ചയുടെ വിസ്മയലോകത്തേക്ക് ആനയിക്കുവാൻ നമുക്ക് കഴിയുന്നു എങ്കിൽ എന്തിന് ആ പുണ്യപ്രവൃത്തി നമ്മൾ ചെയ്യാതിരിക്കണം?

അന്ധരും ബധിരരും മൂകരുമായ ഒരു വലിയ വിഭാഗം നമ്മുടെ സമൂഹത്തിൽ നാമറിയാതെ ജീവിക്കുന്നുണ്ട്. അംഗ പരിമിതരായവരും ഓട്ടിസം പോലുള്ള പ്രശ്നങ്ങൾ നേരിടുന്നവരുമായവർ വേറെയും. അവരും നമ്മുടെ സമൂഹത്തിന്റെ ഭാഗം തന്നെയാണ്.

മാറ്റി നിർത്തേണ്ടവരല്ല നമ്മൾ ചേർത്ത് പിടിക്കേണ്ടവരും കൂടെ കൂട്ടേണ്ടവരും ഒപ്പം നിർത്തേണ്ടവരുമാണ് അവർ എന്ന ബോധം നമ്മളിൽ ഉണ്ടാവണം. വിഷമകരമായ സമയത്തു നമ്മൾ എടുക്കുന്ന മികച്ച ഒരുതീരുമാനംകൊണ്ട് രണ്ടു മനുഷ്യരെ അന്ധതയിൽ നിന്നും മോചിപ്പിക്കാനാവുന്നത് ദൈവികമായ ഒരു കാര്യമായി നമ്മൾ കാണണം.

നേത്രദാനത്തേക്കുറിച്ചുള്ള അജ്ഞതയും വികലമായ അറിവുമാണ് അങ്ങിനെയൊരു സദ്പ്രവർത്തി ചെയ്യുന്നതിൽനിന്നും സമൂഹത്തെ അകറ്റി നിർത്തുന്നത്. മൃതദേഹം ഹോസ്പിറ്റലിൽ കൊണ്ടുപോകേണ്ടിവരും എന്നും ഒരുപാട് സമയം ആ പ്രക്രിയക്ക് ആവശ്യമുണ്ട് എന്നും കണ്ണുകൾ ചൂഴ്ന്നെടുക്കുന്നതിലൂടി മുഖം വികൃതമാകും എന്നും മറ്റുമുള്ള ധാരണ പലർക്കുമുണ്ട്. പലരും നേത്രദാനത്തേക്കുറിച്ച് ചിന്തിക്കാത്തത് അതുകൊണ്ടാണ്.

എന്നാൽ ആ ധാരണ തെറ്റാണ് എന്ന് മരണശേഷം അച്ഛന്റെ കണ്ണുകൾ ദാനം ചെയ്യുവാൻ തീരുമാനിച്ച വ്യക്തി എന്ന നിലയിൽ എനിക്ക് ഉറപ്പിച്ചു പറയുവാൻ കഴിയും. ശരീരത്തുനിന്നും നേത്രപടലം അഥവാ കോർണിയ മാത്രമാണ് വേർപെടുത്തി എടുക്കുന്നത്. അതിനായി ശരീരം ഹോസ്പിറ്റലിൽ എത്തിക്കേണ്ട ആവശ്യമില്ല. നമ്മൾ സമ്മതം അറിയിച്ചാൽ ഒന്നോ രണ്ടോ മണിക്കൂറുകൾക്കകം ഡോക്ടർമാരെത്തി കേവലം 20 മിനിറ്റുകൾക്കുള്ളിൽ കോർണിയ വേർപെടുത്തിയെടുക്കും. അതുകൊണ്ടുതന്നെ ഇത് ശവസംസ്കാര ചടങ്ങുകൾ വൈകിപ്പിക്കില്ല. കോർണിയ നീക്കം ചെയ്യുന്നത് മുഖത്തിന്റെ ഒരു വിരൂപതയ്ക്കും കാരണമാകില്ല.

ചിലരെങ്കിലും വിശ്വാസപ്രമാണങ്ങളുടെ പേരിൽ അതിന് തയാറാവാത്തവരായുണ്ട്. മരിച്ച വ്യക്തിയോടുള്ള ഗാഢമായ സ്നേഹം കൊണ്ട് അതിന് സമ്മതിക്കാത്തവരും ഉണ്ട്. എന്നാൽ മറ്റ് രണ്ടു വ്യക്തികളിലൂടെ നമ്മുടെ ഏറ്റവും പ്രിയപ്പെട്ടവരുടെ കണ്ണുകൾ എങ്കിലും തുടർന്നും ജീവിക്കുന്നു എന്നതും ആ രണ്ടു പേരെ അന്ധതയിൽ നിന്നും മോചിപ്പിക്കുവാൻ നമുക്കാവുന്നു എന്നതും തീർച്ചയായും ഒരു വലിയ പുണ്യമാണ്. അത് നമ്മുടെ സമാജത്തിനാകെ അഭിമാനകരമാണ്. സമൂഹത്തോടുള്ള ഒരു കടമയായി അതിനെ കാണുവാൻ നമുക്ക് കഴിയണം. ആ മഹത്കർമ്മത്തിലൂടെ നമ്മുടെ പ്രസ്ഥാനം മറ്റ് സംഘടനകൾക്കും സമൂഹത്തിനും മാതൃകയാവും.

പ്രായ-ലിംഗ വ്യത്യാസമില്ലാതെ ആർക്കും നേത്രദാനം ചെയ്യാം. കണ്ണട ധരിക്കുന്നവർ, പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ രോഗമുള്ളവർ, തിമിര ശസ്ത്രക്രിയക്ക് വിധേയരായവർ എന്നിവർക്കും നേത്രദാനം നടത്താം. ഒരു ദാതാവിന്റെ 2 കോർണിയ അന്ധരായ 2 വ്യക്തികൾക്ക് കാഴ്ച നൽകാൻ കഴിയും.

നേത്രദാനം ചെയ്യുവാൻ മുൻകൂട്ടിയുള്ള സമ്മതപത്രത്തിന്റെ ആവശ്യമില്ല. മരിക്കുന്ന വ്യക്തികളുടെ അടുത്ത ബന്ധുക്കളുടെ സമ്മതം മാത്രം മതിയാവും അതിന്. മരണശേഷം ആറു മണിക്കൂറിനകം കോർണിയ നീക്കം ചെയ്താൽ മതിയാവും. എട്ടു മണിക്കൂർ വരെ നേത്രപടലം സജീവമായിരിക്കും. കൃത്യസമയത്തു തീരുമാനമെടുക്കുവാൻ കഴിയുക എന്നതാണ് പ്രധാനം. സമാജം അതിനായി മുകൈ എടുത്താൽ അത് പൊതുസമൂഹത്തിലെ വിപ്ലവകരമായ ഒരു മാറ്റമായിരിക്കും.

നേത്രബാങ്കുകൾ ഉള്ള ഹോസ്പിറ്റലുകൾ കേരളത്തിലെ എല്ലാ ജില്ലകളിലും ഉണ്ട്. അതിനായി പ്രവർത്തിക്കുന്ന ധാരാളം സന്നദ്ധ സംഘടനകളും ഉണ്ട്. ചൈതന്യ ഐ ഹോസ്പിറ്റലുമായി സഹകരിച്ചു സക്ഷമ എന്ന

സംഘടനയാണ് അച്ഛന്റെ നേത്രങ്ങൾ ദാനം ചെയ്യുവാനുള്ള സംവിധാനങ്ങൾ ചെയ്തത്.

അന്ധതയും ബധിരതയും മൂകതയും മറ്റു ശാരീരിക വൈകല്യങ്ങളും ഓട്ടിസം പോലുള്ള പ്രശ്നങ്ങളും നേരിടുന്ന ഭിന്നശേഷിക്കാർക്കും അവരുടെ കുടുംബാഗംങ്ങൾക്കും ബൌദ്ധികവും ഭൗതികവും മാനസികവുമായ പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ നിശബ്ദമായി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് സക്ഷമ.

അച്ഛന്റെ നേത്രങ്ങൾ ദാനം ചെയ്യുകവഴി അങ്ങിനെ രണ്ടുവ്യക്തികൾക്കുകൂടി കാഴ്ച ലഭിക്കുന്നു എന്നതിനുപരി ആ പ്രവർത്തി കൊണ്ട് സമൂഹത്തിന് ഒരു നല്ല സന്ദേശം നൽകുവാൻ കഴിഞ്ഞു എന്നത് ഞങ്ങൾക്ക് കൂടുതൽ സന്തോഷം പകരുന്നു.

നേത്ര ദാനത്തേക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ അകറ്റാനും സമാജ അംഗങ്ങൾക്ക് അതിനെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനുമായുള്ള പ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിഞ്ഞാൽ അത് ഒരു വലിയ കാര്യമായിരിക്കും. അഭിപ്രായ സമന്വയത്തിലൂടി സമാജാംഗങ്ങൾ ഒന്നടങ്കം നേത്രദാനം എന്ന പുണ്യകർമ്മത്തിൽ പങ്കാളികളാകുവാൻ പ്രതിജ്ഞാബദ്ധരാവണം.

നമ്മുടെ നേത്രപടലങ്ങൾക്ക് ഇരുന്നൂറ് വർഷം വരെ ആയുസ്സുണ്ട്. അതിനുമുൻപ് നമ്മൾ അവയെ നിർദ്ദയം നശിപ്പിച്ചുകൂടാ.

മരണം ഒരിക്കലും സന്തോഷം പകരുന്നില്ല, പക്ഷെ ആ മരണത്തിലൂടെ ഒരു നന്മ ചെയ്യുവാൻ നമുക്ക് അവസരം ലഭിക്കുന്നു എങ്കിൽ ആ അവസരം നമ്മൾ നഷ്ടപ്പെടുത്താതിരിക്കുക.

കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും അമൃത പോലുള്ള പ്രധാന ആശുപത്രികളിലും നേത്രബാങ്കുകൾ ഉണ്ട്. അവരെ ബന്ധപ്പെടുവാൻ കഴിയുന്നില്ലെങ്കിൽ നേത്രദാനവുമായി ബന്ധപ്പെട്ട എന്ത് സംശയങ്ങൾക്കും സഹായങ്ങൾക്കും സക്ഷമയെ സമീപിച്ചാൽ മതിയാവും. നേത്രദാനത്തിനായുള്ള എല്ലാ സജ്ജീകരണങ്ങളും സക്ഷമ ചെയ്തുതരും. അവരുമായി ബന്ധപ്പെടുവാനുള്ള നമ്പർ: +91 99953 00923, 0481 2992402, +918921740650




22-09-2024 ന് നിര്യാതനായ ചിറക്കടവ് പുന്നശ്ശേരി ഇല്ലത്തു ബ്രഹ്മശ്രീ കേശവൻ നമ്പൂതിരിയുടെ കണ്ണുകൾ ദാനം ചെയ്തതിനുള്ള ആദരം, പരേതന്റെ പുത്രൻ ബ്രഹ്മശ്രീ മനോജ് പൊൻകുന്നം, 'സക്ഷമ'യുടെ ജില്ലാ പ്രസിഡന്റ് ബി ഗോപാലകൃഷ്ണനിൽ നിന്നും ഏറ്റുവാങ്ങുന്നു.

ലേഖനം

# ശങ്കരാചാര്യർ പിറന്ന കേരളം

രാജേഷ് കറുത്തമശേരി ഇല്ലം ആലുവ

'സദാശിവസമാരംഭാം ശങ്കരാചാര്യമധ്യമാം അസ്മദാചാര്യപര്യന്താം വന്ദേ ഗുരുപരമ്പരാം' മലയാളയബ്രാഹ്മണ സമാജം, അതിന്റെ നവതിയിലൂടെ സഞ്ചരിക്കുകയാണല്ലോ. തദവസരത്തിൽ തന്നെ കേരള പിറവിയുടെ 6890 വാർഷികവും നാം ആചരിക്കുകയാണ്. തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങൾ, മദ്രാസ് പ്രസിഡൻസിയുടെ കീഴിലുള്ള മലബാർ പ്രദേശങ്ങൾ എന്നിങ്ങനെ,മലയാളം പ്രധാന ഭാഷയായ പ്രദേശങ്ങളെയെല്ലാം കൂട്ടി ചേർത്തു കൊണ്ട് 1956 നവംബർ ഒന്നിനാണ് കേരളം രൂപീകൃതമായത് എന്ന് നമുക്കറിയാം. കേരളം രൂപീകരിക്കുന്നതിന് ഏറെ നൂറ്റാണ്ടുകൾക്കു മുൻപു തന്നെ, മലയാള നാടിന്റെ മഹത്വം ഭാരതത്തിലെമ്പാടും കീർത്തിക്കപ്പെടാൻ കാരണമായ മഹാത്മാക്കളാൽ സമ്പന്നമായിരുന്നു നമ്മുടെ നാട്. ആ മഹാത്മാക്കളിൽ വച്ച്, ഇന്നും അത്യുന്നത സ്ഥാനത്ത് വിരാജിച്ചു കൊണ്ടിരിയ്ക്കുന്നത് ജഗദ്ഗുരു ശ്രീമദ്ആദിശങ്കരാചാര്യ ഭഗവത്പാദർ തന്നെയാണ്. ഈ മനീഷിയാണ് മലയാളബ്രാഹ്മണ സമാജത്തിന്റെ സമുദായ ആചാര്യ സ്ഥാനം അലങ്കരിയ്ക്കുന്നത്. ധ485 ന്റെ നവതിയുടെ നിറവിൽ നാം കേരളപ്പിറവി ആഘോഷിയ്ക്കുമ്പോൾ, തീർച്ചയായും ശങ്കരാചാര്യ സ്വാമികൾ പിറന്ന കേരളത്തിലൂടെ ഒരു യാത്ര ഉചിതമായിരിയ്ക്കും എന്നു തോന്നുന്നു. കേരളത്തിന്റെ ഹൃദയ സ്ഥാനത്ത്, വിഷം ഭക്ഷിച്ചവൻ എന്നർത്ഥം വരുന്ന ആലവായൻ ' എന്ന ശിവന്റെ സ്ഥാനമായ ആലുവായ്ക്കടുത്ത് ഭഗവത് സാന്നിദ്ധ്യത്താൽ പൂർണ്ണയായതിനാൽ 'പൂർണ്ണാനദി എന്ന പേരിൽ പ്രസിദ്ധയായ പെരിയാറിന്റെ തീരത്തുള്ള ഒരു കൊച്ചു ഗ്രാമമാണ് കാലടി. സാക്ഷാൽ ശ്രീപരമേശ്വരന്റെ പാദസ്പർശമേറ്റതിനാൽ ഈ ഗ്രാമത്തിന് കാലടി എന്ന് പേരു വന്നു. വേദാദ്ധ്യായനത്തിൽ മുഴുകിയവരും, അഗ്നിഹോത്രികളും, ഈശ്വരാരാധനയിൽ തല്പരരും, ലൗകീകതയിൽ വിമുഖരുമായിരുന്ന അനേകം ബ്രാഹ്മണർ അവിടെ താമസിച്ചിരുന്നു. ഇവരുടെ കുലപതിയായിരുന്നു കൈപ്പള്ളി ഇല്ലത്തെ വിദ്യാധിരാജൻ. അദ്ദേഹത്തിന്റെ പുത്രനായിരുന്നു ശിവഗുരു. പൊതുവെ വിരക്തനായിരുന്ന ശിവഗുരുവിന് ഗൃഹസ്ഥാശ്രമത്തിൽ താൽപ്പര്യമുണ്ടായിരുന്നില്ല. ഒരു ദിവസം സ്വപ്നത്തിൽ അദ്ദേഹം അഗസ്ത്യമഹർഷിയെ ദർശിച്ചു. (ബ്രഹ്മചര്യം ഉപേക്ഷിച്ച് സമാവർത്തനം ചെയ്ത് ഗൃഹസ്ഥാശ്രമം സ്വീകരിയ്ക്കുവാൻ അഗസ്ത്യൻ ഉപദേശിക്കുന്നതായി അദ്ദേഹത്തിനു അനുഭവപ്പെട്ടു. അതനുസരിച്ച് മൂവ്വാറ്റുപുഴ താലൂക്കിൽ പെട്ട മേൽപാഴൂർ ഇല്ലത്തെ ആര്യാംബ അന്തർജ്ജനത്തെ ശിവഗുരു പാണിഗ്രഹണം ചെയ്തു. എന്നാൽ അവർക്ക് കുട്ടികൾ ഉണ്ടായില്ല. ഒരിക്കൽ ഇരുവരും പൂർണ്ണാനദിക്കരയിൽ സന്ധ്യാവന്ദനം ചെയ്തു കൊണ്ടിരിക്കെ, ഒരു വൃദ്ധബ്രാഹ്മണൻ അവരുടെ സമീപത്തെത്തി ഒരു സത്സന്താനത്തിനായി ശ്രീ പരമേശ്വരനെ ഭജിക്കാനും ഇത് ഋഷിഗണങ്ങളുടെ ആഗ്രഹമാണ് എന്നുമറിയിച്ച ശേഷം അവിടെ നിന്ന് പോകുകയും ചെയ്തു. ഈ വൃദ്ധബ്രാഹ്മണൻ സാക്ഷാൽ വേദവ്യാസൻ തന്നെയാണ് എന്ന് പറഞ്ഞു വരുന്നു. പരമശിവ ഭജനത്തിനായി, ശിവഗുരുവും ആര്യാംബയും ഋഷഭാചലം, വൃക്ഷഗിരി എന്നെല്ലാം അക്കാലത്ത് അറിയപ്പെട്ടിരുന്ന, തിരുശിവന്റെ പേരിനാൽ അറിയപ്പെടുന്ന തൃശ്ശിവപേരൂരിൽ എത്തി വടക്കുന്നാഥനെ തൊഴുത് ഭജനമാരംഭിച്ചു. സന്തുഷ്ടനായ ഭഗവാന്റെ അനുഗ്രഹത്താൽ ആര്യാംബ ഗർഭിണിയായി. മേടമാസത്തിലെ ശുക്ലപക്ഷ പഞ്ചമിയും പുനർവസു നക്ഷത്രവും കൂടിയ കർക്കിടക ലഗ്നത്തിൽ, അഭിജിത്ത് മുഹൂർത്തത്തിൽ ശ്രീമദ് ശങ്കരാചാര്യ ഭഗവത്പാദർ ഭൂജാതനായി. ശിവഗുരു മാണിക്യമംഗലം കാർത്യായനി ക്ഷേത്രത്തിലെ ശാന്തിക്കാരൻ ആയിരുന്നതിനാൽ ശങ്കരനെ ആ ക്ഷേത്രത്തിലും വടക്കുന്നാഥ ക്ഷേത്രത്തിലും പതിവായി കൊണ്ടുപോയി തൊഴുവിക്കാറുണ്ടായിരുന്നു. ചെറുപ്രായത്തിൽ തന്നെ ശ്രീശങ്കരൻ അച്ഛനിൽ നിന്നും സർവ്വ ശാസ്ത്രങ്ങളും ഹൃദിസ്ഥമാക്കിയിരുന്നു. ശങ്കരന്റെ ബാല്യത്തിൽ തന്നെ ശിവഗുരു അന്തരിച്ചു. ശങ്കരന് ബാല്യത്തിൽ തന്നെ സന്യാസം സ്വീകരിക്കാൻ താത്പര്യമായിരുന്നു. എന്നാൽ അമ്മയ്ക്ക് സമ്മതമല്ലായിരുന്നു. അമ്മയുടെ സമ്മതത്തോടെയല്ലാതെ സന്യസിക്കാൻ സാധ്യമല്ല എന്ന് ശങ്കരന് മനസ്സിലായി. ഒരു ദിവസം പൂർണാനദിയിൽ അമ്മയോടൊപ്പം കുളിക്കാനിറങ്ങിയ ശങ്കരന്റെ കാലിൽ ഒരു മുതല പിടിച്ചു. കരയാൻ തുടങ്ങിയ അമ്മയോട് തന്നെ സന്ന്യസിയ്ക്കുവാൻ അനുവദിയ്ക്കുകയാണങ്കിൽ മുതല പിടിവി

ടുമെന്ന് ശങ്കരൻ അറിയിച്ചു. നിവൃത്തിയില്ലാതെ അമ്മ സമ്മതിച്ചു. ഈ സ്ഥലം മുതലക്കടവ് എന്ന പേരിൽ ഇപ്പോഴും കാലടിയിൽ കാണാം. അമ്മയുടെ അനുഗ്രഹത്തോടെ ശങ്കരൻ സന്യാസം സ്വീകരിച്ചു. താൻ എപ്പോൾ ആഗ്രഹിക്കുന്നുവോ അപ്പോൾ തന്റെ അടുത്തെത്തണമെന്ന് ആര്യാംബ പുത്രനോട് ഒരു വ്യവസ്ഥ വച്ചു കൊണ്ടാണ് സന്യസിക്കുവാൻ അനുവദിച്ചത്. ശങ്കരൻ അത് സമ്മതിക്കുകയും അമ്മയുടെ അന്ത്യകർമ്മങ്ങൾ താൻ തന്നെ ചെയ്തു കൊള്ളാമെന്നും ഉറപ്പു കൊടുത്തു. തിങ്കൾ ഭജനത്തിനായി വടക്കുന്നാഥനെ തൊഴാൻ പോകുമായിരുന്ന ആര്യാംബയ്ക്ക് പ്രായമായി. ക്ഷീണമുണ്ടെങ്കിലും പതിവുപോലെ ഒരു തിങ്കളാഴ്ച പൂർണ്ണാനദിയിൽ കുളിച്ച് വടക്കുന്നാഥനെ ദർശിക്കാൻ പുറപ്പെടുമ്പോൾ ഒരു വെളുത്ത മാൻകുട്ടി തുള്ളികളിക്കുന്നതു കണ്ടു. ആര്യാംബ അതിനു സമീപത്തേക്കു ചെന്നപ്പോൾ മാൻ മറയുകയും ആ സ്ഥാനത്ത് ഒരു ശിവലിംഗം കാണുകയും ചെയ്തു. ആര്യാംബയ്ക്ക് നിത്യേന തൊഴാനായി ശങ്കരന്റെ ഇച്ഛയാൽ വടക്കുന്നാഥൻ പ്രത്യക്ഷപ്പെട്ട ആ സ്ഥലം 'തിരുവെള്ളമാൻ തുള്ളി ക്ഷേത്രം എന്ന് ഇന്നറിയപ്പെടുന്നു. ഗോവിന്ദഭഗവത്പാദരുടെ ശിഷ്യത്വം സ്വീകരിച്ച് ശങ്കരൻ ബ്രഹ്മസാക്ഷാത്കാരം നേടി. ഭാരതത്തിന്റെ വടക്ക് ബദരിനാഥിൽ ജ്യോതിർമഠം, പടിഞ്ഞാറ് ദ്വാരകയിൽ ദ്വാരകാപീഠം, കിഴക്ക് പൂരിയിൽ ഗോവർദ്ധനമഠം, തെക്ക് ശൃംഗേരിയിൽ ശാരദാപീഠം എന്നീ നാലു മഠങ്ങളെ സ്ഥാപിച്ചു കൊണ്ട് അദ്വൈതസിദ്ധാന്തം ഭാരതത്തിലുടനീളം പ്രചരിപ്പിച്ചു ഭഗവത്പാദർ നടത്തിയ ശങ്കര ദിഗ്വിജയം പ്രസിദ്ധമാണ്. വേദ വേദാന്തചിന്തകളെ കൊണ്ടും താന്ത്രികക്രിയാപദ്ധതികളെ കൊണ്ടും ഈശ്വരസാക്ഷാത്കാരം സാദ്ധ്യമാണ് എന്ന സനാതന സത്യത്തെ ശങ്കരാചാര്യ സ്വാമികൾ അരക്കിട്ടുറപ്പിച്ചു. സാക്ഷാൽ ദക്ഷിണാമൂർത്തിയുടെ അവതാരമാണ് ആദിശങ്കരാചാര്യർ എന്നു നാം ഉറച്ചു വിശ്വസിയ്ക്കുന്നു. ദിഗ്വിജയത്തിനു ശേഷം ദേവീ ചൈതന്യത്തെ മലയാളഭൂമിയിലേക്ക് സാന്നിദ്ധ്യപ്പെടുത്തുന്നതിനായി മൈസൂരിലെ ചണ്ഡികാ ക്ഷേത്രത്തിൽ തപസ്സു ചെയ്തു. പ്രസന്നയായ ദേവിയോട് തന്റെ കൂടെ നാട്ടിലേയ്ക്ക് വരണമെന്ന് ശങ്കരാചാര്യർ പ്രാർത്ഥിച്ചു. ശങ്കരൻ മുൻപിൽ നടന്നോളൂ, ഞാൻ പുറകെ വന്നോളാം, ഒരിക്കൽ പോലും തിരിഞ്ഞു നോക്കരുത്, നോക്കിയാൽ അവിടെ കുടികൊള്ളും എന്ന നിബന്ധനയിൽ അദ്ദേഹത്തോടൊപ്പം പുറപ്പെട്ടു. കുറെ കഴിഞ്ഞപ്പോൾ സംശയം തോന്നി തിരിഞ്ഞു നോക്കിയപ്പോൾ ദേവി അവിടെ ഇരുന്നു. അതാണ് കൊല്ലൂർ മൂകാംബികാ ക്ഷേത്രം. നിരാശപ്പെട്ട ശങ്കരാചാര്യരോട് തന്റെ ജ്യോതിയെ ആവാഹിച്ച് ശങ്കരൻ ആഗ്രഹിച്ച സ്ഥലത്ത് പ്രതിഷ്ഠിച്ചുകൊള്ളുവാൻ അനുവദിച്ചു. ജ്യോതിസ്സ് ആനയിക്കപ്പെട്ട കരയായതിനാൽ ജ്യോതിയാനക്കര എന്നറിയപ്പെട്ട ആ സ്ഥലം ഇന്ന് ചോറ്റാനിക്കര എന്നറിയപ്പെടുന്നു. ഇങ്ങനെ ഗുരുവായൂർ, കൊട്ടിയൂർ, കാടാമ്പുഴ തിരുനാവായ, മൂക്കുതല തുടങ്ങി നിരവധി ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ശങ്കരാചാര്യരുടെ കഥകൾ ഏറെയുണ്ട്. ബ്രഹ്മചര്യ കാലത്ത് ഒരിക്കൽ അമ്മാത്ത് ഭിക്ഷയ്ക്കായി ചെന്നപ്പോൾ, ദാരിദ്യം കൊണ്ട് ഒന്നും കൊടുക്കുവാനില്ലാതെ വിപ്രപത്നി ഉണങ്ങിയ ഒരു നെല്ലിക്ക ഭിക്ഷാപാത്രത്തിലേക്ക് ഇട്ടു കൊടുത്തു. അവിടുത്തെ ദാരിദ്രം മനസ്സിലാക്കിയ ശങ്കരാചാര്യർ മഹാലക്ഷ്മിയെ മനസ്സിൽ ധ്യാനിച്ചു കൊണ്ട് കനകധാരാസ്തോത്രം ചൊല്ലിയപ്പോൾ കനകനെല്ലിക്ക പെയ്യാൻ തുടങ്ങി. അങ്ങിനെ അവരുടെ ദാരിദ്രദുഃഃഖം നീങ്ങി. സ്വർണ്ണത്തു കൈപ്പിള്ളി എന്ന പേരിൽ ആ ഇല്ലം ഇന്നും അറിയപ്പെടുന്നു എന്നുമുള്ള ഐതിഹ്യം പ്രസിദ്ധമാണ്. നീണ്ട ദേശാടനത്തിനു ശേഷം അമ്മ ആഗ്രഹിച്ച സമയത്ത് ഇല്ലത്തേക്ക് മടങ്ങിയെത്തുകയും അമ്മയുടെ അന്ത്യകാലാഭിലാഷം നിറവേറ്റുവാൻ വിഷ്ണുഭുജംഗപ്രയാതം രചിച്ച് അമ്മയെ ചൊല്ലി കേൾപ്പിച്ചു. കൂടാതെ മാതൃത്വത്തിന്റെ മഹത്വം നിറഞ്ഞു തുളുമ്പുന്ന മാതൃപഞ്ചകം കൊണ്ട് അമ്മയെ നമസ്ക്കരിച്ചു. പത്തു മാസം ഗർഭത്തിൽ ചുമന്ന അമ്മയ്ക്ക് പകരമായി നൽകാൻ ഏത്ര ഉന്നത സ്ഥാനത്തു നിൽക്കുന്ന പുത്രനായാലും സാധിക്കില്ല എന്ന സത്യം മാതൃപഞ്ചകത്തിലൂടെ ലോകത്തെ ബോധിപ്പിയ്ക്കുകയും ചെയ്തു. അമ്മയുടെ മരണശേഷം അന്ത്യകർമ്മങ്ങളിൽ പങ്കുചേരുവാൻ അന്നത്തെ നമ്പൂതിരിമാർ കൂട്ടാക്കിയില്ല. കാരണം ശങ്കരൻ പരദേശത്തു പോയി തിരിച്ചു വന്ന് അമ്മയുടെ ശരീരം സ്പർശിച്ചതിനാൽ ആ ശരീരം അശുദ്ധമായി എന്നു മാത്രമല്ല, സന്ന്യാസം സ്വീകരിച്ചതിനാൽ ശവസംസ്കാരത്തിന് അവകാശമില്ലെന്നുമായിരുന്നു നമ്പൂതിരിമാരുടെ വാദം. എന്നാൽ ആരുടേയും സഹായമില്ലാതെ സംസ്കാരകർമ്മങ്ങൾ ശങ്കരൻ ചെയ്തു. കേരളത്തിൽ ജാ

തി വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 64 അനാചാരങ്ങൾ ശങ്കരാചാര്യരാണ് കൊണ്ടുവന്നത് എന്ന ബ്രാഹ്മണവാദത്തെ, മലബാർ മാന്വലിൽ വില്യം ലോഗൻ യുക്തിയുക്തം നിഷേധിച്ചിട്ടുണ്ട്. അനാചാരങ്ങളുടെ കർത്താവ് ആദി ശങ്കരനല്ല എന്ന് അദ്ദേഹം അടിവരയിട്ടു പറയുന്നു. ഒരു അദ്വൈതി ഒരിക്കലും അനാചാരങ്ങളെ ഉയർത്തി പിടിക്കില്ല എന്നത് വാസ്തവമാണ്. ആദിശങ്കരന്റെ കാലത്തു പോലും മലയാള നാട്ടിൽ അദ്ദേഹത്തെ അംഗീകരിക്കാത്തവർ ഏറെയുണ്ടായിരുന്നു. ഇന്നും ഈ വ്യവസ്ഥിതിയ്ക്ക് വലിയ മാറ്റമൊന്നുമില്ല. എന്നാൽ ദേവഭൂമിയായ ഹിമാലയ സാനുക്കളിലുള്ളവർ ആ മഹാനുഭാവനെ അത്യധികം ബഹുമാനിക്കുന്നു. ആദിശങ്കരന്റെ നാട്ടിൽ നിന്നാണ് വരുന്നത് എന്നു പറഞ്ഞാൽ ഇന്നും അവിടെയുള്ളവർ നമ്മളെ ബഹുമാനിക്കുന്നു. നമ്മുടെ നാട്ടിൽ ജനിച്ച മഹാത്മാവിന്റെ മഹത്വം മനസ്സിലാവണമെങ്കിൽ അന്യദേശത്തു പോകേണ്ട അവസ്ഥയാണ്. എന്തായാലും MBS നവതിയിലൂടെ കടന്നു പോകുന്ന വേളയിൽ കേരള പിറവി കൂടി വന്നുചേർന്നപ്പോൾ നമ്മുടെ സമുദായ ആചാര്യ സ്ഥാനത്തു വിരാജിക്കുന്ന, ഗുരുപരമ്പരയിൽ ഇന്നും മധ്യമസ്ഥാനത്തു ശോഭിക്കുന്ന ആദിശങ്കരൻ പിറന്ന കേരളത്തെ കൂടി സ്മരിച്ചു കൊണ്ട് കേരള പിറവി ആചരിയ്ക്കുവാൻ നമുക്ക് കഴിയട്ടെ.

**ജയ് MBS.**



MBS തിരുവനന്തപുരം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുവാൻ എത്തിയ ശ്രീ സൂര്യ കൃഷ്ണമൂർത്തിയെ കേന്ദ്ര പ്രസിഡന്റ് പൊന്നാടയണിയിച്ച് ആദരിയ്ക്കുന്നു



MBS കേന്ദ്ര പ്രസിഡന്റിന്റെ പത്നി ശ്രീമതി ഗീതാ എൻ. ശർമ്മയുടെ സപ്തതി ആഘോഷത്തോടനുബന്ധിച് ഹവിസ്സിലേക്കുള്ള സംഭാവന കേന്ദ്ര പ്രസിഡന്റിൽ നിന്ന് കേന്ദ്ര ട്രഷറർ സ്വീകരിക്കുന്നു.



മലയാള ബ്രാഹ്മണ സമാജം കൂത്താട്ടുകുളം ശാഖാംഗമായിരുന്ന നാരായണമംഗലത്ത് ഇല്ലത്ത് യശ:ശരീരനായ നീലകണ്ഠ ശർമയുടെ പത്നി വസുമതി അന്തർജ്ജനത്തിന്റെ സപിണ്ഡിക്രിയകളുടെ ദിനത്തിൽ നടന്ന അനുസ്മരണ യോഗത്തിൽ പുത്രൻ ശ്രീ ഹരികുമാർ എൻ ഹവിസ്സിലേക്കുള്ള ധനസമർപ്പണം നടത്തുന്നു. കേന്ദ്ര സെക്രട്ടറി ശ്രീ മോഹനൻ പുതുമന, മുൻ പ്രസിഡന്റ് ശ്രീ ബാലചന്ദ്രശർമ്മ, ശാഖാ പ്രസിഡന്റ് നാരായണ ശർമ്മ എന്നിവർ പങ്കെടുത്തു.

# പദപ്രശ്നം 34

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | 8 | | | 9 | 10 | 11 |
| 12 | | 13 | 14 | | 15 | 16 |
| 17 | 18 | 19 | 20 | 21 | | 22 |
| | 23 | | 24 | 25 | 26 | 27 |
| 28 | | 29 | 30 | | | 31 |
| 32 | 33 | 34 | 35 | 36 | 37 | 38 |

**പദപ്രശ്നം**

**ഈ ലക്കം പദപ്രശ്നത്തിൽ ഓരോ കളത്തിലും അക്കങ്ങൾ മാത്രം എഴുതിയാൽ മതിയാകും**

**വലത്തോട്ട്**

1. സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ളയെ നാടുകടത്തിയ വർഷം(4)
4. വയലാർ രാമവർമ്മ അന്തരിച്ചതും ഡോക്ടർ എസ് രാധാകൃഷ്ണൻ അന്തരിച്ചതും അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതും ഒരേ വർഷമാണ് (4)
8. രാജീവ് ഗാന്ധി അന്തരിച്ച വർഷം (4)
9 ദ്രൗപദി മുർമു ഇന്ത്യയുടെ എത്രാമത്തെ രാഷ്ട്രപതിയാണ് (2)
12. ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടിയ വർഷം (4)
18. ശങ്കരാചാര്യർ ജനിച്ച വർഷം എ. ഡി (3)
23. ജവഹർലാൽ നെഹ്റു അന്തരിച്ച വർഷം (4)
28. ഗാന്ധി സമാധി ജനുവരി ...... തീയതിയാണ് (2)
25. ഒരു മണ്ഡലക്കാലം എത്ര ദിവസമാണ് (2)
29. കൊല്ലവർഷം ഇതേ തു വർഷമാണ് (4)
30. ഇന്ത്യൻ പാർലമെൻറ് ആക്രമണം നടന്ന വർഷം (4)
32. അധിവർഷത്തിൽ ഫെബ്രുവരിക്ക് ........ ദിവസങ്ങൾ ഉണ്ട് (2)

**താഴോട്ട്**

1. കോട്ടയത്തെ സിഎംഎസ് കോളേജ് കേരളത്തിലെ ആദ്യ കോളേജ് ആയി ആരംഭിച്ച വർഷം (4)
3. മഹാത്മാഗാന്ധി വെടിയേറ്റ് മരിച്ച വർഷം (4)
4. മഹാകവി ജി ശങ്കരക്കുറുപ്പ് അന്തരിച്ചതും പി കെ വാസുദേവൻ നായർ മുഖ്യമന്ത്രിയാകുന്നതും ഒരേ വർഷമാണ് (4)
8. സിനിമാതാരം സത്യൻ അന്തരിച്ച വർഷം (4)
9. ചെമ്പൈ വൈദ്യനാഥ ഭാഗവതർ നിര്യാതനായ വർഷം (4)
12. സ്വാമി വിവേകാനന്ദൻ ചിക്കാഗോയിൽ നടത്തിയ കോളിളക്കം സൃഷ്ടിച്ച പ്രസംഗം ഏത് വർഷം (4)
23. ദശപുഷ്പങ്ങൾ എത്രയെണ്ണം (2)
26. മഹാവിഷ്ണുവിൻറെ പ്രധാനപ്പെട്ട അവതാരങ്ങൾ എത്ര? (2)
28. ശങ്കരാചാര്യർ എത്രാമത്തെ വയസ്സിൽ സമാധിയായി (2)

**ഇടത്തോട്ട്**

8. പുരാണങ്ങൾ എത്ര എണ്ണമാണ് (2)
9. രാജീവ് ഗാന്ധി അന്തരിച്ച വർഷം (4)
11. ഇന്ത്യൻ സ്വാതന്ത്ര്യ ദിനം ആഗസ്റ്റ് എത്ര (2)
31. പോലീസിന്റെ എമർജൻസി നമ്പർ. ഒരു നൂറ്റാണ്ട് എത്ര വർഷം ? ഒരു കിന്റൽ എത്ര കിലോ ? എല്ലാത്തിനും ഒരു ഉത്തരം (3)
29. രാവണന് എത്ര തലകൾ ഉണ്ട് (2)
35. ശതാഭിഷേകം എത്രാം വയസ്സിലാണ് (2)
38. ശ്രീനാരായണഗുരു സമാധിയടഞ്ഞ വർഷം (4)

**മേൽപ്പോട്ട്**

11. തിഥികൾ എത്ര?(2)
12. ശബരിമലയിൽ ദിവ്യമായി കരുതപ്പെടുന്ന എത്ര പടികൾ ഉണ്ട് (2)
26. തിരുവനന്തപുരത്തുനിന്നും മലയാളം ടി വി പരിപാടി തുടങ്ങിയ വർഷം (4)
28. സ്വാമി വിവേകാനന്ദൻ എത്രാം വയസ്സിൽ സമാധിയായി (2)
29. ഇന്ദിരാഗാന്ധി അന്തരിച്ച വർഷം (4)
30. റിപ്പബ്ലിക് ദിനം ജനുവരി ..........തീയതി (2)
31. മഹാത്മാഗാന്ധി സർവ്വകലാശാല നിലവിൽ വന്ന വർഷം (4)
37. നവതി ആഘോഷിക്കുന്നത് എത്രാം വയസ്സിൽ (2)

**ഒരക്കമുള്ള സംഖ്യ**

7. കാളിദാസൻ ജീവിച്ചിരുന്നത് എ ഡി എത്രാം ശതകത്തിൽ
27. നവരാത്രി എത്ര ദിവസം
10 ദേശീയ അധ്യാപക ദിനം സെപ്റ്റംബർ എത്ര
4 ഗണപതിക്ക് പ്രദക്ഷിണം എത്ര
23 മനുഷ്യൻറെ ഒരു വർഷം ദേവന്മാരുടെ എത്ര ദിവസമാണ്
34 യുഗങ്ങൾ എത്ര
15 ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ രണ്ട് ഭൂഗർഭ നിലവിറകൾ ഉൾപ്പെടെ എത്ര നിലവറകൾ ഉണ്ട്
11 കേരളപ്പിറവി നവംബർ എത്ര
25 സാധാരണയായി അധിവർഷം (Leap Year) ഉണ്ടാകുന്നത് എത്ര വർഷം കൂടുമ്പോഴാണ്
16 ശിവന് എത്ര കണ്ണുകൾ ഉണ്ട്
24 രാമായണത്തിൽ എത്ര കാണ്ഡങ്ങളുണ്ട്
14 അരയാലിന് പ്രദക്ഷിണം എത്ര
6 അരയാനയോടൊപ്പം ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിൽ എത്ര പൊന്നാനകൾ കൂടിയുണ്ട്
36 ഗാന്ധിജയന്തി ഒക്ടോബർ എത്ര
21 മഴവില്ലിന് എത്ര നിറങ്ങൾ ഉണ്ട്
13 എത്ര വർഷം കൂടുമ്പോഴാണ് ഒളിമ്പിക്സ്
27 മഹാവിഷ്ണുവിന്റെ എത്രാമത്തെ അവതാരമാണ് ശ്രീകൃഷ്ണൻ
10 അയ്യപ്പന് പ്രദക്ഷിണം എത്ര
5 നവഗ്രഹങ്ങൾ എത്ര
2 നവരത്നങ്ങൾ എത്ര

**തയ്യാറാക്കിയത് :**
**ഓമനക്കുട്ടൻ പുതുശ്ശേരി ഇല്ലം കുമ്മണ്ണൂർ**

Name.........................................................
Address.....................................................
Mob:..........................................................

**പദപ്രശ്നത്തിന്റെ ഉത്തരം പൂരിപ്പിച്ച് പേരും മേൽവിലാസവുമെഴുതി ഫോട്ടോ എടുത്ത് ചീഫ് എഡിറ്ററുടെ വാട്സപ്പ് നമ്പരിൽ അയച്ചാൽ മതിയാവും.**

പേജ് 18 ൽ നിന്നും തുടർച്ച......

ഇനി അധികമുണ്ടാവില്ലാ യിരിയ്ക്കാം ദൂരം. പിന്നീടുള്ള സൈൻ ബോർഡു കളിൽനിന്നു മനസ്സിലായി, അതു 'ബേസ് ക്യാമ്പ് ആണെന്ന്. അതെന്താണെന്ന ധാരണയൊന്നും ഇല്ലതാനും.

ഇപ്പോൾ ഏതാണ്ട് പതിമൂന്നു കിലോമീറ്റർ നടന്നുകയറിക്കഴിഞ്ഞു. കാലുകൾക്കു തളർച്ച യുണ്ട്. ദേഹമാകെ വിശ്രമത്തിനു കൊതിയ്ക്കുന്നു. സാരമില്ല, എത്താറായല്ലോ. ബാക്കികൂടി കയറാം. നടപ്പിനു വേഗം പോരാ.

സമയം ഏഴുമണിയായി. പക്ഷേ ഇരുട്ടിയിട്ടില്ല, നമ്മുടെ നാട്ടിൽ ഉച്ചതിരിഞ്ഞു നാലുമണിയ്ക്കുള്ള അന്തരീക്ഷംപോലെ.

**കയറ്റത്തിനൊടുവിൽ**

കയറ്റം അവസാനിച്ചു എന്നു തോന്നുന്ന ഇടത്തെത്തി. ചുറ്റുപാടും കരിങ്കല്ലുകൊണ്ടു ഭംഗിയായി വളച്ചു കെട്ടിയൊതുക്കിയ ഉയർന്ന ഭൂപ്രദേശത്തിനരികിലൂടെ ഞങ്ങൾ വീണ്ടും നടന്നു. അങ്ങനെ ഞങ്ങൾ എത്തിച്ചേർന്നത് വലിയ ആരവമുള്ള തിരക്കിലേയ്ക്കാണ്. ഒരു വലിയ പുരുഷാരത്തിലേയ്ക്ക്.

ചുറ്റുമൊന്നു കണ്ണോടിച്ചു. ആകെ ബഹള മയമായ അന്തരീക്ഷം. ഈ ദൂരവും കയറ്റവുമെല്ലാം താണ്ടിയെത്തിയ മുഴുവൻ ആളുകളും കുതിരകളും ഡോളികളും ചുമട്ടുകുട്ടക്കാരും എല്ലാം വന്നിറങ്ങിയിരിയ്ക്കുന്നത് ഇവിടെയാണ്. ഇതാണ് ബേസ് ക്യാമ്പ്.

കേദാർനാഥക്ഷേത്രത്തിലേയ്ക്കു വരുന്നവരും, വന്നു ദർശനം കഴിഞ്ഞു മലയിറങ്ങാൻ നില്ക്കു ന്നവരുമായ ആയിരക്കണക്കിനാളുകളുണ്ടവിടെ. എല്ലാവരും നിന്നേടത്തുനിന്നു നീങ്ങാൻ വട്ടം കൂട്ടുന്നു. വന്നവർക്കു താമസസ്ഥലത്തോ ക്ഷേത്രത്തിലോ എത്തണം; ദർശനം കഴിഞ്ഞ വർക്കു തിരികെപ്പോകണം. ഓടിക്കയറിവന്ന കുതിരകളും ഡോളിയും പിട്ഠുവും യാത്രക്കാരെ ഇറക്കി കിതപ്പാറ്റി വിശ്രമിയ്ക്കുന്നു.

'ഘോഡാ ഘോഡാ'വിളികൾ എവിടെയും കേൾക്കാം. മലയിറങ്ങാൻ കുതിര വേണോ എന്നു ചോദിയ്ക്കയാണവർ. സീസണിൽ പരമാവധി വരുമാനമാണ് അവരുടെ ലക്ഷ്യം. ഉപജീവന വുമാണല്ലോ. തിരക്കിട്ടു വിലപേശി വാടകയു റപ്പിയ്ക്കുന്ന ഡോളി ഏജന്റുമാർ ധാരാളം. കുതിരകളും കുതിരക്കാരും യാത്രക്കാരെക്കാ ത്തുനില്ക്കുന്നു. ചുമട്ടുകുട്ടകൾ പുറത്തു തൂക്കി യാത്രക്കാരെ സമീപിയ്ക്കുന്നവർ വേറെ.

**ഇനിയും നടക്കണം**

ക്ഷേത്രം അടുത്തെവിടെയോ ആണെന്നാണ് ഞങ്ങൾ കരുതിയത്. എന്നാൽ ഉടനെ മനസ്സിലായി, ഇനിയുമൊരു രണ്ടര കിലോ മീറ്റർകൂടി മുന്നോട്ടു പോയാലെ ക്ഷേത്രത്തിനടുത്തെത്തൂ. മനസ്സിൽ സന്തോഷമുണ്ടെങ്കിലും അപ്പോഴേയ്ക്കും ദൈഹി കമായി ഞങ്ങൾ ശരിയ്ക്കും തളർന്നുപോയിരുന്നു.

എങ്കിലും മുന്നോട്ടു നടന്നു. നല്ല റോഡ്. ഇരുവശവും നിറയെ താത്കാലിക ഷെഡ്ഡുകളുണ്ട്. അവിടെ ഭക്ഷണവും പാനീയവും ലഭ്യമാണ്. കൂടാതെ അത്യാവശ്യമുള്ള കച്ചവടങ്ങളെല്ലാമുണ്ട്. അവിടെയെത്തുന്ന പലരും ഒരു ദിവസം തങ്ങി ദർശനം നടത്തി പിറ്റേന്നു മടങ്ങുന്നവരാണ്. അവർക്കു താമസിയ്ക്കാൻ വാടകയ്ക്കുള്ള കൂടാരങ്ങളും നിരവധിയുണ്ട്.

വന്നുപോകുന്ന ജനങ്ങൾക്കു സഹായത്തി നുള്ള സർക്കാർ സംവിധാനങ്ങളെല്ലാം ലഭ്യമാണ്. എൻക്വയറിയും പോലീസ് എയ്ഡ്പോസ്റ്റും പ്രവർത്തിയ്ക്കുന്നു.

ഇതെല്ലാം കണ്ട് ഞങ്ങൾ മുന്നോട്ടുനീങ്ങി. അതാ നേരെ കാണാം തൂവെള്ളയായ ഹിമാലയ ശിഖരം. വളരെ അടുത്തെന്നപോലെ. കയറിച്ചെല്ലാ മെന്നു തോന്നും. പഞ്ഞിക്കെട്ടുപോലെ ഒരു ദിക്കു മുഴുവൻ വ്യാപിച്ചുകിടക്കുന്ന അത്ഭുതകരമായ തണുത്ത കുന്നിൻപടർപ്പ്.

അസ്ത്യു ത്തരസ്യാം ദിശി ദേവതാത്മാ

ഹിമാലയോ നാമ നഗാധിരാജഃ '

എന്ന കാളിദാസകാവ്യശകലം ഓർത്തുപോയി.

അതെ ദേവതാത്മാവായ ഹിമവാനെയാണ് ഇപ്പോൾ കൺമുമ്പിൽക്കാണുന്നത്. അഹോ ഭാഗ്യം ഈ ദർശനം ! ഇങ്ങെനയൊരു ദൃശ്യവിരുന്ന് തെക്കേ അറ്റത്തുനിന്നു ചെന്ന ഞങ്ങൾക്കു പ്രതീക്ഷിയ്ക്കാവുന്നതിലപ്പുറമായിരുന്നു.

**തണുത്തുറഞ്ഞ രാവ്**

ഞങ്ങൾ രണ്ടുപേരാണ് ആദ്യം ഇവിടെ യെത്തിയത്. ഇവിടെനിന്നുവേണം താമസ സ്ഥലത്തേയ്ക്കു പോകാൻ.

സന്ധ്യ കഴിഞ്ഞു. കുറേശ്ശെ ഇരുട്ടു പരന്നു. അന്തരീക്ഷത്തിൽ തണുപ്പുവീണുതുടങ്ങി. ബുക്കു ചെയ്തിരുന്ന താമസസ്ഥലം എവിടെയാണെന്നു ധാരണയില്ല. തണുപ്പ് അനുനിമിഷം കൂടിവന്നു. മൂന്നുനാലടുക്ക് വസ്ത്രങ്ങളുണ്ട് ദേഹത്ത്. അതൊന്നും കാര്യമായി ഫലിച്ചില്ല. വിറങ്ങ ലിച്ചുപോയ നിമിഷങ്ങൾ!

ഒപ്പമുള്ള നാലുപേർ ഞങ്ങൾക്കു പിന്നാലെ നടന്നുകയറിവരുന്നുണ്ട്. ഒരു മണിക്കൂർ കഴിഞ്ഞ പ്പോഴേയ്ക്കും അവരും ഞങ്ങൾ കാത്തുനിന്നിടത്ത് എത്തി.

അവിചാരിതമായി, മുമ്പു പോന്നവരുമായി ബന്ധപ്പെടാൻ സാധിയ്ക്കാതെവന്നു. രാത്രിയും ഇരുട്ടും തണുപ്പും സ്ഥലപരിചയക്കുറവും ശരീരക്ഷീണവുമെല്ലാം മൂലം താമസസ്ഥലം കണ്ടെത്താൻ കുറച്ചു വൈകി.

അങ്ങനെ ഹിമാലയപാർശ്വത്തിലെ കൊടും തണുപ്പിൽ (6 ഡിഗ്രി) തുറസ്സായ സ്ഥലത്തു രണ്ടുമണിക്കൂർ കഴിച്ചുകൂട്ടി. അതും അത്യപൂർവ മായ അനുഭവമായിരുന്നു.

**അല്പം വിശ്രമം**

അന്നു രാത്രി അവിടെക്കഴിഞ്ഞു. പിറ്റേന്നു രാവിലെ നേരത്തേ കുളിച്ചു ക്ഷേത്രദർശനത്തിനു തയ്യാറായി. മൂന്നാം നിലയിലെ മുറിയുടെ വരാന്തയിലിറങ്ങി നോക്കി. പുറത്തു നല്ല മഞ്ഞ്. താഴെ ഒഴുകുന്ന മന്ദാകിനിപ്പുഴയും കാണാം. ഒരു ചായ കുടിയ്ക്കാമെന്നു കരുതി പുറത്തിറങ്ങി. പ്രത്യേകിച്ചു ഞങ്ങൾ സ്ത്രീകൾ ഒന്നിച്ചാണ് പോയത്. ആ സൗഹൃദം യാത്രയുടെ വിശേഷ സന്തോഷമായിരുന്നു.

കൈവെള്ളയിൽ വെയ്ക്കാവുന്ന കുഞ്ഞി ഗ്ലാസുകളിലാണ് ചായയും കാപ്പിയും കിട്ടുക. കിട്ടുമ്പോൾത്തന്നെ കുടിച്ചില്ലെങ്കിൽ പെട്ടെന്ന് ആറിത്തണുക്കും. അത്രയ്ക്കുണ്ട് തണുപ്പ്. ചുറ്റും കോട്ട കെട്ടിയിരിയ്ക്കുന്ന അതിവിശാലമായ ഹിമാലയപർവതത്തിന്റെ മറ്റൊരു പാർശ്വത്തി ലാണ് ഞങ്ങൾ നില്ക്കുന്നത്.

**കേദാർനാഥന്റെ പാവനസന്നിധിയിൽ**

അധികം വൈകാതെ ഞങ്ങൾ ക്ഷേത്രത്തിലേയ്ക്കുള്ള വഴിയേനീങ്ങി. സമുദ്രനിരപ്പിൽനിന്നു 3500–ലധികംമീറ്റർ ഉയരത്തിലാണ് ഈ ക്ഷേത്രം. ചതുർധാമങ്ങളിലൊന്നാണിത്. കൂടാതെ പന്ത്രണ്ടു ജ്യോതിർലിംഗങ്ങളിലൊന്നുമാണ്. ഏപ്രിൽ നവംബർ ആണ് തീർഥാടനസമയം.

ദൂരെനിന്നു കാണാം പാവനമായ ക്ഷേത്രഗോപുരം. പടവുകൾ കയറിച്ചെന്നാൽ ക്ഷേത്രമായി. ലളിതവും പുരാതനവുമായ നിർമിതിയാണതിന്റേത്. ക്ഷേത്രപരിസരമാകെ പ്രത്യേകാനുഭവം ഉളവാക്കുന്നതായിരുന്നു.

'ഹരഹര മഹാദേവ'എന്ന സ്വരം അന്തരീക്ഷത്തിൽ അലയടിയ്ക്കുന്നു.

പരമശിവനെ അനുകരിച്ചു വേഷം ധരിച്ച ജടാഭസ്മധാരികൾ അവിടുത്തെ കൗതുകകരമായ കാഴ്ചയാണ്. വിറങ്ങലിച്ചു പോകുന്ന ആ കൊടുംതണുപ്പിൽ ഒറ്റ വസ്ത്രമേയുള്ളു അവർക്ക്. നേർത്ത ഒരെണ്ണം പുതച്ചിട്ടുമുണ്ട്. എങ്ങനെ ആ തണുപ്പിൽ നില്ക്കുന്നുവെന്ന് അതിശയിച്ചുപോകും. ദേഹമാകെ കനത്തിൽ ഭസ്മം പൂശിയിരിയ്ക്കുന്നു. മുടി ജടയാക്കി നെറുകയിൽക്കെട്ടി, അതിൽ വരിയൊപ്പിച്ചു രുദ്രാക്ഷം ചുറ്റിയിരിയ്ക്കുന്നു. നെറ്റിയിൽ വിരൽകൊണ്ടുവരച്ചു തൊട്ട ഭസ്മക്കുറിയുമുണ്ട്. കയ്യിൽപ്പിടിച്ചിട്ടുള്ള നീണ്ട തണ്ടോടുകൂടിയ ഒരുപിടി മയിൽപ്പീലികൊണ്ട് ഭക്തരുടെ ശിരസ്സിൽ ഒന്നുരണ്ടു സ്പർശിയ്ക്കും. പ്രസാദവും കൊടുക്കും. കയ്യിലെ ഭസ്മപ്പാത്രങ്ങളിൽ വീഴുന്ന ദക്ഷിണയാവാം ഉപജീവനം. എന്തായാലും സവിശേഷമായ കാഴ്ചയാണത്. നിരവധിയാളുകളാണ് ദർശനത്തിന് എത്തീട്ടുള്ളത്. നെടുനീളൻ ക്യൂവിൽ നിന്നാലേ തൊഴുതു മടങ്ങാനാകൂ.

ഏതാണ്ട് പത്തുമണിയോടുകൂടി ദർശനം കഴിഞ്ഞു. യാത്ര സഫലമായി. 'ക്ലേശം ഫലിയ്ക്കിലതുതാൻ പുതുതായ സൗഖ്യം എന്നുണ്ടല്ലോ.

**ഇനി ഇറങ്ങാം**

ഇനി വന്നവഴി ഇറങ്ങാം. തിരികെ ബേസ് ക്യാമ്പിലെത്തി. കുറച്ചുപേർ നടന്നുതന്നെ ഇറങ്ങാൻ തീരുമാനിച്ചിരുന്നു. ബാക്കിയുള്ളവർ ഇതരമാർഗങ്ങളിൽ താഴേയ്ക്കിറങ്ങി. ഞാനും മറ്റു മൂന്നുനാലുപേരും ഡോളിയാണ് തെരഞ്ഞെടുത്തത്. നാലുപേർ ചുമക്കുന്ന മരക്കസേര. കാലു നീട്ടി ഇരിക്കാനുള്ള നീളമുണ്ടതിന്. പിന്നിലൊരു ബാഗും വയ്ക്കാം . ഡോളി തോളത്തെടുത്തുവച്ച് അവർ ഓടിയിറങ്ങുകയാണ്. വഴിയുടെ ഘടനയും കുത്തനേയുള്ള ഇറക്കവും കാൽനടയാത്രക്കാരുടെ പോക്കും കുതിരത്തിരത്തിരക്കുമെല്ലാം തലേന്നു കണ്ടറിഞ്ഞതാണ്. എങ്ങനെ ഇതുവഹിയ്ക്കുന്നുവെന്ന് അതിശയിച്ചുപോകും. ഇവരും മനുഷ്യരാണല്ലോ. അഞ്ചു മണിക്കൂർ കൊണ്ട് അവർ ഓടിയിറങ്ങി

താഴെയെത്തിച്ചു. ഇടയ്ക്ക് ആകെ മൂന്നു തവണയാണ് ഡോളി താഴയിറക്കി വിശ്രമിച്ചത്.

അതിസാഹസികവും ദുഷ്കരവുമാണ് അവരുടെ ജോലി. ഇവിടുത്തെ വിസ്മയ വൈവിധ്യങ്ങളിൽപ്പെട്ടതാണ് ഇതും.

നേരത്തേ ഇറങ്ങിവന്നവരൊക്ക ഗൗരീകുണ്ഡിലെത്തി വരാനുള്ളവരെ കാത്തിരുന്നു. പല മാർഗങ്ങളിൽ മലയിറങ്ങിയ ഞങ്ങൾ ഒന്നിച്ച് രാത്രി എട്ടുമണിയോടെ ഗൗരീകുണ്ഡിൽനിന്നു നീങ്ങി.

ഗുപ്ത്കാശിയിൽ തിന്നെു തങ്ങിയ ഹോട്ടലിലെത്തണം. ട്രെക്കറിന് സോൻപ്രയാഗിലെത്തിയാൽ അവിടെ ഞങ്ങളുടെ ട്രാവലർ ഉണ്ടാകും.

പക്ഷേ നടന്നുനീങ്ങിയ ഞങ്ങൾ എത്തിയത് അതിദീർഘമായ ഒരു ക്യൂവിന്റെ വാലറ്റത്താണ്. സോ ൻപ്രയാഗിലേയ്ക്കു പോകാൻ ട്രെക്കറിനുള്ള ക്യൂ! ഇതറിയാതെയാണ് ഞങ്ങൾ ഗൗരീകുണ്ഡിലെത്തി ദീർഘനേരം വിശ്രമിച്ചത്. ചീറിപ്പാഞ്ഞു ഷട്ടിലടിയ്ക്കുന്ന ട്രെക്കറുകൾ. അവയാണ് ഏകാശ്രയം. കാലിനു തളർച്ചയുണ്ടെങ്കിലും ക്യൂവിൽ ഊഴം കാത്തുനില്ക്കാതെവയ്യ. എല്ലാം തപസ്സുതന്നെ.

ഒരുമണിക്കൂറിലധികം കഴിഞ്ഞപ്പോൾ ഞങ്ങളുടെ ഊഴമായി. അങ്ങെന ഒരു ട്രെക്കറിൽ സോൻപ്രയാഗലെത്തി. അവിടെനിന്നു ട്രാവലറിൽ പതിനൊന്നുമണി കഴിഞ്ഞപ്പോഴേയ്ക്കു തിരികെ ഗുപ്ത്കാശിയിലെ താമസസ്ഥലത്തുചെന്നു. ബുഫെ രീതിയിൽ വളരെനല്ല ഭക്ഷണം ഞങ്ങളെ കാത്തിരിപ്പുണ്ടായിരുന്നു.

ഉത്തരാഖണ്ഡിലൂടെയുള്ള യാത്രയിൽ വെജിറ്റേറിയൻ ഭക്ഷണത്തിന് ഒരിയ്ക്കലും ദൗർലഭ്യമുണ്ടായില്ല എന്നതു വളരെ ആശ്വാസകരമായി. ചോറും തന്തൂരി റൊട്ടിയും തൈരും പരിപ്പു വിഭവമായ ദാലും ഉൾപ്പെട്ട ഥാലി' എല്ലായിടത്തും ലഭ്യമായിരുന്നു.

**ബദരിയിലേയ്ക്ക്** ജൂൺ 12.

അങ്ങനെ കേദാരനാഥനെ തൊഴുത് ഗുപ്ത്കാശിയിലെത്തിയ ഞങ്ങൾ പിറ്റേന്നു രാവിലെ ഒമ്പതു മണിയ്ക്കു ബദരിയിലേയ്ക്കു തിരിച്ചു.

നേരേ പോകുന്നത് പിപ്പൽക്കോട്ടി എന്ന സ്ഥലത്തേയ്ക്കാണ്. അവിടെനിന്നു വീണ്ടും 70 കിലോമീറ്ററോളമുണ്ട് ബദരിയിലേയ്ക്ക്.

ഉത്തരാഖണ്ഡിന്റെ മുഖച്ഛായതന്നെ മലനിരകളും താഴ്വരകളും ഗർത്തങ്ങളും നദികളുമാണ്.

ഉള്ളുമുഴുവൻ തണുപ്പും. ഇതെല്ലാം ആവോളം ആസ്വദിച്ചും അനുഭവിച്ചുമാണ് ഞങ്ങൾ ബദരിയിലേയ്ക്കു നീങ്ങിയത്. ചുറ്റും നല്ല പച്ചപ്പും അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്ന മഞ്ഞും.

പോകുന്നവഴി ഒരിടത്ത് ചായകുടിയ്ക്കാൻ നിർത്തി. അവിടെ ചായം വസയ ഉണ്ടാക്കാനുള്ള വെള്ളം ശേഖരിയ്ക്കുന്നത് നേരെ മലമുകളിൽന്നാണ്. ആരും തൊടാത്ത പരിശുദ്ധജലം. മുകളിൽനിന്ന് ഒഴുകിവരുന്ന ഉറവയിലേയ്ക്കു ചേർത്തു വച്ചിരിയ്ക്കുന്നു വെള്ളമെടുക്കാനുള്ള നീണ്ട ഹോസ് ! വളരെ കൗതുകകരമായ കാഴ്ചതന്നെ.

രാത്രി പിപ്പൽക്കോട്ടിലെ ഹോട്ടലിൽ തങ്ങി. പർവതത്തിന്റെ അടിവാരത്തിലാണ് മിക്ക ഹോട്ടലുകളും. ബദരിദർശനം ഏതു കൃഷ്ണഭക്തന്റെയും ദിവ്യമോഹമാണ്.

ബദരിനാഥക്ഷേത്രം നരനാരായണപർവതങ്ങൾക്കിടയിലൂടെ ഒഴുകുന്ന അളകനന്ദയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നു. ലക്ഷ്മീനാരായണനായ വിഷ്ണുവും ഉദ്ധവരും ഗരുഡനും നാരദനും കുബേരനുമാണ് അവിടുത്തെ പ്രതിഷ്ഠകൾ. ആറുമാസമാണ് ബദരിനാഥ് ക്ഷേത്രത്തിൽ മനുഷ്യരാലുള്ള പൂജയുള്ളു. തുടർന്നുള്ള കാലം നാരദമഹർഷിയാണ് പൂജകൻ.

തുടരും.....

## മലയാള ബ്രാഹ്മണ സമാജം

# നവതി ആഘോഷവും മഹാസംഗമവും

### 2025 മെയ് 11

**ചൈതന്യ ഓഡിറ്റോറിയം, കോട്ടയം**

**1934 മാർച്ച് 7 നു സ്ഥാപിതമായ മലയാള ബ്രാഹ്മണ സമാജം സുദീർഘമായ പ്രവർത്തന നേട്ടങ്ങളോടെ ഇന്ന് നവതിയുടെ പ്രൗഢമായ നിറച്ചാർത്തുകളണിഞ്ഞ് ജ്വലിച്ചു നിൽക്കുകയാണ്.** അമ്പലപ്പുഴ നാഗമംഗലത്ത് ഇല്ലത്ത് ബ്രഹ്മശ്രീ നാരായണൻ ഇളയതിന്റെയും (ആദ്യ പ്രസിഡന്റ്) ചങ്ങനാശേരി പിരളിയിൽ ഇല്ലത്ത് ബ്രഹ്മശ്രീ പരമേശ്വരൻ നമ്പൂതിരിയുടെയും (ആദ്യ ജനറൽ സെക്രട്ടറി) നേതൃത്വത്തിൽ ആരംഭിച്ച സംഘടനാ പ്രവർത്തനങ്ങൾ കർമ്മനിരതമായ 90 വർഷങ്ങൾ പൂർത്തിയാക്കി നമുക്കേവർക്കും ആശയും അഭിലാഷവും അതിലേറെ അഭിമാനവും നൽകി കൊണ്ട് വളർന്നിരിക്കുന്നു. സമാജസ്നേഹികളായ അനേകമനേകം മഹത് വ്യക്തികളുടെ നിസ്വാർത്ഥവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ നമുക്ക് ഇന്ന് വഴികാട്ടിയായി നിലനിൽക്കുന്നു. മൺമറഞ്ഞു പോയതും ജീവിച്ചിരിക്കുന്നതുമായ എല്ലാ മുൻകാല പ്രവർത്തകർക്കും പാദനമസ്കാരം ചെയ്തു കൊണ്ട് പുത്തൻ തലമുറ വർദ്ധിത വീര്യത്തോടെ സമാജത്തിന്റെ സർവ്വതോന്മുഖമായ ഉയർച്ചക്കായി അനവരതം പോരാടുവാൻ പ്രതിജ്ഞാബദ്ധമാണ്.

**സമാജത്തിന്റെ ശതാഭിഷേക സമ്മേളനം 2017 ൽ എറണാകുളത്ത് ടൌൺ ഹാളിൽ നടന്നത് ഇന്നും ഒളിമങ്ങാതെ ഏവരുടെയും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നുണ്ടാകും.** അതിനു ശേഷം സംസ്ഥാനതലത്തിൽ ഒരു ഒത്തു ചേരൽ ഇത് വരെ നടന്നിട്ടില്ല. MBS കേന്ദ്ര സമിതി തീരുമാനപ്രകാരം 2025 മെയ് 11 ഞായറാഴ്ച കോട്ടയം തെള്ളകത്തുള്ള ചൈതന്യ ഓഡിറ്റോറിയത്തിൽ വച്ച് നവതി ആഘോഷങ്ങളുടെ സമാപനവും സമാജ കുടുംബാംഗങ്ങളുടെ മഹാസംഗമവും നടക്കുകയാണ്.

**ഒരു വർഷക്കാലമായി തുടരുന്ന നവതി ആഘോഷങ്ങളുടെ ഭാഗമായി ശാഖാ തലങ്ങളിൽ ധാരാളം പരിപാടികൾ നടന്നിട്ടുണ്ട്.** സമഗ്ര വികസനസമിതിയുടെ നേതൃത്വത്തിൽ സമാജ അംഗങ്ങളുടെ നിർലോപമായ സഹായ സഹകരണങ്ങളുടെ ഫലമായി അമ്പലപ്പുഴയിൽ നാഗമംഗലം ക്ഷേത്ര പുനരുദ്ധാരണവും പുനഃപ്രതിഷ്ഠയും നടത്തിയത് നവതി വർഷത്തിലെ ഒരു നാഴിക കല്ലാണ്. മണ്ഡലകാല മഹോത്സവവും അതിഗംഭീരമായി നമ്മുടെ ക്ഷേത്രത്തിൽ നടന്നു വരികയാണ്.

**ഏകദേശം ഒരു ദശാബ്ദക്കാലത്തിനു ശേഷം നടക്കുവാൻ പോകുന്ന ഈ സംസ്ഥാന സമ്മേളന ചിന്തകൾ ഇതിനകം തന്നെ സമാജ അംഗങ്ങളുടെ ഹൃദയങ്ങളിൽ ആവേശ ത്തിരമാലകൾ ഉയർന്നു പൊന്തുവാൻ കാരണമായി എന്നറിഞ്ഞതിൽ സന്തോഷമുണ്ട്.** വരാനിരിക്കുന്ന സംസ്ഥാന സമ്മേളനത്തിന്റെ സമ്പൂർണ്ണ വിജയത്തിനായി അരയും തലയും മുറുക്കി രംഗത്തിറങ്ങുവാനും കയ്യും മെയ്യും മറന്ന് അധ്വാനിക്കുവാനും ഓരോ സമാജ അംഗങ്ങളോടും വിനയപൂർവം അഭ്യർത്ഥിക്കുന്നു.

എന്ന്

കൺവീനർ
സ്വാഗതസംഘം

# നവതി ആഘോഷത്തിന്റെ ഭാഗമായി നടന്ന പ്രശ്നോത്തരി മത്സരങ്ങളുടെ ചോദ്യോത്തരങ്ങൾ

## വിഷയം : ഓണം

1. ഓണം കേരളത്തിന്റെ ദേശീയ ഉത്സവമായി ആഘോഷിക്കാൻ തുടങ്ങിയ വർഷം? 1961

2. ഓണപ്പൂവ് എന്ന വിശേഷണമുള്ള പൂവ് ?

ചെറുകാശിത്തുമ്പ

3. മഹാബലിയുടെ യഥാർത്ഥ പേര് എന്താണ്? ഇന്ദ്രസേനൻ

4.ബലിദർശനം എന്ന കവിത ആര് എഴുതിയതാണ് ? അക്കിത്തം അച്യുതൻ നമ്പൂതിരി

5. ഏതു നാളിൽ ആണ് ചില സ്ഥലങ്ങളിൽ ചതുരത്തിൽ പൂക്കളമിടുന്നത് ? മൂലം

6. മഹാബലി ഏതു യാഗം നടത്തുമ്പോൾ ആണ് വാമനൻ എത്തിച്ചേരുന്നത് ? വിശ്വജിത്ത്

7. ദശാവതാരങ്ങളിൽ മഹാവിഷ്ണുവിന്റെ എത്രാമത്തെ അവതാരമാണ് വാമനൻ ? അഞ്ചാമത്തെ

8. വാമനാവതാരം ഏതു യുഗത്തിലാണ്?

ത്രേതായുഗം

9. ഏത് നദിയുടെ തീരത്താണ് മഹാബലി യാഗം നടത്തിയത്? നർമ്മദ

10. ഭാഗവതത്തിൽ ഏതു സ്കന്ധത്തിലാണ് മഹാബലിയുടെ ചരിത്രം പറയുന്നത് ?

അഷ്ടമസ്കന്ധം

11. ഓണത്തിന് കേരളത്തിലേത് പോലെ പൊതു അവധി നൽകുന്ന കിഴക്കൻ മേഖല സംസ്ഥാനം ഏത്...മിസോറാം

12. മഹാബലിയെ പാദസ്പർശം കൊണ്ട് അഹങ്കാരമുക്തനാക്കി ഏതു ലോകത്തേക്കാണ് വാമനൻ അയച്ചത് ? സുതലം

13. തൃക്കാക്കര ക്ഷേത്രത്തിൽ വാമനമൂർത്തിയെ പ്രതിഷ്ഠിച്ചതാര് ? പരശുരാമൻ

14. കേരളത്തിൽ ഇരുപത്തിയെട്ടാം ഓണം ആഘോഷമായി നടത്തുന്ന ക്ഷേത്രം ഏത്?

ഓച്ചിറ പരബ്രഹ്മ ക്ഷേത്രം

15. ഓണവുമായി ബന്ധപ്പെട്ട സംഗീതോപകരണം? ഓണവില്ല്

16. മലബാറിൽ ഓണത്തിന്റെ വരവിനെ അറിയിക്കുന്ന തെയ്യം? ഓണപ്പൊട്ടൻ

17. ഏതു ദിവസമാണ് സാധാരണയായി നെഹ്റു ട്രോഫി വള്ളംകളി നടത്തുന്നത്?

ആഗസ്ത് മാസത്തിലെ രണ്ടാം ശനിയാഴ്ച

18. മധ്യ തിരുവിതാകൂറിൽ ഓണം തുള്ളൽ നാടൻ കലാരൂപം അവതരിപ്പിക്കുന്നത് ഏത് സമുദായത്തിൽപ്പെട്ട ആളുകളാണ്? വേലന്മാർ

19. ആറന്മുള വള്ളംകളി ഏത് ജലാശയത്തിലാണ് നടത്തുന്നത്? പമ്പാനദി

20. മലയാള കവിതയിൽ ഓണത്തിന്റെ പരാമർശമുള്ള ആദ്യ കൃതി ?

ഉണ്ണുനീലിസന്ദേശം

21. 'മാവേലിനാട് വാണീടും കാലം' എന്ന ഓണപ്പാട്ട് ഏത് നാടൻ പാട്ടിലുള്ളതാണ് ?

മഹാബലിചരിതം

22. ഓണപ്പാട്ടുകളുടെ തമ്പുരാൻ എന്ന് അറിയപ്പെടുന്നത് ആര്? മച്ചാട്ടിളയത്

23. ഓണവുമായി ബന്ധപ്പെട്ട തുമ്പി തുള്ളലിന് പ്രശസ്തമായ ജില്ല? കൊല്ലം

24. മഹാബലിയുടെ അച്ഛന്റെ പേര്?

വിരോചനൻ

25. വിഷ്ണുവിന്റെ അവതാരമായ വാമനന്റെ അമ്മയുടെ പേര്? അദിതി

## വിഷയം : നവരാത്രി

1. ദുർഗ്ഗയുടെ ഏതു സ്വരൂപത്തിന്റെ വാഹനമാണ് ഋഷഭം അഥവാ കാള? ശൈലപുത്രി

2. ആശ്വിന മാസത്തിലെ നവരാത്രി കൂടാതെ മറ്റു മൂന്നു നവരാത്രികൾ കൂടി ആഘോഷിക്കപ്പെടുന്നുണ്ട്. അവ ഏതെല്ലാം മാസങ്ങളിൽ ആണ്? പൗഷം, ചൈത്രം, ആഷാഢം

3. എത്ര കൈകളാണ് കൂശ്മാണ്ഡദേവിയ്ക്ക് ഉള്ളത്? 8

4. ബ്രഹ്മചാരിണി ദേവിയുടെ കൈകളിൽ എന്താണ്? ജപമാലയും കമണ്ഡലുവും

5. നവരാത്രിയുടെ അഞ്ചാം ദിവസം ദേവി യുടെ ഏത് സ്വരൂപത്തെയാണ് പൂജിക്കുന്നത്?

സ്കന്ദമാതാ

6. ഏതു ജില്ലയിൽ ആണ് പ്രസിദ്ധമായ കൊല്ലൂർ മൂകാംബിക ക്ഷേത്രം സ്ഥിതി ചെയ്യു ന്നത്? ഉഡുപ്പി

7. കേരളത്തിൽ പുസ്തകങ്ങളും ആയുധങ്ങളും മറ്റും പൂജ വയ്ക്കുന്ന സമയം?

ദുർഗ്ഗാഷ്ടമി വൈകുന്നേരം

8. ദേവീ ഭാഗവതത്തിൽ എത്ര സ്കന്ധങ്ങൾ ഉണ്ട്? 12

9. കാളരാത്രീ ദേവി ആരെയാണ് വധിച്ചത്? രക്തബീജൻ

10 നവരാത്രിക്കാലം ദുർഗാപൂജയായി ആഘോഷിക്കുന്ന സംസ്ഥാനം ഏത്?

പശ്ചിമബംഗാൾ

11. മഹിഷാസുരന്റെ പേരിൽ അറിയപ്പെടുന്ന ഭാരതത്തിലെ ഒരു നഗരം. മൈസൂരു

12. നവരാത്രിയുടെ ദിനങ്ങളിൽ കുമാരീപൂജ നടത്തുന്നത് ഏത് പ്രായത്തിൽ ഉള്ള കുട്ടികൾക്കാണ്? 2 മുതൽ 9 വരെ

13. കോട്ടയം ജില്ലയിലെ ഏത് ക്ഷേത്രമാണ് ദക്ഷിണ മൂകാംബിക എന്നറിയപ്പെടുന്നത് ?

പനച്ചിക്കാട്

14. ഭാരതത്തിൽ ചിലയിടങ്ങളിൽ വിജയദശമി മറ്റൊരു പേരിൽ ആഘോഷിക്കപ്പെടുന്നു. എന്താണത്? ദസറ

15. ആശ്വിന മാസത്തിൽ ആഘോഷിക്കുന്ന നവരാത്രിയുടെ മറ്റൊരു പേര്? ശരത് നവരാത്രി

16. നവരാത്രിയോടനുബന്ധിച്ചു ഏതെല്ലാം സംസ്ഥാനങ്ങളിലാണ് പ്രധാനമായും ബൊമ്മക്കൊലു നടത്തുന്നത്? തമിഴ്നാട്

കർണാടക, ആന്ധ്രപ്രദേശ്

17. ഗുജറാത്തിൽ നവരാത്രിക്കാലത്ത് നടക്കുന്ന ഒരു പ്രധാന നൃത്തരൂപം. ഗർബ

18. നവരാത്രി വ്രതത്തിന് പൊതുവെ വർജ്ജിക്കാറുള്ള ഭക്ഷണ പദാർത്ഥങ്ങൾ

ധാന്യങ്ങൾ

19. കാത്യായനി ദേവിയുടെ പ്രീതിക്കായി സമർപ്പിക്കുന്ന ദ്രവ്യം ഏത്? തേൻ

20. നവരാത്രി ഓരോ ദിവസത്തിനും ഓരോ നിറം പ്രധാനമാണ്. ആദ്യ ദിവസം ഏത് നിറത്തിനാണ് പ്രാധാന്യം? മഞ്ഞ

21. കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ പ്രതിഷ്ഠ നടത്തിയതാര്? ശ്രീശങ്കരാചാര്യർ

22. താഴെ പറയുന്നവയിൽ ആദി ശങ്കരനാൽ രചിക്കപ്പെടാത്ത കൃതി ഏത് ?

ദുർഗ്ഗാ സൂക്തം , മഹിഷാസുര മർദ്ദിനി സ്തോത്രം, ഭവാനി അഷ്ടകം , സൗന്ദര്യലഹരി

ദുർഗ്ഗാ സൂക്തം

23. എഴുത്തിനിരുത്തുമ്പോൾ ഏത് വിരൽ കൊണ്ടാണ് സാധാരണയായി ഹരിശ്രീ എഴുതിക്കുന്നത്? മോതിരവിരൽ

24. ഏത് നവരാത്രി ആഘോഷത്തിൽ ആണ് വിവിധ അലങ്കാരങ്ങളോടുകൂടിയ വിപുലമായ 'പന്തലുകൾ' പ്രദർശിപ്പിക്കുന്നത്?

ദുർഗാപൂജ ആഘോഷം

25. ദുർഗ സപ്തശതി (ദേവീ മാഹാത്മ്യം) രചിച്ചത് ആരാണ്? മാർക്കണ്ഡേയ മഹർഷി



**കൊറോണ സമൂഹത്തിന് സമ്മാനിച്ച കലാകാരൻ**

# വൈശാഖ് മാധവ്

വടക്കാഞ്ചേരിയിലെ തിച്ചൂർ എന്ന ഗ്രാമാന്തരീക്ഷത്തിൽ മംഗലത്ത് ഇല്ലത്ത് മാധവൻകുട്ടി ഇളയതിന്റെയും രമ അന്തർജന ത്തിന്റെയും മകനായി ജനിച്ച വൈശാഖ് സ്കൂൾ വിദ്യാഭ്യാസ കാലഘട്ടം കഴിഞ്ഞു പാരമ്പര്യ വിശ്വാസത്തിലും ആചാര അനുഷ്ഠാനങ്ങളിലും നൈപുണ്യം നേടുകയും ചെയ്തു ക്ഷേത്ര പൂജാരിയായി ആനപ്പുറം, ദഹണ്ഡം, തന്ത്രി പരി കർമ്മം എന്നിവയിലും വ്യാപൃതനായി ആ ഘട്ടത്തിലാണ് നമ്മുടെ നാടിനെ മാത്രമല്ല ലോകത്തെ മുൾമുനയിൽ നിർത്തിയ കൊറോ ണയുടെ കടന്നുകയറ്റം രാവിലെ ക്ഷേത്ര കാര്യങ്ങൾ കഴിഞ്ഞാൽ പിന്നെയുള്ള സമയ ങ്ങൾ എന്ത്, എങ്ങിനെ എന്ന ചിന്തയിൽ നിന്ന് നവമാധ്യമത്തിലെ tik-tok ലേക്ക് ഉള്ള ശ്രദ്ധ തിരി ഞ്ഞത് ദൈവാനുഗ്രഹവും മുത്തശ്ശൻ മുത്തശ്ശി മാരുടെ അനുഗ്രഹം കൊണ്ട് (മുത്തശ്ശനും മുത്തശ്ശിയും നാടക ,സിനിമ, സീരിയൽ നടി - നടന്മാരായിരുന്നു) തന്റെ കഴിവുകൾ സൃഷ്ടി ച്ചെടുക്കാൻ കഴിഞ്ഞു.

പൊതു അഭിപ്രായത്തിന്റെ ഭാഗമായി അഭിനയരംഗത്തേക്ക് നടന്നു കയറി സ്വതസിദ്ധ മായ കഴിവുകൾ ചെറിയതരം കഥകളും, വീഡി യോകളും ചെയ്തു. അഞ്ചു മിനിറ്റ് ദൈർഘ്യ മുള്ള കൈത്താങ്ങ് എന്ന ഷോർട്ട് ഫിലിമിൽ അഭിനയിക്കുകയും ഷൂട്ട് ചെയ്യുകയും ചെയ്തു.

നശ്ശ (നശിക്കാത്തത്) എന്ന കഥയാണ് ആദ്യ കഥ രചന തുടർന്ന് ലഹരി ,കനിവ്, സ്നേഹവീട്, സൈരന്ധ്രി , കനൽ, കുട്ടാപ്പു ,ഒരേ പടവുകൾ, അവസാനം ഇയ്യിടെ സമാജത്തിനു വേണ്ടി ചെയ്ത ഓണക്കോടി എന്നിവയാണ് കഥയെഴുതി അഭിനയിക്കുകയും സംവിധാനം ചെയ്ത വർക്കുകൾ .

കൊറോണ എന്ന മഹാമാരി സമൂഹ ത്തിന് നൽകിയ അതുല്യ കലാകാരൻ വൈശാഖിന് വീണ്ടും വീണ്ടും ഉയരങ്ങൾ കീഴടക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു . എല്ലാവരുടെയും പ്രോത്സാഹനവും ,സ്നേഹ വും ഈ കലാകാരനും നൽകി നമ്മളിൽ ഒരാളായി നമുക്ക് അഭിമാനത്തോടെ കൈപ്പിടിച്ച് ഉയർത്താം. ഈ കലാകാരന് എംബിഎസിന്റെ എല്ലാവിധ ആശംസകളും നേരുന്നു

# വാർത്തകൾ

## കേന്ദ്രവാർത്തകൾ

മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതിയുടെ സെപ്റ്റംബർ മാസയോഗം 29-ാം തിയതി നടന്നു. പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു

ഡയറക്ടറിയിലേക്കുള്ള വിവരങ്ങൾ പൂർണ്ണമായി നൽകാത്ത ചങ്ങനാശ്ശേരി, തുറവൂർ, മണിമല എന്നീ ശാഖകൾക്ക് സർക്കുലർ അയക്കാനും മേൽ വിവരങ്ങൾ 10 ദിവസത്തിനുള്ളിൽ നൽകണം എന്ന് ആവശ്യപ്പെടാനും തീരുമാനിച്ചു. സംസ്ഥാന ഡയറക്ടറിയുടെ അച്ചടിയുമായി മുൻപോട്ട് പോകാൻ തീരുമാനിച്ചു. സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതസംഘം കൺവീനറായി ശ്രീ അരുൺ കീച്ചേരിലിനെയും, ട്രഷററായി ശ്രീ എം. എൻ. ത്രിവിക്രമൻ നമ്പൂതിരിയെയും സമിതി തിരഞ്ഞെടുത്തു. അക്ഷരശ്ലോകം മത്സരമായി ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിലായി ഡിസംബറിൽ നടത്താനും സമ്മാനങ്ങൾ സംസ്ഥാനസമ്മേളനത്തിൽ വച്ച് നൽകാനും, ആയതിന്റെ പൂർണ്ണ ചുമതല കേന്ദ്ര പ്രസിഡന്റ് ശ്രീ റ്റി. വി. നാരായണ ശർമ്മയെ എൽപ്പിക്കുവാനും സമിതി തീരുമാനിച്ചു. നിർജ്ജീവമായ കാനറാബാങ്കിലെ കേന്ദ്ര സമിതി, സമഗ്രവികസനസമിതികളുടെ അക്കൗണ്ടുകൾ KYC നൽകി പുനരുജ്ജീവിപ്പിക്കാൻ തീരുമാനിച്ചു.

മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതിയുടെ ഒക്ടോബർ മാസയോഗം 27-ാം തിയതി നടന്നു. ഹെഡ് ഓഫീസിലെ നവീകരണം, പെയിന്റിങ് മുതലായ പണികൾക്കായി കൊട്ടേഷൻ വിളിച്ചതിൽ കുറവു തുകയായ 1,28,900 രൂപയുടെ കൊട്ടേഷൻ നൽകിയ 'R Well Constructions" നെ ഏൽപ്പിക്കുവാൻ സമിതി തീരുമാനിച്ചു. ഡിസംബർ 13-ാം തീയതി നാരായണീയ ദിനം ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചു. ആയതിന്റെ കൺവീനറായി ശ്രീകുമാർ ഒ. എൻ. നെ തീരുമാനിച്ചു. ഡിസംബർ 11-ാം തീയതി ഗീത ദിനം ഓൺലൈനായി ആഘോഷിക്കാനും ചുമതലകൾ ശ്രീമതി ദീപ്തി കണ്ണനെ ഏൽപ്പിക്കുവാനും തീരുമാനിച്ചു. നവതി ആഘോഷങ്ങളുടെ ഭാഗമായുള്ള അക്ഷരശ്ലോകമത്സരങ്ങൾ ഡിസംബർ 29-ാം തീയതി ഞായറാഴ്ച തിരുവംപ്പാവിൽ മഹാദേവക്ഷേത്രം ഓഡിറ്റോറിയത്തിൽ നടത്താനും ആയതിന്റെ ചുമതലകൾ ആനിക്കാട്ടില്ലത്ത് നാരായണ ശർമ്മയെ ഏൽപ്പിക്കാനും തീരുമാനിച്ചു. ആചാര്യസ്വാമികളുടെ 100 ഫോട്ടോ തയ്യാറാക്കുവാൻ തീരുമാനിച്ചു. അർദ്ധവാർഷിക കേന്ദ്ര കൗൺസിൽ 2025 ജനുവരി 26നു കോട്ടയത്തു വച്ചു നടത്തുവാൻ തീരുമാനിച്ചു. സമാജ അംഗങ്ങൾക്കിടയിലുള്ള സ്വകാര്യ ക്ഷേത്രങ്ങളുടെ വിവരശേഖരണത്തിനായുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു ഫോർമാറ്റ് ശ്രീ ചന്ദ്രഗുപ്തൻ ഇളയത് നിർദ്ദേശിക്കുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു. കേരളത്തിലുടനീളം മെമ്പർഷിപ്പ് കാമ്പെയിൻ നടത്തി പുതിയ ശാഖകൾ രൂപീകരിക്കുവാനും ആയതിന്റെ നടത്തിപ്പു ചുമതലകൾക്കായി കൺവീനറായി ചന്ദ്രഗുപ്തൻ ഇളയതിനെയും തീരുമാനിച്ചു.

## തിരുവനന്തപുരം

മലയാള ബ്രാഹ്മണ സമാജം തിരുവനന്തപുരം ജില്ലയുടെ സെപ്റ്റംബർ മാസത്തെ കുടുംബസംഗമം ഓൺലൈൻ ആയി സെപ്റ്റംബർ 28-ാം തീയതി നടത്തപ്പെട്ടു. തിരുവനന്തപുരം ജില്ലയുടെ വാർഷിക ആഘോഷം ഒക്ടോബർ മാസം 31-ാം തീയതി ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബിലുള്ള ജി വി രാജ ഹാളിൽ വച്ചു നടത്തുവാനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. സൂര്യ കൃഷ്ണമൂർത്തി മുഖ്യ അഥിതി ആയിരിക്കും. സംസ്ഥാന സമ്മേളനവുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ സ്വാഗത സംഘ പ്രതിനിധികളുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കും. പുതിയ ജനന, മരണ രജിസ്റ്ററുകളിലൂടെ വിവര ശേഖരണം ആരംഭിച്ചു. ജില്ലയിലെ സമാജം, വനിതാ വേദി പ്രവർത്തനങ്ങൾ അംഗങ്ങളുടെ പങ്കാളിത്തത്തോടെ സജീവമായി മുന്നേറുന്നു.

## കൊരട്ടി ശാഖ

MBS കൊരട്ടി ശാഖയുടെ ഒക്ടോബർ മാസത്തെ യോഗം ഇന്ന് 2024 ഒക്ടോബർ 12 ന് അഷ്ടമിച്ചിറ കിരാത്തോളി രവി ഇളയതിന്റെ ഇല്ലത്ത് വച്ച് കൂടുകയുണ്ടായി. തുടർ നടപടികൾക്ക് ശേഷം ഒരു വൃക്ഷതൈ നട്ട് യോഗം ഉദ്ഘാടനം ചെയ്തു തുടർന്ന് റിപ്പോർട്ട് വായിക്കുകയും കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. ഓണാഘോഷത്തിന്റെ കണക്കുകൾ അവതരിപ്പിച്ചു. ശാഖയുടെ നിരീക്ഷകനായി വല്ലച്ചിറ വലിയമംഗലത്ത് ഇല്ലത്തെ ശ്രീ കെ.സി ചന്ദ്രശേഖരൻ ഇളയത് സന്നിഹിതനായിരുന്നു. ഇന്ന് കിരാത്തോളി ഇല്ലത്തെ ശ്രീമതി ലളിതാ രവിയുടെ ഷഷ്ഠിപൂർത്തി ആയിരുന്നു. നമ്മുടെ ശാഖയിലെ ഏതാനും അംഗങ്ങൾ പങ്കെടുത്തു. കൊരട്ടി ശാഖയുടെ വകയായി ഒരു മംഗളപത്രം നൽകി അനുമോദിച്ചു. ഹവിസ്സിലേക്ക് സംഭാവനനൽകി. 4 മണിയോടെ യോഗം പര്യവസാനിച്ചു.

## ഗുരുവായൂർ ശാഖ

മലയാള ബ്രാഹ്മണ സമാജം ഗുരുവായൂർ ശാഖയുടെ വാർഷികാഘോഷവും കുടുംബ സംഗമവും ഗുരുവായൂർ നഗരസഭ ഫ്രീഡം ഹാളിൽ വച്ച്, 2024 സെപ്റ്റംബർ 29 ഞായറാഴ്ച ആഘോഷിച്ചു. ഈശ്വര പ്രാർത്ഥന ശ്രീമതി. വിനീത പരമേശ്വരൻനും ആചാര്യവന്ദനം മല്ലിശേരി ദേവനാരായണൻനും ചൊല്ലി . ശാഖാ ജോയിന്റ് സെക്രട്ടറി പി. ഡി. പരമേശ്വരൻ അനുസ്മരണ പ്രഭാഷണം നടത്തി. യോഗത്തിനെ സ്വാഗതം ചെയ്തത് ശാഖാസെക്രട്ടറി ശ്രീ. ദേവൻ ഇളയത് ആയിരുന്നു. തന്റെ സ്വാഗത പ്രസംഗത്തിൽ ശാഖയുടെ പ്രവർത്തനങ്ങൾ

ചുരുക്കത്തിൽ വിവരിക്കുകയും ചെയ്തു. അദ്ധ്യക്ഷ പദവി അലങ്കരിച്ചത് ശാഖ പ്രസിഡന്റ് ശ്രീമതി ഗീത എസ് ഇളയത് ആയിരുന്നു. ശാഖാ പ്രവർത്തനങ്ങളിൽ നടന്നുവരുന്ന പുരോഗതി അവർ വിവരിക്കുകയും വാർഷിക ആഘോഷ പരിപാടികളിൽ ആദ്യന്തം എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

വാർഷികാഘോഷ സമ്മേളനത്തിന്റെ ഉദ്ഘാടനം കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ മോഹൻകുമാർ പുതുമന അവർകൾ ചെയ്തു. ഗുരുവായൂരപ്പ സന്നിധിയിൽ ശാഖാ വാർഷികാഘോഷത്തിന്റെ ഉദ്ഘാടനത്തിന് അവസരം ലഭിച്ചത് ഗുരുവായൂരപ്പന്റെ അനുഗ്രഹത്താൽ ആണെന്ന് അദ്ദേഹം പറഞ്ഞു വാർഷിക ആഘോഷ പരിപാടികളിൽ എല്ലാവിധ ആശംസകളും നേരുകയും പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുകയും ചെയ്തു.അദ്ദേഹത്തെ ശാഖാ – ജില്ലാ പ്രസിഡണ്ടുമാർ ചേർന്ന് പൊന്നാടയണയിച്ച് ആദരിച്ചു. മറ്റൊരു വിശിഷ്ട വ്യക്തിയും പറപ്പൂക്കര സമാജാംഗവുമായ പുതുതായി തെരഞ്ഞെടുത്ത കേന്ദ്ര ജോയിന്റ് സെക്രട്ടറി കൃഷ്ണകുമാർ ആമ്പക്കാട്ടിനെ ശാഖാ പ്രസിഡണ്ടും സെക്രട്ടറിയും ചേർന്ന് ആദരിച്ചു. ആദരവിന് അദ്ദേഹം മറുപടി പ്രസംഗവും നടത്തി. ആഘോഷ പരിപാടികൾക്ക് ജില്ലാ പ്രസിഡണ്ട് ശ്രീ ദീപേഷ് ഇളയത് , ജില്ല വനിതാ വേദി പ്രസിഡണ്ട് കൂടിയായ മുതിർന്ന ശാഖാ ശ്രീമതി ശാന്ത വാസുദേവൻ, കേന്ദ്ര സമിതി അംഗവും ശാഖാംഗവുമായ ശ്രീമതി ശ്രീജ പരമേശ്വരൻ, ജില്ലാ നിരീക്ഷക ശ്രീമതി ദേവകി ചെമ്പൂക്കാട്ട്, ശ്രീമതി.സ്മിത ദീപേഷ് എന്നിവർ ആശംസകൾ അർപ്പിച്ചു.

പുതുതായി ഡോക്ടറേറ്റ് നേടിയ ശാഖയിലെ ഡോക്ടർ ശീതൾ ചേടപുറത്തിനെയും, തൃപ്രയാർ ബ്ലാഹയിൽ ഇല്ലത്ത് ഡോക്ടർ രോഹിണി ശ്രീജിത്തിനെയും മെമെന്റോ നൽകി ആദരിച്ചു. മെട്രിക്കുലേഷൻ പരീക്ഷ ഉന്നത നിലയിൽ വിജയിച്ച കുറ്റിക്കാട്ടുകാവ് ഇല്ലത്ത് കുമാരി അദിതി പ്രസാദിന് ക്യാഷ് പ്രൈസ് നൽകി അഭിനന്ദിച്ചു. ചെങ്ങഴശ്ശേരി ഇല്ലത്ത് കുമാരി ശ്രീലക്ഷ്മിയ്ക്കുള്ള പുരസ്കാരം അവരുടെ അഭാവത്തിൽ പിന്നീട് നൽകുന്നതിനായി തീരുമാനിച്ചു. തുടർന്ന് നടന്ന കലാപരിപാടികളിൽ മുഴുവൻ അംഗങ്ങളും സജീവമായി തന്നെ പങ്കെടുത്തു. ഭജനയും, വഞ്ചിപ്പാട്ടും, സോപാന സംഗീതവും, കഥകളി സംഗീതവും, ഇടയ്ക്ക വാദ്യവും, ഭഗവത് ഗീത പാരായണവും, ഗാനങ്ങളും, വനിതാവേദിയുടെ തിരുവാതികളിയും കൊണ്ട് കലാപരിപാടികൾ ഗംഭീരമാക്കി. ഇതിൽ എടുത്തു പറയേണ്ടത് ശാഖയിലെ വളരെ ചെറിയ അംഗമെന്ന നിലയ്ക്ക് തൃപ്രയാർ ബ്ലാഹയിൽ ഇല്ലത്ത് ശ്രീജിത്തിന്റെയും രോഹിണിയുടെയും മകളായ കുമാരി ജാനകി ശ്രീജിത്ത് നടത്തിയ ആക്ഷൻ സോങ് ആയിരുന്നു

തുടർന്ന് വിഭവസമൃദ്ധമായ ഓണസദ്യ ഉണ്ടായിരുന്നു. പുതുതായി സമാജത്തിൽ അംഗത്വമെടുത്ത അംഗങ്ങളെ യോഗത്തിൽ പരിചയപ്പെടുത്തി. ശാഖാ ട്രഷറർ ശ്രീ തത്ത മംഗലത്തില്ലത്ത് രാജൻ ഇളയതിന്റെ കൃതജ്ഞതയോടെ സമാപിച്ചു. അഞ്ചു മണിയോടുകൂടി ഐക്യമത്യ സൂക്തത്തോടുകൂടി വാർഷികാഘോഷത്തിന് തിരശ്ശീല വീണു

**തുറവൂർ ശാഖ**

മലയാള ബ്രാഹ്മണ സമാജം തുറവൂർ ശാഖയുടെ ഓണാഘോഷവും കുടുംബസംഗമവും 2024 സെപ്റ്റംബർ 22 നു കുമ്പളം കണ്ണ മംഗലത്തില്ലത്ത് വച്ച് നടന്നു. ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് കൊണ്ട് ശാഖാ പ്രസിഡന്റ് മുരളീധരൻ നമ്പൂതിരി പതാക ഉയർത്തി. സെക്രട്ടറി അരവിന്ദ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശാഖാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഈശ്വരപ്രാർത്ഥന, ആചാര്യവന്ദനം, അനുസ്മരണം എന്നിവയ്ക്ക് ശേഷം സെക്രട്ടറി യോഗത്തിനു എത്തിച്ചേർന്നവർക്ക് സ്വാഗതം ആശംസിച്ചു. ശാഖയിലെ മുതിർന്ന അംഗവും ആചാര്യനുമായ പരമേശ്വരൻ ഇളയത് ഭദ്രദീപം കൊളുത്തി യോഗം ഉത്ഘാടനം ചെയ്തു. ചോമായിൽ ഇല്ലത്ത് സി. വി. രാധാകൃഷ്ണൻ, സുധാകുമാരി എന്നിവരുടെ ആശംസാപ്രസംഗത്തിനു ശേഷം അംഗങ്ങളുടെ വിവിധ കലാപരിപാടികൾ നടന്നു. തുടർന്ന് വിഭവസമൃദ്ധമായ ഓണസദ്യ നടന്നു. ഉച്ചക്കു ശേഷം വിവിധ മത്സരങ്ങളും, തുറവൂർ സുദർശനയുടെ തിരുവാതിരകളിയും നടത്തപ്പെട്ടു. വിജയികൾക്കും, കുട്ടികൾക്കും സമ്മാനദാനം ശാഖാ ട്രഷററും സുധാകുമാരിയും ചേർന്ന് നിർവ്വഹിച്ചു. ജില്ലാ ട്രഷററും ശാഖാ അംഗവുമായ ദാമോദരശർമ്മ ഓണാഘോഷ പരിപാടിയിൽ പങ്കെടുത്തവർക്കും യോഗത്തിനു ആതിഥേയരായ ഇല്ലത്തെ കുടുംബാംഗങ്ങൾക്കും കൃതജ്ഞത അറിയിച്ചു. തുടർന്ന് ഐകമത്യസൂക്തത്തോടെ യോഗം അവസാനിച്ചു.

**ചേർത്തല ശാഖ**

മലയാള ബ്രാഹ്മണ സമാജം ചേർത്തല ശാഖയുടെ വാർഷികവും കുടുംബസംഗമവും ഓണാഘോഷവും 2024 സെപ്റ്റംബർ 22 നു താമരശേരി ഇല്ലത്ത് ഹരിലാലിന്റെ വസതിയിൽ വച്ച് നടന്നു. പതാക ഉയർത്തൽ, പ്രതിജ്ഞ എന്നിവ ശാഖാ പ്രസിഡന്റ് ശ്രീമതി വത്സല കുമാരി നിർവഹിച്ചു. തുടർന്ന് പുല്ലയിൽ ഇല്ലം പ്രഭാകരൻ നമ്പൂതിരി, താമരശേരി ഇല്ലം ഇന്ദിര ദേവി അന്തർജ്ജനം എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി. ഓണാഘോഷ പരിപാടികളുടെ ഉത്ഘാടനം ഞആട മുൻ കേന്ദ്ര പ്രസിഡന്റ് പ്രൊഫ. കെ ബാലചന്ദ്രശർമ്മ നിർവഹിച്ചു . തുടർന്ന് അംഗങ്ങളുടെ വിവിധ കലാപരിപാടികൾ, മത്സരങ്ങൾ, തിരുവാതിരകളി തുടങ്ങിയവയും, ഓണസദ്യയും നടത്തി. ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിച്ച വാർഷിക പൊതുയോഗത്തിനു



ശാഖാ പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. MBS കേന്ദ്ര വൈസ് പ്രസിഡന്റ് രവീന്ദ്രൻ പി ഇളയത് യോഗം ഉത്ഘാടനം ചെയ്തു. തുടർന്ന് വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു. കേന്ദ്രസമിതി അംഗം മുകുന്ദൻ, ഗൃഹനാഥൻ ഹരിലാൽ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. SSLC, Plus 2 തലങ്ങളിൽ ഉന്നതവിജയം നേടിയവരെ ആദരിക്കുകയും, മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങളും നൽകി. വനിതാവേദി അംഗം സൗമ്യയുടെ കൃതജ്ഞതയ്ക്ക് ശേഷം ഐകമത്യസൂക്ത ജപത്തോടെ യോഗം അവസാനിച്ചു.

**വൈക്കം ശാഖ**

മലയാളബ്രാഹ്മണസമാജം വൈക്കം ശാഖയുടെ രാമായണ മാസാചരണവും മാസ പൊതുയോഗവും 28/7/24 ഞായറാഴ്ച രാവിലെ മുതൽ കല്ലറകോലത്തില്ലത്ത് ശ്രീ കെ എസ് ശങ്കരൻ ഇളയതിന്റെ വസതിയിൽ വച്ച് നടന്നു. കൃത്യം 9 മണിയ്ക്ക് തന്നെ സഹസ്രനാമജപത്തോടെ യോഗനടപടികൾ ആരംഭിച്ചു. ആദരണീയനായ ശാഖ പ്രസിഡന്റെ ശ്രീ കെ.എസ് ശങ്കരൻ ഇളയത് യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. പതിവു യോഗനടപടികൾക്കു ശേഷം കോട്ടയം ജില്ലാ പ്രസിഡന്റെ ബ്രഹ്മശ്രീ കേശവൻ ഇളയത് യോഗം ഔദ്യോഗികമായി ഉത്ഘാടനം ചെയ്തു സംസാരിച്ചു. ശാഖാംഗങ്ങളുടെ രാമായണ പാരായണം, കീർത്തനാലാപനം എന്നിവയ്ക്ക് ശേഷം ശ്രീ ഗോവിന്ദ് മണക്കാട്ടില്ലത്തിന്റെ പ്രഭാഷണം നടന്നു. ഉച്ചഭക്ഷണത്തിന് ശേഷം ശാഖയുടെ ജൂലൈ മാസത്തെ പൊതുയോഗവും ശക്തമായ ചർച്ചകളോടെ നടന്നു. 4 മണിയ്ക്ക് ഐകമത്യ സൂക്തം ചൊല്ലി യോഗം നടപടികൾ അവസാനിച്ചു.



മലയാള ബ്രാഹ്മണ സമാജം വൈക്കം ശാഖയുടെ ഓണാഘോഷവും കുടുംബ സംഗമവും 2024 സെപ്റ്റംബർ 29 (ഞായറാഴ്ച) കല്ലറ പെരുംതുരുത്ത് ഇടമന ഇല്ലത്ത് (ശ്രീ. നാരായണൻ ഇ വി യുടെ വസതി) വച്ച് ശാഖാ പ്രസിഡന്റ് ശ്രീ കെ.എസ്. ശങ്കരൻ ഇളയതിന്റെ അദ്ധ്യക്ഷ തയിൽ നടന്നു. ശാഖ സെക്രട്ടറി ശ്രീമതി. മായ കെ.എൻ. സ്വാഗതം പറഞ്ഞ യോഗ ത്തിൽ കേന്ദ്ര പ്രസിഡന്റ് ബ്രഹ്മശ്രീ ടി വി നാരായണ ശർമ്മ ഓണസന്ദേശം നല്കി, ജില്ലാ സെക്രട്ടറി ബ്രഹ്മശ്രീ ടി എസ് ശ്രീകുമാർ, കേന്ദ്ര സമിതി അംഗവും സമഗ്ര വികസന സമിതി കൺവീനറുമായ ബ്രഹ്മശ്രീ ചന്ദ്രഗുപ്തൻ ഇളയത്, ജില്ലാ സമിതി അംഗം ബ്രഹ്മശ്രീ ഇവി വാസുദേവൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്ന് ശാഖാ അംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.

**ആലുവ ശാഖ**

ഓണാഘോഷവും, സെപ്റ്റംബർ മാസത്തെ പൊതുയോഗവും 2024 സെപ്റ്റംബർ 29 ഞായറാഴ്ച, ആലങ്ങാട് പെരുന്തോട്ടത്ത് ഇല്ലം വക കൃഷ്ണപുരം സന്താനഗോപാല മൂർത്തി ക്ഷേത്ര ഊട്ടുപുരയിൽ വച്ച് നടന്നു. രാവിലെ 10 മണിക്ക് ശാഖാ അദ്ധ്യക്ഷൻ രാജേഷ് KN ,ഓണാഘോഷം വിളക്കു കൊളുത്തി ഉത്ഘാടനം ചെയ്തു. കുട്ടികൾ മനോഹരമായ പൂക്കളം ഒരുക്കി. പൊതുയോഗത്തിന്റെ തുടർച്ചയായി ഓണാഘോഷം നടന്നു. ശാഖയിലെ യുവജനവേദിയും, ബാലവേദിയും, മുതിർന്നവരും അവതരിപ്പിച്ച കലാപരിപാടികൾ ഓണാഘോഷത്തിന്റെ മാറ്റുകൂട്ടി. ഉച്ചയ്ക്ക് ഗംഭീര ഓണ സദ്യയും ഉണ്ടായിരുന്നു. വൈകിട്ട് 4.30 ന് ഐകമത്യ സൂക്തത്തോടെ ഓണാഘോഷവും പൊതുയോഗവും സമാപിച്ചു



മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ഓണാഘോഷ പരിപാടിയിലേക്ക് തൃശ്ശൂർ ജില്ലയിൽ നിന്നും ഓണക്കോടി എന്ന ഷോർട്ട് ഫിലിമിന്റെ രചനയും സംവിധാനവും നിർവഹിച്ച ശ്രീ വൈശാഖ് മാധവിന് ജില്ല സമ്മിതിയുടെ ഒരു സ്നേഹ സമ്മാനം ഓണക്കോടി നൽകുന്നു.



ബ്രഹ്മശ്രീയിൽ പ്രസിദ്ധീകരിച്ച പദപ്രശ്നം 31ൽ വിജയികളായവരിൽ നിന്നും നറുക്കെടുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഗിരിജ എൻ നമ്പൂതിരി (വടുതലയിൽ ഇല്ലം, ആണ്ടൂർ ശാഖ)ക്കുള്ള പുരസ്കാരം, സ്പോൺസററായ പദപ്രശ്നം തയ്യാറാക്കിയ ബ്രഹ്മശ്രീ ഓമനക്കുട്ടൻ, പുതുശ്ശേരിൽ ഇല്ലം നൽകുന്നു. ബ്രഹ്മശ്രീ മാനേജിങ് എഡിറ്റർ ബാബുകുമാർ, വി എൻ ടി നമ്പൂതിരി (ഫിനാൻസ് മാനേജർ) എന്നിവരുടെ സാന്നിധ്യത്തിൽ 2024 സെപ്റ്റംബർ 7 നായിരുന്നു ആണ്ടൂരിൽ വച്ച് ചടങ്ങ് നടന്നത്.

## ഞാനും ജപിച്ചത് നാമമല്ലേ

ഞാനും ജപിച്ചത് നാമമല്ലേ
പാദം ഭജിച്ചത് നിന്റെയല്ലേ
നല്ല കഥകളും ചൊല്ലിയില്ലേ
കന്മഷമെല്ലാമകറ്റീടണേ

വേദവിചാരം ഉണർത്തിയില്ലേ
ധ്യാനരസങ്ങൾ നുകർന്നതല്ലേ
മന്ദാരമാലകൾ ചാർത്തിയില്ലേ
കർത്തവ്യബോധമരുളേണമേ

കാവ്യപദത്താൽ സ്തുതിച്ചതല്ലേ
നാണം മറന്നന്നു പാടിയില്ലേ
അർച്ചാമിഷേണ നീ നിന്നതല്ലേ
ലക്ഷ്യമായെന്നിലലിഞ്ഞീടണേ

നിന്റെ സാമീപ്യം കൊതിച്ചതല്ലേ
നിന്നെ പ്രദക്ഷിണം വച്ചതല്ലേ
നീർമിഴിയാൽ പൂജ ചെയ്തതല്ലേ
നിർദ്ദോഷലോകത്തെ നൽകീടണേ

സെൻ

## പദപ്രശ്നം 33 ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 ലം | 2 കാ | ന്താ | രം | ങ്കാ | ല 3 | അ 4 |
| 5 വാ | 6 ശി | 7 താ | 8 മി | ത്രം | 9 ശ്രീ | ത്രി |
| 10 കാ | ത | 11 ര | 12 തി | 13 മു | രാ | രി |
| തം | 14 വാ | ത്തം | 15 മി | 16 നി | മ | 17 ധ |
| 18 ദൂ | ര | ദ | 19 ശ | ർ | ൻ | ന്വ |
| 20 ഘ | ടം | 21 വ | യ | മ്പ് | 22 ത | ന്ത |
| 23 മേ | 24 ലാ | 25 ദേ | 26 വ | 27 നാ | 28 ഗ | രി |

### പദപ്രശ്നം 33 ശരിയുത്തരം അയച്ചവർ

1. ശ്രീകുമാർ തുരുത്തിയിൽ ഇല്ലം കുറവിലങ്ങാട്.
2. ദോ ഹരിശർമ്മ-തോട്ടത്തിൽ ഇല്ലം ആണ്ടൂർ
3. പ്രഭ കേശവൻ-തൈക്കാട്ടില്ലം കോട്ടയംടൗൺ
4. ഉഷാദേവി നീലകണ്ഠൻ- ശ്രീശൈലം കുറവിലങ്ങാട്
5. ഗീതാ-മൈമ്പള്ളി തൃശ്ശൂർ
6. ദേവർഷ- തുരുത്തിയിൽ ഇല്ലം കുറവിലങ്ങാട്
7. രജേശ്വരി കെ പി-ചാത്തേടത്തില്ലം കൊടുങ്ങല്ലൂർ
8. വിനോദ് വി എൻ- തെക്കിനാട്ടില്ലം കുറവിലങ്ങാട്
9. കെ പി തങ്കമ്മ- തത്തമംഗലത്തില്ലം ചേർത്തല
10. ഗൗതം വി എസ് - കുന്നേക്കാട്ടില്ലം ഗുരുവായൂർ
11. സുശീല രാജൻ- മാപ്പോംപിള്ളി ഇല്ലം, ഇടപ്പള്ളി
12. ദേവിക- മന്ദോമ്പിള്ളിൽ ഇല്ലം, പോണേക്കര
13. രാജേഷ് കുമാർ കെ വി- കുഴിക്കാട്ടില്ലം, അങ്കമാലി
14. എൻ സുധാദേവി- കല്ലാർവേലി ഇല്ലം, മണിമല


# വീട്ടുജോലിക്ക് ആളെ ആവശ്യമുണ്ട്

ഒരു വെജിറ്റേറിയൻ കുടുംബത്തിലേക്ക് താമസിച്ച് വീട്ടുജോലിക്ക് ബാദ്ധ്യതകൾ ഇല്ലാത്ത സ്ത്രീയെ ആവശ്യമുണ്ട് (പ്രായം 40 ന് മുകളിൽ )

ബന്ധപ്പെടേണ്ട നമ്പർ
**+91 94463 02979**

# നവതി സ്മരണിക
## മത്സരങ്ങൾ , സംവാദം

മലയാള ബ്രാഹ്മണ സമാജം നവതി ആഘോഷങ്ങളുടെ ഭാഗമായി സമാജാംഗങ്ങൾക്കായി ബ്രഹ്മശ്രീ ചെറുകഥ , കവിതാ , മത്സരങ്ങൾ നടത്തുന്നു. രണ്ടു വിഭാഗങ്ങൾ ആയി നടത്തുന്ന മത്സരങ്ങളുടെ വിശദ വിവരങ്ങൾ താഴെ ക്കൊടുക്കുന്നു.

**വിഭാഗം 1. – പ്രായം 18 വയസ്സിനു താഴെ**

**വിഭാഗം 2 – പ്രായം 18 വയസ്സിനു മുകളിൽ**

**ചെറുകഥ :**

ബ്രഹ്മശ്രീയുടെ നാല് പുറത്തിൽ കവിയരുത്. വിഷയം എന്തുമാകാം .

**കവിത:**

ഭാഷാ വൃത്തത്തിലോ സംസ്കൃത വൃത്ത ത്തിലോ എഴുതിയത് ആകണം.

പരമാവധി 32 വരികൾ . വിഷയം എന്തുമാകാം .

വിജയികൾക്കുള്ള സമ്മാനങ്ങൾ നവതി സമ്മേ ളന വേദിയിൽ വച്ച് നൽകും . സമ്മാനാർഹ മായതും നിലവാരമുള്ളതുമായ രചനകൾ നവതി സ്മരണികയിൽ ഉൾക്കൊള്ളിക്കുന്ന തുമായിരിക്കും.

ഈ മത്സരങ്ങളോടൊപ്പം **സമസ്യാപൂരണ മത്സരവും പദപ്രശ്ന മത്സരവും** കൂടി ഉണ്ടാകും. അതിന്റെ വിവരങ്ങൾ അടുത്ത ലക്കത്തിൽ.

**സംവാദം**

വിഷയം : **ബ്രാഹ്മണ ജീവിത ശൈലി മാതൃകാ പരമോ? കാലം വരുത്തുന്ന അനിവാര്യമായ വ്യതിയാനങ്ങളും അനുഷ്ഠാന ലോപങ്ങളും ഈ ജീവിതരീതിയുടെ വ്യത്യസ്തതയും മഹ ത്ത്വവും ഇല്ലാതാക്കുന്നുവോ? പരിഹാര മുണ്ടോ?**

ബ്രഹ്മശ്രീയുടെ അരപ്പേജ് മുതൽ രണ്ടു പേജ് വരെ ആകാം വലിപ്പം.

**ഇതും ശ്രദ്ധിക്കുക............**

സ്മരണികയിലെ എല്ലാ രചനകളോടൊപ്പവും രചയിതാവിന്റെ ഫോട്ടോ കൂടി ചേർക്കണം എന്നാണ് ആഗ്രഹിക്കുന്നത്. രചനകൾ അയക്കുന്നവരും സംവാദത്തിൽ പങ്കെടുക്കുന്ന വരും ഫോട്ടോ കൂടി അയക്കുക.

എല്ലാ രചനകളും ടൈപ്പ് ചെയ്ത്, തെറ്റ് തിരുത്തി എഡിറ്റ് ചെയ്യാവുന്ന ഫോർമാറ്റിൽ അയക്കണം. Pdf ഫോർമാറ്റിൽ അയക്കാൻ പാടില്ല.

ചെറുകഥ , കവിതാ മത്സരങ്ങളിലേക്കുള്ള സൃഷ്ടികൾ ലഭിക്കേണ്ട അവസാന തീയതി 2025 ജനുവരി 31. മത്സരങ്ങൾക്കുള്ള രചനകളെല്ലാം ബ്രഹ്മശ്രീ ഇ – മെയിൽ വിലാസത്തിൽ മാത്രം അയക്കേണ്ടതാണ്. മത്സര വിഭാഗവും രചയിതാവിന്റെ മേൽവിലാസവും ഫോൺ നമ്പറും കൃത്യമായി മെയിലിൽ ചേർക്കുവാൻ ശ്രദ്ധിക്കുക .

വ്യത്യസ്തവും നിലവാരമുള്ളതും വിജ്ഞാന പ്രദവും രസനിഷ്യന്ദിയുമായ ഒരു സ്മരണി കയെ വായനക്കാരുടെ കൈകളിൽ എത്തിക്കാ നാണ് അണിയറപ്രവർത്തകരുടെ ശ്രമം. എല്ലാ സമാജാംഗങ്ങളുടെയും പൂർണ സഹകരണം, സാഹിത്യ സംഭാവനകളായും പരസ്യ ശേഖരണ പങ്കാളിത്തമായും പ്രതീക്ഷിക്കുന്നു.

## സ്മരണിക, 2025

പ്രിയ വായനക്കാരെ

മലയാള ബ്രാഹ്മണ സമാജം നവതി ആഘോഷങ്ങളുടെ ഭാഗമായി ബ്രഹ്മശ്രീ **''നവതീതിലകം''** എന്ന പേരിൽ സ്മരണിക, 2025 മെയ് മാസത്തിൽ നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ പുറത്തിറക്കുന്നു. ആയതിലേക്ക് ആവശ്യമായ പരസ്യങ്ങൾ സംഘടിപ്പിക്കുന്നതിനു എല്ലാവരുടെയും ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പരസ്യ നിരക്കുകൾ താഴെ പറയുന്നു

| | | | | | |
|---|---|---|---|---|---|
| Back Cover | - | 20000 | Front/Back inner | - | 15000 |
| Inner Full Page | - | 6000 | Inner Half Page | - | 3000 |
| Inner Quarter Page | - | 1500 | Aashamsakal | - | 1000 |

പരസ്യങ്ങൾ നൽകുന്ന വ്യക്തിക്ക്/ ശാഖയ്ക്ക് 10% കമ്മീഷൻ നൽകുന്നതാണ് (ആശംസ പരസ്യങ്ങൾ ഒഴികെ)


പത്രാധിപസമിതി



## വേളി 5-9-2024

### മനോജ് & വിദ്യ

കാക്കശ്ശേരി മൈമ്പിള്ളി ഇല്ലത്ത്
ശ്രീ ശ്രീകൃഷ്ണൻ ഇളയതിന്റെയും
ശ്രീമതി പ്രേമ അന്തർജനത്തിന്റെയും
പുത്രൻ മനോജും
പെരുമ്പാവൂർ ഐരാപുരം
തുരുത്തി ഇല്ലത്ത്
ശ്രീ രാമൻ ഇളയതിന്റെയും
ശ്രീമതി സത്യഭാമ അന്തർജനത്തിന്റെയും
പുത്രി വിദ്യയും തമ്മിലുള്ള വേളി
2024 സെപ്റ്റംബർ 5 ന്
ഗുരുവായൂർ തിരുവെങ്കിടം
ടി ടി ഡി കല്യാണമണ്ഡപത്തിൽ വച്ച്
മംഗളമായി നടന്നു




## ഷഷ്ട്യബ്ദപൂർത്തി

തുറവൂർ ശാഖ മാന്താനത്തില്ലത്ത്
ബ്രഹ്മശ്രീ കെ.പി. രഘുനാഥന്റെ
സഹധർമ്മിണി
ശ്രീമതി ഗീതാകുമാരിയുടെ
ഷഷ്ട്യബ്ദപൂർത്തി 23.10.2024ന്
ആഘോഷിച്ചു



## വിവാഹവാർഷികം

25/8/2024ന് അമ്പതാം വിവാഹ
വാർഷികം ആഘോഷിച്ച തുറവൂർ
ശാഖ മാന്താനത്തില്ലത്ത് ബ്രഹ്മശ്രീ
കെ. പരമേശ്വരൻ ഇളയതും
ശ്രീമതി എസ്. സുധാകുമാരിയും





Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)